# ദൈവത്തിന്റെ നാമങ്ങൾ

## പ്രഭാതപ്രാർത്ഥനാ സമയ പരമ്പര

ആമുഖം
ദിനം 1: ഹക്കവോദ് ഹാശെം: മഹത്തായ നാമം ...................... ☐
ദിനം 2: എലോഹിം: ദൈവം, ശക്തനായ സ്രഷ്ടാവ് ............... ☐
ദിനം 3: എൽ റോയ്: എന്നെ കാണുന്ന ദൈവം ........................ ☐
ദിനം 4: എൽ ഷഡായ്: സർവ്വശക്തനായ ദൈവം .................... ☐
ദിനം 5: എൽ ഒലാം: നിത്യനായ ദൈവം .................................. ☐
ദിനം 6: യാഹ്‌വേ യിരേ: യഹോവ നല്കും .............................. ☐
ദിനം 7: യാഹ്‌വേ: യഹോവ ........................................................ ☐
ദിനം 8: അഡോണായ്: കർത്താവ്, യജമാനൻ .......................... ☐
ദിനം 9: യാഹ്‌വേ റാഫാ: സൗഖ്യം നല്കുന്ന കർത്താവ് ........ ☐
ദിനം 10: യാഹ്‌വേ നിസ്സി: കർത്താവ് എന്റെ ജയക്കൊടി .......... ☐
ദിനം 11: എൽ ഖാനാ: അസൂയാലുവായ ദൈവം ...................... ☐
ദിനം 12: ഖാദോശ് യിസ്രായേൽ: ഇസ്രായേലിന്റെ പരിശുദ്ധൻ ☐
ദിനം 13: യാഹ്‌വേ ശാലോം: യഹോവയാണ് സമാധാനം ......... ☐
ദിനം 14: യാഹ്‌വേ സെബേയോത്: സൈന്യങ്ങളുടെ കർത്താവ് ☐
ദിനം 15: യാഹ്‌വേ ത്സുരി: കർത്താവ് എന്റെ പാറ ..................... ☐
ദിനം 16: യാഹ്‌വേ റാഹ്: കർത്താവ് എന്റെ ഇടയൻ ................. ☐
ദിനം 17: യാഹ്‌വേ മെലെഖ്: രാജാവായ യാഹ്‌വേ .................... ☐
ദിനം 18: ഇസ്സി: എന്റെ ഭർത്താവ് .................................................. ☐
ദിനം 19: എൽ ഛായി: ജീവിക്കുന്ന ദൈവം ............................... ☐
ദിനം 20: മാഷെഹ്, മിസ്ഗാബ്: അഭയസ്ഥാനം, കോട്ട ............. ☐
ദിനം 21: യാഹ്‌വേ ശഫാത്: ദൈവം നമ്മുടെ ന്യായാധിപൻ ...... ☐
ദിനം 22: മിഖ്‌വേ ഇസ്രായേൽ: ഇസ്രായേലിന്റെ പ്രത്യാശ ....... ☐
ദിനം 23: പെലെ യോവെസ്: അത്ഭുത മന്ത്രി .............................. ☐
ദിനം 24: യാഹ്‌വേ സിദ്കേനു: ദൈവം നമ്മുടെ നീതി ............... ☐
ദിനം 25: എൽ ഇല്യൻ: അത്യുന്നതനായ ദൈവം ...................... ☐
ദിനം 26: യാഹ്‌വേ ശമ്മാ: യഹോവ അവിടെ .............................. ☐
ദിനം 27: മായെൻ മിംഹിയിം: ജീവജലത്തിന്റെ ഉറവ ................ ☐
ദിനം 28: ഗോഎൽ: എന്റെ വീണ്ടെടുപ്പുകാരൻ ............................ ☐
ദിനം 29: അബ്ബാ, പിതാവേ ............................................................ ☐
ദിനം 30: ഇമ്മാനുവേൽ: ദൈവം നമ്മോടുകൂടെ ......................... ☐
ദിനം 31: ലോഗോസ്: വചനം ........................................................ ☐
ഉപസംഹാരം

ഇന്ത്യൻ ചർച്ച് ഓഫ് ക്രൈസ്റ്റ് - കേരളാ റീജിയൻ
ജനുവരി 2025

# ആമുഖം

തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുമ്പോൾ യേശു ഇപ്രകാരമാണ് തുടങ്ങിയത്: *“അതുകൊണ്ട് നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കണം: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം വിശുദ്ധീകരിക്കപ്പെടേണമേ;”* (**മത്തായി 6:9**)

“വിശുദ്ധീകരിക്കപ്പെടുക”യെന്നാൽ “ശുദ്ധിയുള്ളതാക്കപ്പെടുക”, “ഉഴിഞ്ഞുമാറ്റിവയ്ക്കുക”, “പരിശുദ്ധമാക്കുക” എന്നൊക്കെയാണ് അർത്ഥം. സ്വർഗ്ഗസ്ഥനായ പിതാവിന്റെ നാമം വിശുദ്ധീകരിക്കപ്പെടണമെന്നു പ്രാർത്ഥിക്കാനാണ് യേശു ശിഷ്യന്മാരെ പഠിപ്പിച്ചത്.

“വിശുദ്ധീകരിക്കപ്പെടുക” എന്ന വാക്ക് **1 പത്രോസ് 3:15**ലും നമുക്കു കാണാം: *“നിങ്ങളുടെ ഹൃദയങ്ങളിൽ ക്രിസ്തുവിനെ കർത്താവായി മഹത്ത്വീകരിപ്പിൻ”*. ഇവിടെ ഇതേ വാക്കിനെ “മഹത്ത്വീകരിപ്പിൻ” എന്ന അർത്ഥത്തിലാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ *“അങ്ങയുടെ നാമം വിശുദ്ധീകരിക്കപ്പെടേണമേ”* എന്ന് യേശു പഠിപ്പിച്ചപ്പോൾ; മറ്റെന്തിനേക്കാളും ഉപരിയായി ദൈവത്തിന്റെ നാമം ആദരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്യണമെന്നു പ്രാർത്ഥിക്കാനാണ് യേശു ശിഷ്യന്മാരെ പഠിപ്പിച്ചത്.

യേശുവിന്റെ ഈ അപേക്ഷയോട് ദൈവം എപ്രകാരം പ്രതികരിച്ചുവെന്ന് ഫിലിപ്പിയർക്കുള്ള ലേഖനത്തിലൂടെ പൗലോസ് വ്യക്തമാക്കുന്നു.

**ഫിലിപ്യർ 2:9-11**

*“[9]അതിനാൽ ദൈവം അദ്ദേഹത്തെ ഏറ്റവും അധികം ഉയർത്തി, എല്ലാ നാമത്തിനും മേലായ ഒരു നാമം അവിടുത്തേക്കു നല്കി. [10]തന്മൂലം സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ഉള്ള എല്ലാ മുഴങ്കാലും യേശുവിന്റെ നാമത്തിങ്കൽ മടങ്ങുകയും [11]എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്നു പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി ഏറ്റു പറയുകയും ചെയ്യും.”*

സകല നാമങ്ങൾക്കും മീതെയായി യേശുവിന്റെ നാമത്തെ പിതാവായ ദൈവം ഉയർത്തുകയും സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലരും യേശുവിന്റെ നാമത്തിനുമുമ്പിൽ മുട്ടുമടക്കുമാറാക്കുകയും ചെയ്തു. പിതാവായ ദൈവത്തിന്റെ നാമമഹത്വത്തിനുവേണ്ടിയാണ് ഇതു ചെയ്തത്.

മനുഷ്യവ്യക്തികൾക്ക് ഓരോരുത്തർക്കും ഒരു പേരുണ്ട്, മറ്റുള്ളവരിൽനിന്നും അവരെ തിരിച്ചറിയാനായി. എന്നാൽ ദൈവം ഒരുവൻ മാത്രമാണ്, മറ്റൊരു പകരക്കാരനില്ല. അവിടുത്തേക്ക് ഒരു നാമത്തിന്റെ ആവശ്യമുണ്ടോ? വേദപുസ്തകത്തിൽ ദൈവത്തിനു നല്കിയിട്ടുള്ള നാമങ്ങൾ പരിശോധിക്കുമ്പോൾ; ദൈവത്തിന്റെ പ്രകൃതത്തെയോ ഗുണഗണങ്ങളെയോ സ്വഭാവസവിശേഷതകളെയോ ഒക്കെ ചൂണ്ടിക്കാണിക്കുന്ന ആശയപ്രകടനമാണ് അവയെല്ലാം.

“ദൈവനാമങ്ങളെ”ക്കുറിച്ചുള്ള ഈ പ്രഭാതപ്രാർത്ഥനാ പരമ്പര, ഓരോദിവസവും ദൈവത്തിന്റെ ഒരു നാമത്തെ/സ്വഭാവസവിശേഷതയെക്കുറിച്ചു ധ്യാനിക്കാൻ നമ്മെ സഹായിക്കും. ഓരോ ദിവസവും നല്കിയിട്ടുള്ള നാമത്തെക്കുറിച്ചു ധ്യാനിക്കാനും അതിന്റെ അർത്ഥം മനസ്സിലാക്കി ദൈവത്തെ കൂടുതൽ അറിയുവാനും നമുക്കു കഴിയും. അതുപ്രകാരം ഇത്രയും കാലം നമുക്കുണ്ടായിരുന്നതിനേക്കാൾ ഭക്തിയും സ്നേഹവും ദൈവത്തോടു പ്രകടിപ്പിക്കാനുമാകും.

ദൈവത്തെക്കുറിച്ച് ആഴത്തിലുള്ള ഒരു അവബോധം നിങ്ങൾക്കുണ്ടാവുകയും, ദൈവവുമായുള്ള നിങ്ങളുടെ യാത്ര കൂടുതൽ ആസ്വാദ്യമാവുകയും ചെയ്യുമാറാകട്ടെ എന്നാണ് ഞങ്ങളുടെ പ്രാർത്ഥന.

ഈ പരമ്പരയിൽ നല്കിയിട്ടുള്ള എല്ലാവചനങ്ങളും എടുത്തുപയോഗിച്ചിരിക്കുന്നത് “The Holy Bible”, New International Bible Version; printed and published by: International Bible Society, India എന്ന വിശുദ്ധവേദപുസ്തകത്തിന്റെ മലയാളം പരിഭാഷയിൽനിന്നുമാണ്, വേറെ സൂചനകൾ നല്കിയിട്ടില്ലെങ്കിൽ. (NIBV, 2000) എന്ന പരിഭാഷാസൂചനയാണ് ഇവിടെനിന്നും മുന്നിലേക്ക് ഉപയോഗിച്ചിരിക്കുന്നത്.

ദിനം 1

# ഹക്കവോദ് ഹാശെം: മഹത്തായ നാമം
## (HAKAVOD HASHEM: The Glorious Name)

ദൈവത്തിന്റെ മഹത്തായ നാമത്തിന്റെ അത്യുന്നതിയും ബഹുമതിയും ആദരവുമെല്ലാം പ്രതിഫലിക്കുന്ന ഒരു ശീർഷകമാണ് "ഹക്കാവോദ് ഹാശെം" എന്നത്. "കവോദ്" എന്ന വാക്കിന് "മഹത്വം", "കനം" എന്നിങ്ങനെയുള്ള അർത്ഥമാണുള്ളത് - ഭയാദരവുണർത്തുന്ന ദൈവസാമീപ്യത്തെ സൂചിപ്പിക്കുന്ന വാക്കാണിത്. (ആവർത്തനം 28:58). "ഹ" എന്ന വാക്ക് ഒരു സൂചികയാണ്, ഇംഗ്ലീഷ് ഭാഷയിലെ "the" എന്ന പ്രയോഗംപോലെ. അതിനാൽ "ഹകവോദ്"എന്ന വാക്കിനെ "മഹത്വം" (the glory) എന്നു പരിഭാഷപ്പെടുത്താനാകും. "ഹാശെം" എന്നാൽ നാമം എന്നാണ് അർത്ഥം. ആകയാൽ, ഹീബ്രൂഭാഷയിലെ "ഹക്കാവോദ് ഹാശെം" എന്ന പ്രയോഗത്തിലൂടെ യാഹ്‌വേയുടെ നാമം മഹത്തായ നാമമാണെന്ന് പ്രഖ്യാപനം ചെയ്യപ്പെടുന്നു.

"ഹക്കാവോദ് ഹാശെം" എന്ന പദപ്രയോഗം ദൈവത്തിന്റെ നാമമല്ല, പകരം, ദൈവനാമം അതിമഹത്തായ നാമമാണെന്ന് പ്രഖ്യാപിക്കുന്ന ഒരു പ്രയോഗമാണ്. പലവിധത്തിലുള്ള ദൈവനാമങ്ങളെക്കുറിച്ച് ധ്യാനിക്കുന്ന ഒരു പരമ്പരയിലൂടെയാണ് നാം കടന്നുപോകുന്നത്. ഓരോ നാമത്തിലൂടെയും നാം കടന്നുപോകുമ്പോൾ, നമ്മുടെ ദൈവം ഏകസത്യദൈവമാണെന്നും അവിടുത്തെ നാമം ഏറ്റവും ശ്രേഷ്ഠമായ ഒരു നാമമാണെന്നും നാം ഓർക്കേണ്ടത് അത്യന്തം പ്രധാനപ്പെട്ട ഒന്നാണ്.

**സങ്കീർത്തനം 24:7-10**
*"[7]വാതിലുകളേ, നിങ്ങളുടെ ശിരസ്സുയർത്തുവിൻ; പുരാതന കവാടങ്ങളേ, ഉയർന്നിരിപ്പിൻ; മഹത്ത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. [8]മഹത്ത്വത്തിന്റെ രാജാവു ആര്? ശക്തനും വീരനുമായ യഹോവ; യുദ്ധവീരനായ യഹോവതന്നേ. [9]വാതിലുകളേ, നിങ്ങളുടെ ശിരസ്സുയർത്തുവിൻ; പുരാതന കവാടങ്ങളേ, ഉയർന്നിരിപ്പിൻ; മഹത്ത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. [10]മഹത്ത്വത്തിന്റെ രാജാവു ആര്? സൈന്യങ്ങളുടെ യഹോവതന്നേ; അവിടുന്നാകുന്നു മഹത്ത്വത്തിന്റെ രാജാവ്."*

**ദൈവത്തിന്റെ മഹത്വത്തെക്കുറിച്ചു ധ്യാനിക്കുക:**
ദൈവത്തിന്റെ സൃഷ്ടികളുടെ ഉത്തുംഗതതന്നെ അവിടുത്തെ മഹത്വത്തിന്റെ ആഴം വിളിച്ചോതുന്ന ഒന്നാണ്.

**സങ്കീർത്തനം 19:1**
*"ആകാശം ദൈവത്തിന്റെ മഹിമയെ ഘോഷിക്കുന്നു; ആകാശവിതാനം അവിടുത്തെ കരവിരുതിനെ വിളംബരം ചെയ്യുന്നു."*

**റോമർ 1:20**
*"ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ അദൃശ്യമായ നിത്യശക്തിയും ദിവ്യസ്വഭാവവും അവിടുത്തെ സൃഷ്ടികളിലൂടെ കണ്ടുമനസ്സിലാക്കുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ട്. അതിനാൽ മനുഷ്യനു യാതൊരു ഒഴികഴിവും പറയാൻ സാദ്ധ്യമല്ല."*

ദൈവത്തിന്റെ സൃഷ്ടികളെക്കാൾ എത്രയോ ഉന്നതമാണ് ദൈവത്തിന്റെ മഹത്വം എന്ന കാര്യം തീർച്ചയായും നാം ഓർക്കേണ്ടതുണ്ട്.

- മഹത്വമേറിയ ദൈവത്തിന്റെ പ്രകൃതത്തെക്കുറിച്ച് മനോവ്യാപാരം ചെയ്യുന്നത് നമ്മുടെ ഒരു ശീലമാക്കാം; മഹത്വവാനായ രാജാവായി ദൈവത്തെക്കുറിച്ചു സങ്കല്പിക്കാം, ഭയത്തോടും ആദരവോടും കൂടെ അവിടുത്തെ നാമത്തെ നമുക്കു വാഴ്ത്തി സ്തുതിക്കാം.

- ഏറ്റവും മഹത്വമേറിയ ദൈവത്തിന്റെ നാമത്തെ നമുക്ക് ഏറ്റുപറയാം.

ദൈവത്തിന്റെ പരിശുദ്ധിയുടെയും മഹത്വത്തിന്റെയും സാന്നിദ്ധ്യമറിഞ്ഞവർ ബോധം കെടുകയും കവിണ്ണുവീഴുകയും സംഭ്രമത്തിലാവുകയും ചെയ്യുന്ന അവസരങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട് - ദൈവത്തിന്റെ ദിവ്യമായ ശ്രേഷ്ഠതയെ ഉയർത്തി കാണിക്കുന്ന രീതിയിൽ. സീനായ് മലയിൽ വച്ച് മോശയും (പുറപ്പാട് 19:16-20), ഏശയ്യായുടെ ദർശനവും (ഏശയ്യ 6:1-5), ദാനിയേൽ ദൈവത്തെ കാണുന്നതും (ദാനിയേൽ 10:7-9), യോഹന്നാനു ലഭിച്ച വെളിപാടുമെല്ലാം (വെളിപാട് 1:17) നമുക്കു

മുന്നിലുള്ള ഉദാഹരണങ്ങളാണ്. പരിശുദ്ധനും മഹത്വവാനും പാപമില്ലാത്തവനും പാപത്തോടൊപ്പം വസിക്കാത്തവനുമായ ഇതേ ദൈവംതന്നെയാണ് തന്റെ പരിശുദ്ധാത്മാവിലൂടെ നമ്മിൽ വസിക്കുന്നത്. വീഴ്ചപറ്റിയവരും പാപികളുമാണു നാമെങ്കിലും, നമ്മുടെ ഉള്ളിൽവസിച്ച് നമ്മെ രൂപാന്തരപ്പെടുത്താനായി ദൈവത്തിന്റെ അചഞ്ചലസ്നേഹം അവിടുത്തെ നിർബ്ബന്ധിക്കുന്നു. **1 കൊരിന്ത്യർ 6:19**ൽ ദൈവാത്മാവിന്റെ ആലയമാണ് നമ്മുടെ ശരീരം എന്നു പറയുന്നു; നമുക്കു ചിന്തിക്കാൻ പോലും കഴിയാത്തത്ര പരിശുദ്ധിയുള്ള ദൈവം തന്റെ വാസസ്ഥലമായി നമ്മുടെ ഹൃദയത്തെ തിരഞ്ഞെടുത്തു എന്നാണ് ഇതിനർത്ഥം. എത്രവലിയ ഒരു അനുഗ്രഹമാണത്?

**പ്രതിഫലന ചിന്തകൾ:**

- ദൈവസൃഷ്ടികളുടെ മഹത്വം കാണുവാനായി സമയം കണ്ടെത്തുക. ഈ സൃഷ്ടികളുടെ തേജസ്സ് നിങ്ങൾ ആസ്വദിക്കുമ്പോൾ, നിങ്ങളുടെ കണ്ണുകൾക്കു കാണാൻ കഴിയാത്ത, ദൈവത്തിന്റെ ശ്രേഷ്ഠഗുണങ്ങളും, അവിടുത്തെ നിത്യശക്തിയും, അവിടുത്തെ ദൈവീക പ്രകൃതിയും പ്രഭാവവുമെല്ലാം, അവയിലൂടെ നിങ്ങൾക്കു വെളിപ്പെടുത്തി തരുവാനായി പ്രാർത്ഥിക്കുക.

- *ആഴത്തിലുള്ള ഒരു ആദരവ് നമ്മിൽ വളരാനായി പ്രാർത്ഥിക്കുക:* ദൈവത്തോടു നിങ്ങൾക്കുള്ള ഭയവും ആദരവുമെല്ലാം കൂടുതലായി വർദ്ധിക്കാൻ യാചിക്കുക. ദൈവം തന്റെ മഹത്വം കൂടുതലായി നിങ്ങൾക്ക് അനുദിനം വെളിപ്പെടുത്തി തരുവാനായി പ്രാർത്ഥിക്കുക. ദൈവത്തിന്റെ നാമത്തെ ഏറ്റവും ഉന്നതമായി മഹത്വപ്പെടുത്തുന്ന രീതിയിൽ നിങ്ങളുടെ ഹൃദയത്തെ രൂപാന്തരപ്പെടുത്താനായി പ്രാർത്ഥിക്കുക.

**കൂടുതൽ പഠനത്തിന്:**

- **ഏശയ്യ 6:1–3** (ആലയം നിറഞ്ഞുനില്ക്കുന്ന ദൈവമഹത്വത്തെക്കുറിച്ച് ഏശയ്യ സാക്ഷ്യപ്പെടുത്തുന്നതു പരിശോധിക്കുക), സങ്കീർത്തനം 29, 2 കൊരിന്ത്യർ 3:7–18.

ദൈവനാമങ്ങൾ ഓരോന്നിനെക്കുറിച്ചും നിങ്ങൾ പഠിക്കുന്ന സമയങ്ങളിൽ, ദൈവത്തിന്റെ മഹത്വത്തെയും ഔന്നത്യത്തെയും കുറിച്ച് ആഴത്തിലുള്ള തിരിച്ചറിവിൽ ഹൃദയം നിറയാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അവിടുത്തെ മഹത്വനാമത്തിന് ആദരവു കൂട്ടുന്ന രീതിയിൽ ഓരോ ദിവസവും ജീവിക്കാനുള്ള ആത്മപ്രചോദനം നിങ്ങൾക്കുണ്ടാകട്ടെ. ദൈവനാമ മഹത്വം നിങ്ങളുടെ ജീവിതത്തിലൂടെ ചുറ്റുമുള്ളവരിലേക്കു പ്രതിഫലിക്കാൻ ഇടയാകുന്നവിധത്തിൽ, ആ മഹത്വം നിങ്ങളിൽ കാണപ്പെടുകയും ചെയ്യട്ടെ.

ദിനം 2

# എലോഹിം - ദൈവം, ശക്തനായ സ്രഷ്ടാവ്
## (ELOHIM - GOD, MIGHTY CREATOR)

ഹീബ്രൂ ഭാഷയിൽ എഴുതിയ വേദപുസ്തകത്തിൽ ആദ്യം പ്രത്യക്ഷപ്പെടുന്ന വാക്കാണ് "എലോഹിം" എന്ന വാക്ക്. (**ഉല്പത്തി 1:1** *ആദിയിൽ ദൈവം (എലോഹിം) ആകാശവും ഭൂമിയും സൃഷ്ടിച്ചു*).

"എലോഹിം" എന്ന നാമത്തോടു നാം പ്രാർത്ഥിക്കുമ്പോൾ, എല്ലാം ആരംഭിച്ച ദൈവമാണ് നമ്മുടെ ഓർമ്മയിലേക്ക് എത്തുന്നത്. ആകാശവും ഭൂമിയും സൃഷ്ടിച്ചവനും, വെളിച്ചത്തെയും ഇരുളിനെയും തമ്മിൽ വേർതിരിച്ചവനും, ജലവും കരയും തമ്മിൽ അതിർത്തി നിശ്ചയിച്ചവനും, രാത്രിയെയും പകലിനെയും തമ്മിൽ വേർതിരിച്ചവനും അവിടുന്നാണ്; സർവ്വശക്തനായ ദൈവം.

പുരാതനമായ ഈ ദൈവനാമം സൃഷ്ടി നടത്താനുള്ള ദൈവത്തിന്റെ ശക്തിയെയും, സകലതിനും മീതെയുള്ള ദൈവത്തിന്റെ പരമാധികാരത്തെയും ആശയവൽക്കരിക്കുന്നു. കുരിശിൽ കിടന്നുകൊണ്ടുള്ള വികാരനിർഭരമായ തന്റെ പ്രാർത്ഥനയിൽ യേശു ഈ വാക്കിന്റെ വേറൊരു രൂപം ഉപയോഗിക്കുന്നതു നമുക്കു കാണാം: *"ഒമ്പതാം മണിനേരത്ത് യേശു: എന്റെ ദൈവമേ, എന്റെ ദൈവമേ, അവിടുന്ന് എന്നെ കൈവിട്ടതെന്ത് എന്നർത്ഥമുള്ള "എലോഹീ, എലോഹീ, ലമ്മാ ശബ്ബക്താനി" എന്ന് ഉച്ചത്തിൽ നിലവിളിച്ചു".* (മർക്കോസ് 15:33, സങ്കീർത്തനം 22:1)

എലോഹിം" എന്ന വാക്ക് വേദപുസ്തകത്തിൽ 2500 തവണയോളം ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു,

ഉല്പത്തി പുസ്തകത്തിൽ തന്നെ 32 പ്രാവശ്യം ഈ വാക്ക് ഉപയോഗിക്കുന്നുണ്ട്. ചിലസ്ഥലങ്ങളിൽ "യാഹ്വേ എലോഹിം" എന്നും ഉപയോഗിക്കുന്നുണ്ട്, "കർത്താവായ ദൈവം" എന്നാണ് ഇംഗ്ലീഷിൽ ഈ വാക്കിനെ മൊഴിമാറ്റിയിട്ടുള്ളത്.

ആരാണു നമ്മുടെ ദൈവം? "എലോഹിം" – "ശക്തനായ സ്രഷ്ടാവ്"!

- സർവ്വശക്തനായ സ്രഷ്ടാവായ നമ്മുടെ ദൈവത്തിന്റെ ശ്രേഷ്ഠതയെ ഉൾക്കൊണ്ടു ധ്യാനിക്കാൻ ഇന്നത്തെ പ്രാർത്ഥനയിൽ സമയം കണ്ടെത്തുക; ഇതിനായി ഉല്പത്തിയുടെ ഒന്നാം അദ്ധ്യായമെങ്കിലും വായിക്കുക.

- അനുദിനവും നമുക്ക് ആസ്വദിക്കാനായി തന്റെ സൃഷ്ടികളിലൂടെ ദൈവം ഒരുക്കിയ വഴികൾ ഏതൊക്കെയാണ്?

- "സ്രഷ്ടാവ്" എന്ന നിലയിൽ നിങ്ങൾ ദൈവത്തിനു മഹത്വം നല്കുന്ന ചിലകാര്യങ്ങൾ എഴുതുക.

- നിങ്ങളിൽ അതിശയം ജനിപ്പിക്കുന്ന ചില സൃഷ്ടികൾ എതെന്ന് എഴുതുക (ഉദാ: നക്ഷത്രങ്ങൾ, ചില ചെടികൾ, പൂക്കൾ, നിങ്ങളുടെ ശരീരം). ദൈവത്തിന്റെ സൃഷ്ടിപരമായ കഴിവുകളെപ്രതി ദൈവത്തെ സ്തുതിക്കുക.

- **2 കൊരിന്ത്യർ 5:17**
  *"ഒരു വ്യക്തി ക്രിസ്തുവിലായാൽ അയാൾ പുതിയ സൃഷ്ടിയാകുന്നു; പഴയതു നീങ്ങിപ്പോയി, പുതിയതു വന്നിരിക്കുന്നു."* യേശുക്രിസ്തുവിലൂടെ നമ്മെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റിയ ദൈവത്തിനു നന്ദി പറയുക.

- ദൈവം നിങ്ങളിൽ സൃഷ്ടിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്ന ദൈവത്തിന്റെ ചില സ്വഭാവഗുണങ്ങൾ എന്തൊക്കെയെന്നു ചിന്തിക്കുക; ഈ സ്വഭാവഗുണങ്ങൾ നിങ്ങളിൽ നിർമ്മിക്കാനായി ശക്തനായ സ്രഷ്ടാവായ എലോഹിമിനോടു പ്രാർത്ഥിക്കുക. (ഉദാ. വിനയം, വിശുദ്ധി, സൗമ്യത മുതലായവ; ആത്മാവിന്റെ ഫലം – ഗലാത്യർ 5:22-23; ആത്മീയ പക്വതയുടെ സ്വഭാവസവിശേഷതകൾ – 2 പത്രോസ് 1:5-7).

- ദൈവത്തിന്റെ  സാരൂപ്യത്തിൽ നിങ്ങളെ സൃഷ്ടിച്ചതിനാൽ ദൈവം നിങ്ങളിലും അവിടുത്തെ സൃഷ്ടിപരമായ കഴിവുകൾ നിക്ഷേപിച്ചിട്ടുണ്ട്. നിങ്ങളിലുള്ള സൃഷ്ടിപരമായ കഴിവുകൾ എന്തൊക്കെയാണ്? നിങ്ങൾ അവയെയെല്ലാം ദൈവമഹത്വത്തിനുവേണ്ടി എപ്രകാരം ഉപയോഗിക്കുന്നു?

- ഇന്നു നിങ്ങൾ പോകുന്നിടത്തെല്ലാം ദൈവത്തിന്റെ സൃഷ്ടിയെ ശ്രദ്ധിക്കുക, ദൈവസൃഷ്ടികളെ ആസ്വദിക്കുക, ദൈവസൃഷ്ടികളെപ്രതി അവിടുത്തെ സ്തുതിക്കുക.

### കൂടുതൽ പഠനത്തിന്:
ഇയ്യോബ് 38 & 39; സങ്കീർത്തനം 8, 19, 65, 104, 148

ദിനം 3

# എൽ റോയ്: എന്നെ കാണുന്ന ദൈവം
## (EL-ROI: The God who sees me)

വേദപുസ്തകത്തിൽ ഒരിക്കൽ മാത്രം ഉപയോഗിച്ചിട്ടുള്ള സവിശേഷമായ ഒരു നാമത്തിലേക്കാണ് നാം ഇന്നു നോക്കുന്നത്. ദൈവജനതയുടെ ഭാഗമല്ലാത്തതും എന്നാൽ കുറച്ചു കാലത്തേക്ക് ആകസ്മികമായി ദൈവകുടുംബത്തിന്റെ ഭാഗമായിത്തീർന്നതുമായ ഒരു വ്യക്തിയിൽ നിന്നുമാണ് ഈ ആശയപ്രകടനം വന്നത്. ദൈവത്തിനു നല്കപ്പെട്ട ഈ നാമത്തെക്കുറിച്ച് ദൈവം പ്രസാദിതനാവുകയും, മോശ ഈ നാമം വചനത്തിൽ രേഖപ്പെടുത്തിവയ്ക്കുന്നുവെന്ന് അവിടുന്ന് ഉറപ്പിക്കുകയും ചെയ്തു. ദൈവത്തിന്റെ

വ്യക്തിത്വത്തെക്കുറിച്ച് ശരിക്കുമുള്ള ഒരു അവബോധം നമുക്കു നല്കുന്ന ഒരു ദൈവനാമമാണിത്.

"എൽ റോയ്" എന്ന ഹീബ്രൂ വാക്കിന്റെ അർത്ഥം "എന്നെ കാണുന്ന ദൈവം" എന്നതാണ്.

**ഉല്പത്തി 16:1–10, 13** വാക്യങ്ങൾ വായിക്കുക.

അബ്രാമിനെയും സാറായിയെയും ചുറ്റിപ്പറ്റിയാണ് ഈ കഥ നടക്കുന്നത്. ദൈവം അവർക്ക് സന്തതിപരമ്പരയുടെ ധാരാളത്വത്തെ വാഗ്ദാനം ചെയ്തു (ഉല്പത്തി 12:2), ആ വാഗ്ദാനം പീന്നീട് രണ്ടുപ്രാവശ്യം ആവർത്തിച്ച് ഉറപ്പുംനല്കി (ഉല്പത്തി 13:16, ഉല്പത്തി 15:5). എന്നാൽ പത്തുവർഷം കടന്നുപോയിട്ടും അവരുടെ കാത്തിരിപ്പിന് ഫലപ്രാപ്തിയുണ്ടായില്ല. അങ്ങനെയിരിക്കെ, ഒരു ബലഹീനനിമിഷത്തിൽ കാര്യങ്ങളുടെ നിയന്ത്രണം സാറായി ഏറ്റെടുക്കുയും ഈജിപ്തുകാരിയായ തന്റെ ദാസിയിൽ തങ്ങൾക്ക് ഒരു അവകാശിയെ നേടിയെടുക്കാമെന്ന് തീരുമാനിച്ച് അവളെ അബ്രാമിനു മുന്നിൽ നല്കുകയും ചെയ്തു. അങ്ങനെ ഹാഗാർ അബ്രാമിൽനിന്നും ഗർഭം ധരിച്ചു.

കുറുക്കുവഴികൾ നമ്മെ കുറുകിയ പ്രയാസഘട്ടത്തിൽ കൊണ്ടെത്തിക്കും എന്നതു നേരാണ്. അബ്രാം കുടുംബത്തിലും പ്രയാസങ്ങളുടെ നുരപൊന്താൻ തുടങ്ങി. ഗർഭിണിയായ ഹാഗാർ തന്റെ യജമാനത്തിയെ നിന്ദിക്കാൻ തുടങ്ങി, സാറായിയാകട്ടെ ഒരിക്കൽക്കൂടി ഒരു എളുപ്പവഴികണ്ടെത്തി, ഹാഗാറിനോടു പരുഷമായി പെരുമാറി. ഹാഗാർ തന്റെ യജമാനത്തിയിൽനിന്നും ഒളിച്ചോടി, അത്യന്തം അപകടകരമായ ഒരു മരുഭൂമിയലേക്ക് അവൾ ഓടിപ്പോയി. എന്നാൽ കർത്താവ് ഇതെല്ലാം കാണുന്നുണ്ടായിരുന്നു.

താൻ ഹാഗാറിനെ കാണാൻ സമയമായി എന്ന് കർത്താവിനു തോന്നിയപ്പോൾ കർത്താവ് അവളെ കണ്ടു – ഒരു നീരുറവയുടെ സമീപത്തുവച്ച്. അവളെ സംബന്ധിച്ച മൂന്നു യാഥാർത്ഥ്യങ്ങളിലേക്ക് യഹോവ വിരൽചൂണ്ടുന്നത് നമുക്കു കാണാം – അവൾ ആരാണ്, അവൾ എവിടെനിന്നും വരുന്നു, അവൾ പോകുന്നത് എവിടേക്കാണ് എന്നീ മൂന്നു കാര്യങ്ങളിലേക്ക്. തന്റെ യജമാനത്തിയായ സാറായിയുടെ പക്കലേക്കു തിരിച്ചുപോകാനും അവൾക്കു കീഴടങ്ങി ജീവിക്കാനും കർത്താവ് ഹാഗാറിനോട് ആവശ്യപ്പെട്ടു. മാത്രമല്ല, വലിയൊരു ഭാവി അവൾക്കുണ്ടാകുമെന്ന വാഗ്ദാനവും അവിടുന്നു നല്കി. തന്നോടു സംസാരിച്ച കർത്താവിന് അവൾ നല്കിയ നാമമാണ് ഉല്പത്തി 16:13ൽ നാം വായിക്കുന്നത്. *തന്നോടു സംസാരിച്ച യഹോവയ്ക്ക് അവൾ "അങ്ങ് എന്നെ കാണുന്നവനായ ദൈവം" എന്നു പേരിട്ടു; "എന്നെ കാണുന്നവനെ ഞാൻ കണ്ടിരിക്കുന്നു" എന്ന് അവൾ പറഞ്ഞു.*

ആരും തന്നെ കാണുന്നില്ല എന്നു ചിന്തിച്ച് നിരാശയിലായിരുന്ന തന്നെ നോക്കിപ്പാർത്തു സംരക്ഷിച്ച കർത്താവ് തന്റെ ഭൂതകാലവും വർത്തമാനകാലവും ഭാവികാലവും കാണുന്നുണ്ടെന്ന് ഹാഗാറിനു ബോധ്യമായി. ഇത് അവൾക്കു സമാശ്വാസം നല്കി, അവിടുത്തെ അനുസരിക്കാൻ അവളെ പ്രാപ്തയാക്കി.

നമ്മെ യഥാർത്ഥരൂപത്തിൽ കാണുന്നവനാണു കർത്താവ്. നാം നമ്മെ യഥാർത്ഥത്തിൽ കാണണം (നമ്മെ തിരിച്ചറിയണം) എന്നും കർത്താവ് ആഗ്രഹിക്കുന്നു.

**ആരാണു നാം?**

**ഗലാത്യർ 3:29**
അബ്രാഹാമിന്റെ യഥാർത്ഥ സന്തതികളും അവകാശികളുമാണു നാം; വാഗ്ദാനപ്രകാരമുള്ള അവകാശികളും നാമാണ്.

**നാം എവിടെ നിന്നു വരുന്നു?**

**എഫേസ്യർ 2:12**
നമ്മുടെ കഴിഞ്ഞ കാലവും നമ്മുടെ വീണ്ടെടുപ്പും നമുക്കു മറക്കാതിരിക്കാം.

**നാം എവിടേക്കു ചരിക്കുന്നു?**

**യോഹന്നാൻ 14:1–4**
സ്വർഗ്ഗത്തിലേക്ക്, നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ ഭവനത്തിലേക്ക്.

നിരാശയും വിനാശവും ചൂഴ്ന്നുനില്ക്കുന്ന ഈ ലോകത്തിൽ വിശ്വാസവും മനഃസ്വാസ്ഥ്യവും നല്കി നമ്മുടെ വിശ്വാസത്തെ നങ്കൂരമിട്ടുറപ്പിക്കാൻ ഈ ചോദ്യങ്ങൾ പര്യാപ്തമാണ്.

**പ്രതിഫലന ചിന്തകൾ:**

- ഇന്നു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ; നിങ്ങളെ സംഘർഷത്തിലേക്കു നയിക്കുന്ന സംഗതികളെക്കുറിച്ചു ചിന്തിക്കാൻ കുറച്ചു സമയം ചിലവഴിക്കുക.

- അതിനുശേഷം നിങ്ങളുടെ വീണ്ടെടുപ്പ് ഓർക്കുക, നിങ്ങൾ ആയിരുന്ന ഭൂതകാലത്തിൽനിന്നും നിങ്ങളെ കൊണ്ടുവന്ന രക്ഷാദായകമായ ദൈവത്തിന്റെ കൃപ ഇന്നും നിങ്ങളോടൊപ്പമുള്ളത് ഓർക്കുക.

- അതിനുശേഷം നിങ്ങളുടെ ഭാവി മഹത്വത്തെ സങ്കൽപ്പിക്കുക, സ്വർഗ്ഗീയമായ മഹത്വശരീരത്തിലേക്ക് നിങ്ങൾ രൂപാന്തരം പ്രാപിക്കുന്നതിനെ മനസ്സിൽ കാണുക.

നിങ്ങൾ എവിടെ പോയാലും ദൈവത്തെ സംബന്ധിച്ച ഈ സത്യം നിങ്ങളെ നിരന്തരമായി ഓർമ്മിപ്പിക്കുക – ദൈവം “എൽ റോയ്” ആണ്, നിങ്ങളെ ശരിക്കും കാണുന്ന ദൈവം. ഇതിൽ നമുക്കു സന്തോഷവും സമാശ്വാസവും കണ്ടെത്താൻ സാധിക്കും. “എൽ റോയ്” നിങ്ങളെ അനുഗ്രഹിക്കട്ടെ.

**കൂടുതൽ ധ്യാനത്തിന്:**
ഉല്പത്തി 16:1–13, ഗലാത്യർ 3:29, എഫേസ്യർ 2:12, യോഹന്നാൻ 14:1–4

ദിനം 4

# എൽ ഷഡായ്: സർവ്വശക്തനായ ദൈവം
## (EL SHADDAI - God Almighty)

അബ്രാഹാമിനു പ്രത്യക്ഷപ്പെട്ട് അനേക ജനതകളുടെ പിതാവായി അദ്ദേഹത്തെ വാഴിക്കുമെന്ന വാഗ്ദാനം നല്കുന്ന സമയത്താണ് ദൈവം അബ്രാഹാമിനോട് “സർവ്വശക്തൻ” എന്നർത്ഥമുള്ള “എൽ ഷഡായ്” എന്നു സ്വയം പരിചയപ്പെടുത്തുന്നത് (ഉൽപത്തി 17:1–4).

“എൽ ഷഡായ്” എന്നു വിളിച്ചു നാം പ്രാർത്ഥിക്കുമ്പോൾ, “സർവ്വശക്തൻ” എന്ന ദൈവീക പ്രകൃതത്തെ നാം ഏറ്റുപറയുകയാണു ചെയ്യുന്നത്, അസാദ്ധ്യമായി അവിടുത്തേക്ക് ഒന്നുമില്ലെന്നു നാം പ്രഘോഷിക്കുന്നു. 99 വയസ്സുള്ള അബ്രാഹാമിന്റെ അടുത്ത് പ്രത്യക്ഷനായ ദൈവം അദ്ദേഹത്തോടുള്ള തന്റെ വാഗ്ദാനം വീണ്ടും ഉറപ്പിക്കുന്നു – അബ്രാഹാമിനെ അനേക ജനതകളുടെ പിതാവാക്കുമെന്നും, എണ്ണമില്ലാത്ത വിധത്തിൽ വർദ്ധിപ്പിക്കുമെന്നും. അബ്രാഹാമിനും സാറായ്ക്കും സന്താനശേഷി ഇല്ലാതിരുന്ന ഒരു പ്രായത്തിലാണ് ദൈവം ഈ വാഗ്ദാനം വീണ്ടും നല്കുന്നത്. താൻ ശരിക്കും “എൽ ഷഡായ്” ആണ്, സർവ്വശക്തനാണ് എന്നും, മനുഷ്യകുലത്തിനാൽ അസാദ്ധ്യമായതെല്ലാം തനിക്ക് സാദ്ധ്യമാണ് എന്നും തെളിയിക്കുകയായിരുന്നു ദൈവം ഇവിടെ.

“എൽ ഷഡായ്” എന്ന നാമം 48 തവണയോളം പഴയനിയമത്തിൽ നാം കാണുന്നു. മനോഹരമായ ഈ നാമത്തിലൂടെ ദൈവത്തിന്റെ സർവ്വശക്തിയെയും സർവ്വാധികാരത്തെയും സർവ്വപൂർത്തിയെയും അതിരുകൾഇല്ലായ്മയെയും വാഗ്ദാനപൂർത്തീകരണത്തിലുള്ള വിശ്വസ്തതയെയും നാം ഓർക്കണമെന്ന് ദൈവം നമ്മിൽനിന്നും പ്രതീക്ഷിക്കുന്നു.

ദൈവത്തിന്റെ ഈ സവിശേഷതകളെല്ലാം ബൈബിളിൽ നമുക്കു കാണാൻ കഴിയുന്നു.

**“എൽ ഷഡായ്” – സർവ്വശക്തനായ ദൈവം!**

- ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവത്തിന്റെ പരമാധികാരവും നിയന്ത്രണങ്ങളില്ലാത്ത അധികാരവും (യിരമ്യ 32:17)

- ദൈവത്തിന്റെ വിശ്വസ്തതയും, വാഗ്ദാനങ്ങൾ നിവർത്തിക്കുന്നതിനുള്ള ശക്തിയും (റോമർ 4:18–22)

- നമ്മെ കരുതാൻ തക്കവിധത്തിലുള്ള ദൈവത്തിന്റെ പര്യാപ്തതയും, നമുക്ക് ദൈവത്തിൽ ആശ്രയം വയ്ക്കാൻ കഴിയുന്നതും (ആവർത്തനം 31:6, എബ്രായർ 13:5–6)

ദൈവത്തിന്റെ ഈ സവിശേഷതകളും ഗുണങ്ങളുമെല്ലാം ബൈബിൾ ഉടനീളം ഉറക്കെപ്രഖ്യാപിക്കുന്നതു

നാം നിരന്തരം കാണുന്നു.

**പ്രതിഫലന ചിന്തകൾ:**

- എൽ ഷഡായെ ആരാധിക്കാൻ നാം ഒരുങ്ങുമ്പോൾ, ദൈവം പൂർത്തീകരിച്ച വാഗ്ദാനങ്ങളെക്കുറിച്ച് ഈ വചനങ്ങളിൽ വായിക്കുക (ഉല്പത്തി 15:13-16, ഉല്പത്തി 17:1-8, പുറപ്പാട് 14:13-14); ദൈവത്തിന്റെ പരമാധികാരത്തെയും വാഗ്ദാനങ്ങൾ നിറവേറ്റുന്നതിലുള്ള വിശ്വസ്തതയെയും സ്തുതിക്കുക.

- നിങ്ങൾ ആരാധിക്കുന്ന ദൈവം "എൽ ഷഡായ്" (സർവ്വശക്തൻ) ആണെന്നുള്ള പൂർണ്ണബോധ്യം നിങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുന്നുണ്ടോ? അതെക്കുറിച്ചു സന്ദേഹങ്ങൾ ഉണ്ടെങ്കിൽ അത് ഏറ്റുപറയുക, എൽ ഷഡായ്ക്ക് കീഴടങ്ങുക.

- നിങ്ങൾക്ക് ആശങ്ക നല്കുന്ന കാര്യങ്ങൾ എഴുതിവയ്ക്കുകയും അവയെക്കുറിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. നിങ്ങളെ കരുതുന്ന സർവ്വശക്തനായ ദൈവത്തിലേക്ക് അവയെ ഭരമേല്പിക്കുക (1 പത്രോസ് 5:7)

- സർവ്വശക്തനായ ദൈവം നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിച്ച രീതികളെക്കുറിച്ചു ചിന്തിക്കുക, അവിടുത്തെ സ്തുതിക്കുക.

എൽ ഷഡായിൽ നിങ്ങളുടെ പരിപൂർണ്ണ ആത്മവിശ്വാസം അർപ്പിക്കുക, കാരണം അവിടുന്ന് സർവ്വശക്തനാണ്, സകലതിനും മതിയായവനാണ്, സമ്പൂർണ്ണവിശ്വസ്തനാണ്. അവിടുന്ന് നിങ്ങളോടൊപ്പമുണ്ട്.

**കൂടുതൽ ധ്യാനത്തിന്:**
സങ്കീർത്തനം 89, സങ്കീർത്തനം 105

ദിനം 5

# എൽ ഒലാം: എന്നും നിലനിൽക്കുന്ന (നിത്യനായ) ദൈവം

## (EL OLAM - THE EVERLASTING {ETERNAL} GOD)

ഹീബ്രൂ ഭാഷയിലുള്ള ബൈബിളിൽ കാണുന്ന ഒരു നാമമാണ് "എൽ ഒലാം" എന്നത്. "എൽ" എന്നാൽ "ദൈവം" അല്ലെങ്കിൽ "ശക്തനായവൻ" എന്നർത്ഥം, "ഒലാം" എന്നാൽ "നിത്യൻ", "അനന്തമായവൻ", എന്നും "നിലനിൽക്കുന്നവൻ" എന്നൊക്കെയാണ് അർത്ഥം. ഈ രണ്ടുവാക്കുകളും ഒരുമിച്ചു വായിക്കുമ്പോൾ ആദ്യവും അന്ത്യവും ഇല്ലാത്ത നിത്യനായ ദൈവം എന്നു നമുക്കു മനസ്സിലാക്കാം.

**ഏശയ്യ 40:28**ൽ നാം ഇപ്രകാരം വായിക്കുന്നു;
*"നിനക്ക് അറിഞ്ഞുകൂടേ? നീ കേട്ടിട്ടില്ലേ? യഹോവ നിത്യനായ ദൈവം; അവിടുന്നാണു ഭൂമിയുടെ അറ്റങ്ങളെയെല്ലാം സൃഷ്ടിച്ചത്. അവിടുന്നു ക്ഷീണിക്കുന്നില്ല, തളരുന്നതുമില്ല. അവിടുത്തെ വിവേകം അപ്രമേയം തന്നെ".*

കാലത്തിനും സമയത്തിനുമെല്ലാം മീതെയായവൻ എന്ന ആശയമാണ് "എൽ ഒലാം" എന്ന നാമം നമുക്കു മുന്നിലേക്കു വയ്ക്കുന്നത്. അവിടുന്നാണ് ആല്ഫയും ഒമേഗയും, ആദിയും അന്തവും. സുസ്ഥിരമല്ലാത്ത ഈ ലോകത്ത് ദൈവത്തിന്റെ നിത്യമായ പ്രകൃതം നമുക്കു സുരക്ഷിതത്വവും സ്ഥിരതയും നല്കുന്നു.

എൽ ഒലാം എന്ന നാമത്തിലൂടെ നാം മനസ്സിലാക്കുന്ന കാര്യങ്ങൾ:
- ദൈവം നിത്യനും, നാശമില്ലാത്തവനും, അദൃശ്യനും, ഏകനുമാണ് (1 തിമോത്തി 1:17)
- അവിടുത്തെ പദ്ധതികളും ലക്ഷ്യങ്ങളുമെല്ലാം നിത്യതയിലേക്കു നീളുന്നവയാണ് (എഫേസ്യർ 3:11)
- അവിടുത്തെ കരുണ എന്നും നിലനിൽക്കുന്ന ഒന്നാണ്, അവിടുത്തെ സത്യം സകല തലമുറയിലേക്കുമുള്ളതാണ് (സങ്കീർത്തനം 100:5)
- ദൈവത്തിന്റെ വചനം നിത്യമാണ് (സങ്കീർത്തനം 119:89)

നമുക്കുചുറ്റും നാം കാണുന്ന സകലതും താത്കാലികവും മാറ്റത്തിനുവിധേയവുമാണ്. എന്നാൽ **ഉല്പത്തി 21:33**ൽ അബ്രാഹാം പറയുന്നതുപോലെ, *"നമ്മുടെ ദൈവം നിത്യനും എന്നന്നേയ്ക്കും ജീവിക്കുന്നവനുമാണ്."* ആകയാൽ നമ്മുടെചുറ്റും നടമാടുന്ന കാര്യങ്ങളെക്കുറിച്ച് നാം നടുങ്ങേണ്ടതില്ല, പകരം സകലതും സൃഷ്ടിച്ചവനും സകലതിനെയും നിയന്ത്രിക്കുന്നവനുമായ നിത്യനായ ദൈവത്തിൽ നാം ആശ്രയം വച്ചാൽ മതി. അവിടുത്തെ പദ്ധതികളും വാഗ്ദാനങ്ങളും നമ്മുടെ ജീവിതത്തിൽ നിറവേറ്റുന്നതിൽ അവിടുന്ന് ഒരിക്കലും പരാജയപ്പെടില്ല.

*"യഹോവയാം യാഹിൽ നമുക്ക് ശാശ്വതമായൊരു പാറയുള്ളതിനാൽ ആ കർത്താവിൽ എന്നേക്കും ആശ്രയം വയ്ക്കുവിൻ"* (ഏശയ്യ 26:4)

**പ്രതിഫലന ചിന്തകൾ:**

- ഭാവിയെക്കുറിച്ച് എനിക്കുള്ള ആകുലതകൾ ഏതൊക്കെയാണ്? "എൽ ഒലാം" ആയ ദൈവത്തിന്റെ നിത്യമായ പദ്ധതികൾ എന്റെ തീരുമാനങ്ങളെ രൂപപ്പെടുത്തുന്നതിലും എന്റെ ആശങ്കകളെ ശാന്തമാക്കുന്നതിലും ഉപകരിക്കുന്നതെങ്ങിനെ?

- ദൈവത്തിന്റെ ശക്തി എന്റെ ജീവിതത്തിലും പരിമിതമായ എന്റെ ചിന്തയിലും പ്രവർത്തിക്കുന്നതിൽ ഞാൻ നിയന്ത്രണം വയ്ക്കുന്നത് എപ്രകാരം?

- താത്കാലിക പരിഹാരം തേടുന്ന ഏതെങ്കിലും കാര്യങ്ങൾ എന്നിലുണ്ടോ? "എൽ ഒലാമി"ന്റെ നിത്യമായ പ്രകൃതം എന്നെ നിത്യതയിലേക്കു നീളുന്ന കാഴ്ചപ്പാടുകളിലേക്കു നയിക്കുന്നുണ്ടോ?

- ജീവിതത്തിലെ അനിശ്ചിത സാഹചര്യങ്ങളിൽപോലും "എൽ ഒലാമി"ന്റെ പരമാധികാരത്തിൽ ഞാൻ ആശ്രയം വയ്ക്കുന്നുണ്ടോ?

- ദൈവത്തിന്റെ നിത്യമായ വാഴ്ചയെ അംഗീകരിക്കുന്ന വിധത്തിൽ എനിക്ക് എപ്രകാരം "എൽ ഒലാമി"നെ ആരാധിക്കാൻ സാധിക്കും?

**കൂടുതൽ ധ്യാനത്തിന്:**
എബ്രായർ 13:8, മലാഖി 3:6, സങ്കീർത്തനം 90:1-2, സങ്കീർത്തനം 41:13, വെളിപാട് 1:8

## ദിനം 6

# യാഹ്വേ യിരേ: യഹോവ നല്കും

## (YAHWEH YIRE: YAHWEH Will Provide)

ഉല്പത്തി 22ൽ, തന്റെ സ്നേഹഭാജനമായ പുത്രൻ ഇസഹാക്കിനെ ഒരു യാഗമായി മോറിയാ മലയിൽ അർപ്പിക്കാൻ അബ്രാഹാമിനോടു ദൈവം ആവശ്യപ്പെട്ടു. അബ്രാഹാമിന്റെ ഹൃദയം തകർക്കുന്ന ഒരു കല്പന മാത്രമായിരുന്നില്ല, ദൈവം നേരത്തേ നല്കിയ വാഗ്ദാനപ്രകാരം ഇസഹാക്ക് അനേക ജനപദമായി മാറേണ്ടയാളാണെന്ന ഉറപ്പിനു വിരുദ്ധമായ ഒന്നു കൂടിയായിരുന്നു ഈ ആവശ്യം. എന്നിരുന്നാലും അബ്രാഹാം അതിരാവിലെ എഴുന്നേറ്റ് യാഗസാമഗ്രികളും മറ്റും തയ്യാറാക്കി ഇസഹാക്കിനെയും കൂട്ടി ദൈവകല്പന അനുസരിക്കാനായി പുറപ്പെട്ടു, അതെത്രമാത്രം മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്നതാണെങ്കിലും.

**ഉല്പത്തി 22:7-8**
*"7 യിസ്ഹാക്ക് തന്റെ പിതാവായ അബ്രാഹാമിനെ "അപ്പാ" എന്നു വിളിച്ചു. "എന്താകുന്നു മകനേ" അബ്രാഹാം ചോദിച്ചു. "തീയും വിറകും ഉണ്ട്; എന്നാൽ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?" യിസ്ഹാക്ക് ചോദിച്ചു. 8 അതിന് അബ്രാഹാം: "ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടിയെ ദൈവം കരുതും, മകനേ" എന്ന് ഉത്തരം പറഞ്ഞു. ഇരുവരും ഒന്നിച്ചു മുന്നോട്ടുപോയി."*

"ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?" എന്ന ഇസഹാക്കിന്റെ ചോദ്യത്തിന്, "നീയാണ് ആ ആട്ടിൻകുട്ടി" എന്ന ഉത്തരം അബ്രാഹാം പറഞ്ഞില്ല, പകരം "ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടിയെ ദൈവം കരുതും (യിരേ), മകനേ"എന്ന ഉത്തരമാണു നല്കിയത്.

"യാഹ്വേ യിരേ" എന്ന ദൈവനാമം ദൈവത്തിന്റെ സ്വഭാവസവിശേഷതയും പ്രകൃതവും നമുക്കു മുന്നിൽ വെളിപ്പെടുത്തുന്ന ഒന്നാണ്. "യിരേ" എന്ന ഹീബ്രൂ വാക്കിന്റെ അർത്ഥം "നല്കും" "നോക്കിക്കൊള്ളും" എന്നിങ്ങനെയൊക്കെയാണ്.

**ഉല്പത്തി 22:13–14**

*"[13]അബ്രാഹാം തലയുയർത്തിനോക്കി; തന്റെ പിന്നിൽ കൊമ്പ് കുറ്റിച്ചെടിയിൽ ഉടക്കിക്കിടക്കുന്ന ഒരു ആട്ടുകൊറ്റനെ കണ്ടു. അബ്രാഹാം ചെന്ന് ആട്ടുകൊറ്റനെ എടുത്ത്, പുത്രനു പകരം ഹോമയാഗം കഴിച്ചു. [14]അബ്രാഹാം ആ സ്ഥലത്തിന് "യഹോവ യിരേ" എന്നു പേരിട്ടു. "യഹോവയുടെ പർവ്വതത്തിൽ അവിടുന്ന് കരുതിക്കൊള്ളും" എന്ന് ഇന്നുവരെയും പറഞ്ഞു പോരുന്നു."*

നാം പ്രതീക്ഷിക്കാത്ത വഴികളിൽ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ദൈവത്തിന്റെ ശക്തിയെയും വിശ്വസ്തതയെയും നമ്മെ പഠിപ്പിക്കുന്ന ഒരു പ്രവൃത്തിയാണ് ദൈവത്തിന്റെ വഴിനടത്തൽ. അബ്രാഹാമിനെസംബന്ധിച്ച ഏറ്റവും വലിയ പരീക്ഷയിൽ ദൈവം അവനുവേണ്ടി കരുതിയതുപോലെ, നമ്മുടെ പ്രയാസഘട്ടങ്ങളിലും, അനിശ്ചിതസമയങ്ങളിലും, മരുഭൂമിയിൽതനിച്ചാണ് എന്നു തോന്നുന്ന ദുർഘടഘട്ടങ്ങളിലും ദൈവം നമുക്കുവേണ്ടി കരുതും.

"യാഹ്വേ യിരേ - ദൈവം നല്കും" എന്ന ചിന്തയോടെ നമ്മുടെ ജീവിതം എങ്ങനെ നയിക്കാൻ കഴിയും?

1. **ദൈവത്തിന്റെ കരുതലിൽ ആശ്രയം വയ്ക്കുക:**
   അനിശ്ചിതത്ത്വത്തിന്റെ സമയങ്ങളും ദുർഘടകൂമ്പാരങ്ങൾ നമ്മെ കീഴടക്കുന്ന സമയങ്ങളും നമ്മുടെ ജീവിതത്തിൽ തലകാണിക്കുമ്പോൾ, ദൈവം നമ്മുടെ ആവശ്യങ്ങൾ കാണുന്നുണ്ടെന്ന് ഓർക്കുക, നമുക്കായി കരുതാൻ തക്കവണ്ണം വിശ്വസ്തനാണെന്നും ഓർക്കുക. ചിലസമയങ്ങളിൽ സംശയത്തിലേക്കു വഴുതിവീഴുവാൻ എളുപ്പമാണെങ്കിലും, നമ്മുടെ കഴിഞ്ഞകാലത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ, നമ്മുടെ പ്രതീക്ഷകൾക്ക് അപ്പുറമായി ദൈവം നമുക്കായി കരുതിവച്ച വഴികൾ നിരവധിയായി നമുക്കു കാണാൻ കഴിയും. **മത്തായി 6:8** *"അവരെപ്പോലെ ആകരുത്; എന്തെന്നാൽ നിങ്ങൾ അപേക്ഷിക്കുന്നതിനു മുമ്പുതന്നേ നിങ്ങളുടെ ആവശ്യം എന്തെന്നു നിങ്ങളുടെ പിതാവ് അറിയുന്നുണ്ട്."*

2. **വെല്ലുവിളി ഘട്ടങ്ങളിലുമുള്ള അനുസരണം:**
   അനുസരണയുടെ സമയങ്ങളിലാണ് ദൈവത്തിന്റെ കരുതൽകരങ്ങൾ നമുക്കു നേരെ നീളുന്നതെന്ന വാസ്തവത്തെക്കുറിച്ചുള്ള ശക്തമായ ഓർമ്മപ്പെടുത്തലാണ് അബ്രാഹാമിന്റെ അനുസരണം. തന്നെ സംബന്ധിച്ച് ഏറ്റവും വിഷമകരമായ ഒരു കാര്യം ചെയ്യുന്നതിലും അബ്രാഹാം അനുസരണയുടെ പാതയിൽത്തന്നെ നടന്നു, ദൈവം എപ്രകാരമാണു പ്രവർത്തിക്കാൻ പോകുന്നതെന്ന് അബ്രാഹാമിന് അറിയില്ലായിരുന്നിട്ടും. ദൈവം പ്രദാനം ചെയ്യുമെന്ന ആശ്രയത്തോടെ ദൈവത്തിൽ വിശ്വസിക്കുമ്പോൾ, ദൈവത്തിന്റെ വിശ്വസ്തതയും കരുതലും നമ്മുടെ ജീവിതത്തിൽ അനുഭവിക്കാനായി നാം നമ്മെത്തന്നെ ഒരുക്കുകയാണ്.

3. **ദൈവത്തിന്റെ സമയങ്ങൾ:**
   ദൈവം നമുക്ക് വേണ്ടതു തരുന്നത് തക്കസമയത്തുതന്നെയാണ്. ദൈവത്തെ അനുസരിക്കാൻ വേണ്ടിത്തന്നെയാണ് അബ്രാഹാം തന്റെ കത്തി ഉയർത്തിയത്, എന്നാൽ ആ സമയത്ത്, തക്ക സമയത്തുതന്നെ, ദൈവം പ്രവർത്തിച്ചു. നാം പ്രതീക്ഷിക്കുന്ന സമയത്ത് ദൈവം പ്രവർത്തിക്കുന്നില്ല എന്നു നമുക്കു തോന്നിയേക്കാം, എന്നാൽ ദൈവം നമുക്കായി പ്രദാനം ചെയ്യുന്നത് നമുക്ക് വേണ്ടസമയത്തുതന്നെയാണ്; നേരത്തെയുമല്ല, വൈകിയ അവസ്ഥയിലുമല്ല. തന്റെ പുത്രനെ നമുക്കായി നല്കുന്നതിലുള്ള ദൈവത്തിന്റെ സമയക്രമം എത്ര കൃത്യമായിരുന്നെന്ന് **റോമർ 5:6** നമ്മെ ഓർമ്മിപ്പിക്കുന്നു: *"നാം ശക്തിഹീനരായിരുന്നപ്പോൾത്തന്നേ ക്രിസ്തു തക്കസമയത്ത് അധർമ്മികൾ ക്കുവേണ്ടി മരിച്ചു"*.

ഇസഹാക്കിനു പകരമായി ഒരു ആട്ടുകൊറ്റനെ ദൈവം നല്കിയ അതേ സ്ഥലത്തിന് അബ്രാഹാം "യഹോവ യിരേ" എന്നു പേരിട്ടു; ദൈവത്തിന്റെ കരുതലിന്റെ സ്മാരകമായി. ദൈവം നമുക്കായി കരുതുന്ന അവസരങ്ങളിലും നന്ദിയോടും ആരാധനയോടുംകൂടെ നാം പ്രതികരണമറിയിക്കേണ്ടതുണ്ട്. ദൈവം നമുക്കായി പ്രദാനംചെയ്യുന്ന ഒരോ അനുഗ്രഹവും ദൈവത്തിന്റെ വിശ്വസ്തതയും നന്മയും വിളംബരം ചെയ്യുന്നു.

**പ്രതിഫലന ചിന്തകൾ:**

- ദൈവത്തിന്റെ ഇടപെടൽ ആവശ്യമാണെന്ന് നിങ്ങൾക്കു തോന്നുന്ന എന്തൊക്കെ കാര്യങ്ങളാണ് ഇപ്പോൾ നിങ്ങളുടെ ജീവിതത്തിൽ ഉള്ളത്?

- നമുക്കുവേണ്ടി കരുതുന്ന ദൈവപ്രകൃതവും, "യഹോവ യിരേ" എന്ന പദത്തിന്റെ അർത്ഥവും പ്രതിഫലിപ്പിച്ചുകൊണ്ട്, സമാധാനം കണ്ടെത്താനുള്ള ഏതൊക്കെ മേഖലകളാണ് നിങ്ങളുടെ ജീവിതത്തിൽ നിലനിൽക്കുന്നത്?

- വെല്ലുവിളികൾ നേരിടുന്ന സമയത്ത് ദൈവത്തെ അനുസരിക്കാൻ പറ്റാതെവരുന്ന ചില മേഖലകൾ ഏതൊക്കെയാണ്? (ഇക്കാര്യത്തിൽ നിങ്ങൾ ബുദ്ധിമുട്ടുന്നുണ്ടെങ്കിൽ സഹായം തേടുക, ദൈവത്തിന്റെ വാഗ്ദാനങ്ങളെക്കുറിച്ചും വിശ്വസ്തതയെക്കുറിച്ചും പറയുന്ന വചനങ്ങൾ പഠിക്കുക).

- "ദൈവം നല്കും" എന്നു വിശ്വസിക്കാൻ പ്രയാസമായ ചില കാര്യങ്ങൾ ഏതൊക്കെയാണ്? ഈ കാര്യങ്ങളിലെല്ലാം ദൈവത്തിനു കീഴ്വഴങ്ങാൻ എപ്രകാരം കഴിയും?

- "യഹോവ നല്കും" എന്ന ഉറപ്പോടെ മുന്നോട്ടു ജീവിക്കാൻ സഹായിക്കുന്ന ചില ചവിട്ടുപടികൾ ഏതൊക്കെയാണ്?

**കൂടുതൽ ധ്യാനത്തിന്:**
ഫിലിപ്യർ 4:19, റോമർ 8:32, യിരമ്യ 17:5-8, മത്തായി 6:25-33

### ദിനം 7
# യാഹ്‌വേ: യഹോവ
## (YAHWEH {YHWH})

ആധികാരിക ഹീബ്രൂ-ഗ്രീക്ക് വാക്കുകളുടെ അകാരാദി സംഖ്യാകണക്കു പ്രകാരം (Strong's Numbers) "യാഹ്‌വേ" എന്ന നാമം 6220 തവണ പഴയനിയമത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. അപ്രകാരം പരിഗണിക്കുമ്പോൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ദൈവനാമമാണ് "യാഹ്‌വേ" എന്ന നാമം.

**ഉല്പത്തി 2:4**ൽ തന്നെയാണ് ഈ നാമം ആദ്യം പ്രത്യക്ഷമാകുന്നത്:
*"യഹോവയായ (YHWH) ദൈവം (Adonai) ആകാശവും ഭൂമിയും സൃഷ്ടിച്ചപ്പോൾ ആകാശത്തിന്റെയും ഭൂമിയുടെയും ഉല്പത്തിവിവരം ഇപ്രകാരമാണ്..."*

"യാഹ്‌വേ" എന്ന ഹീബ്രൂ വാക്കിനെ ഇംഗ്ലീഷ് ബൈബിളിലേക്കു മൊഴിമാറ്റിയിരിക്കുന്നത് "LORD" എന്നാണ് (എല്ലാം ക്യാപിറ്റൽ അക്ഷരങ്ങളിൽ). ഹീബ്രൂ ഭാഷയിലാകട്ടെ "YHWH" എന്ന നാലു വ്യഞ്ജനാക്ഷരങ്ങൾ മാത്രമാണ് ഉപയോഗിക്കുന്നത്, സ്വരാക്ഷരങ്ങൾ ഉപയോഗിക്കുന്നില്ല. (ഇങ്ങനെ എഴുതുന്നതിനെ വിശേഷിപ്പിക്കുന്നത് tetragrammaton എന്നാണ്).

"ഞാൻ ആകുന്നു" എന്ന പദത്തിന്റെ ഹീബ്രൂ രൂപമാണ് "യാഹ്‌വേ" എന്നത്. മുൾപടർപ്പിലെ തീയുടെ അടുത്തുചെന്ന മോശയും ദൈവവുമായുള്ള സംഭാഷണം ഓർക്കുന്നുണ്ടോ?

**പുറപ്പാട് 3:14-15**
*"[14]ദൈവം മോശയോട്: "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു. 'ഞാൻ ആകുന്നവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു' എന്നു നീ അവരോടു പറയണം" എന്ന് അരുളിച്ചെയ്തു. [15]യഹോവ പിന്നെയും മോശെയോട് അരുളിച്ചെയ്തു: "നീ യിസ്രായേല്യരോട് ഇങ്ങനെ പറയണം. 'നിങ്ങളുടെ പിതാക്കന്മാരുടെ ദൈവവും അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവും ആയ യഹോവ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു'. എന്റെ ശാശ്വത നാമം ഇതത്രേ; തലമുറതലമുറയായി എന്നെ ഓർക്കേണ്ടത് ഈ നാമത്താൽത്തന്നേ"."*

എന്താണ് ഇപ്പറഞ്ഞതിന്റെ അർത്ഥം? ദൈവത്തിന്റെ നിത്യതയും സ്വയംനിലനിൽക്കുന്നതുമായ പ്രകൃതമാണ് ഈ വാക്കുകളിലൂടെ ധ്വനിക്കുന്നത് - *"എന്റെ ശാശ്വത നാമം ഇതത്രേ; തലമുറതലമുറ യായി എന്നെ ഓർക്കേണ്ടത് ഈ നാമത്താൽത്തന്നേ"*. ദൈവത്തിന്റെ വ്യക്തിപരവും ഉടമ്പടി പ്രതിനിധീകരിക്കുന്നതുമായ നാമമായി ഹീബ്രൂ ബൈബിളിൽ (പഴയനിയമത്തിൽ) ഉപയോഗിക്കുന്ന നാമമാണ് "YHWH" എന്നത്. ദൈവത്തിന്റെ സ്വയംനിലനിൽക്കുന്ന പ്രകൃതവും സ്വാശ്രയപ്രകൃതവും പ്രഖ്യാപിക്കുന്ന പേരാണിത്. സ്വയംനിലനിൽക്കാനും സ്വയംആശ്രയിക്കാനും സാദ്ധ്യമായ മറ്റാരുമില്ല.

ദൈവത്തിന് തുടക്കവും ഒടുക്കവുമില്ല, ദൈവം എന്നെന്നും നിലനില്ക്കുന്നു. ദൈവത്തിനുമാത്രം ഞാൻ ആകുന്നവൻ ആകുന്നു എന്നു പറയാൻ കഴിയുന്നു, കാരണം ദൈവം മാത്രം ഇന്നലെയും ഇന്നും എന്നും മാറ്റമില്ലാത്തവനായി ഒരേപോലെ തുടരുന്നു.

ഞാൻ "യാഹ്‌വേ" ആണെന്നു നമ്മോടു പറഞ്ഞ യേശുവിനെയും നമുക്ക് ഓർക്കാം. ഓർത്തിരിക്കേണ്ട മറ്റൊരു കാര്യം മനുഷ്യരെ പ്രോത്സാഹിപ്പിക്കാനായി ദൈവം പതിവായി ഉപയോഗിക്കുന്ന പ്രയോഗവുമാണ്: *"നീ ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെയുണ്ട്"* (ഏശയ്യ 41:10), *"ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല"* (എബ്രായർ 13:5)

**പ്രതിഫലന ചിന്തകൾ:**

- സർവ്വശക്തനായ ദൈവമായ "യാഹ്‌വേ" നിങ്ങളോടൊപ്പമുണ്ടെന്ന് ഉറപ്പുനല്കുമ്പോൾ അതു നിങ്ങൾക്കു നല്കുന്ന വികാരമെന്താണ്?

- എന്നന്നേക്കും നിലനിൽക്കുന്ന "യാഹ്‌വേ"യുടെ സാന്നിദ്ധ്യം നിങ്ങളോടൊപ്പമുണ്ടെന്ന് ഓർമ്മിപ്പിക്കാൻ നിങ്ങൾക്ക് എങ്ങനെയെല്ലാം കഴിയും?

- സദാസമയവും നിങ്ങളോടൊപ്പമുള്ള "യാഹ്‌വേ"യുടെ സാന്നിദ്ധ്യവും പങ്കാളിത്തവും നിങ്ങളുടെ ജീവിതയാത്രയിൽ കൂടെയുണ്ടെന്ന പരിഗണന നിങ്ങൾക്കുണ്ടോ?

- ദിവസത്തിൽ മുഴുവൻ സമയവും കൂട്ടിനുള്ള ഒരാളെന്ന രീതിയിൽ ദൈവത്തോടു പെരുമാറാൻ നിങ്ങൾക്കു സാധിക്കുമോ?

  **1 തെസ്സലോനിക്യർ 5:15–18** പൗലോസ് എഴുതിയത് ഓർമ്മയിൽ വയ്ക്കുക:
  *"[16]എപ്പോഴും സന്തോഷിപ്പിൻ, [17]എല്ലായ്പ്പോഴും പ്രാർത്ഥിപ്പിൻ; [18]എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; ഇതാകുന്നു ക്രിസ്തുയേശുവിൽ നിങ്ങളെക്കുറിച്ചുള്ള ദൈവേഷ്ടം"*).

## ദിനം 8

# അഡോണായ്: കർത്താവ്, യജമാനൻ (പരമാധികാരിയായ കർത്താവ്)

## (ADONAI: LORD or MASTER {Sovereign Lord})

**ഏശയ്യ 25:8**
*"അവിടുന്ന് മരണത്തെ എന്നേക്കുമായി വിഴുങ്ങിക്കളയും; എല്ലാ കണ്ണുകളിൽനിന്നും അവിടുന്ന് കണ്ണീർതുടയ്ക്കും; തന്റെ ജനങ്ങളുടെ നിന്ദ അവിടുന്ന് സകലഭൂമിയിൽനിന്നും നീക്കിക്കളയും. യഹോവയല്ലോ അരുളിച്ചെയ്തിട്ടുള്ളത്."*

ദൈവത്തിന്റെ പേരിനെ സൂചിപ്പിക്കാനായി "അഡോണായ്" എന്ന വാക്ക് 400 തവണയിലേറെ ഉപയോഗിച്ചിരിക്കുന്നതായി നമുക്കു കാണാം. "അഡോൺ" എന്ന മൂലവാക്കിൽ നിന്നും രൂപംകൊണ്ട ഒരു ഹീബ്രൂ വാക്കാണ് "അഡോണായ്" എന്നത്, "കർത്താവ്" അല്ലെങ്കിൽ "യജമാനൻ" എന്നൊക്കെയാണ് അർത്ഥം – ദൈവത്തിന്റെ അധികാരവും പരമോന്നതസ്ഥാനവും ഉയർത്തിക്കാണിക്കുന്ന ഒരു വാക്കാണിത്. ദൈവം സ്രഷ്ടാവുമാത്രമല്ല (എലോഹിം) കർത്താവും യജമാനനും (അഡോണായ്) കൂടിയാണെന്ന ആശയം ഇതിൽ ഉൾക്കൊള്ളുന്നു. ദൈവം സകല സൃഷ്ടികളുടെമേലും വാഴുന്ന പരമോന്നത ചക്രവർത്തിയാണ്.

ദൈവത്തെ "അഡോണായ്" എന്നു നാം വിളിക്കുമ്പോൾ, ദൈവത്തിന് അർഹമായ പരമോന്നത അധികാരം നാം കല്പിക്കുകയും, ദൈവത്തിന്റെ രാജത്വത്തിനും അവിടുത്തെ ഹിതത്തിനും നമ്മെ കീഴ്‌വഴക്കുകയുമാണു ചെയ്യുന്നത്. ദൈവവും അവിടുത്തെ ജനതയും തമ്മിലുള്ളബന്ധത്തിന് മുൻതൂക്കം നല്കുന്ന ഒരു വാക്കുകൂടിയാണ് "അഡോണായ്". ദൈവം നമ്മുടെ സംരക്ഷകനാണ് (സങ്കീർത്തനം 18:1–2, 91:1–3), വഴികാട്ടിയാണ് (സങ്കീർത്തനം 48:14, സദൃശവാക്യം 3:5), ദാതാവാണ് (1 തിമോത്തി 6:17, ഫിലിപ്യർ 4:19). വിശ്വസ്തതയോടും ആശ്രയബോധത്തോടും അനുസരണത്തോടും നാം അവിടുത്തോടു

വ്യാപരിക്കാനുള്ള ഒരു ക്ഷണവും കൂടിയാണിത്. അവിടുത്തെ രാജ്യത്തിലും നീതിയിലും ആയിരിക്കാനും നീതിപൂർണ്ണമായ അവിടുത്തെ രാജത്വത്തിനു വിധേയപ്പെടാനുമുള്ള അവസരം സവിശേഷ ശ്രേഷ്ഠതയോടുകൂടിയ ഒന്നാണ്.

"അഡോണായ്" എന്നു നാം വിളിക്കുമ്പോൾ, നമ്മുടെ സകലമേഖലയിലെയും കർത്താവാണ് ദൈവം എന്ന രീതിയിൽ ദൈവത്തോടു നാം പ്രതികരിക്കണം, ഒരു യജമാനനു കീഴിൽ ദാസർ വ്യാപരിക്കുന്നതുപോലെ അല്ലെങ്കിൽ നീതിപൂർണ്ണനായ ഒരു രാജാവിനോടു തന്റെ പ്രജകൾ വിധേയപ്പെടുന്നതുപോലെ. ജ്ഞാനത്തിനും വഴികാട്ടലിനുമായി നാം ദൈവത്തിൽ ആശ്രയിക്കണം.

"അഡോണായോടു വിധേയപ്പെടുന്നതിലൂടെ സർവ്വോത്തമമായ ദൈവപദ്ധതികളിലും സർവ്വവും അറിയുന്ന അവിടുത്തെ ജ്ഞാനത്തിലും സ്നേഹപൂർണ്ണമായ കരുതലിലും വിശ്രമം കണ്ടെത്താൻ നമ്മെ ഒരുക്കുകയും, അരക്ഷിതകാലങ്ങളിൽ അതു നമുക്കു സുരക്ഷനല്കുകയും ചെയ്യും.

**സങ്കീർത്തനം 16:2**
ഇപ്രകാരം പറയുന്നു:*"ഞാൻ യഹോവയോട്: "അങ്ങ് എന്റെ കർത്താവ്, അങ്ങയിലല്ലാതെ എനിക്ക് ഒരു നന്മയുമില്ല" എന്നു പറഞ്ഞു."*

"യാഹ്വേ അഡോണാ"യെ അറിയുകയും അവിടുത്തോടൊപ്പമായിരിക്കുകയും ചെയ്യുന്നത് തന്റെ ജീവിതത്തിലെ ഏറ്റവും മികച്ച ഒരു കാര്യമാണെന്നാണ് സങ്കീർത്തകൻ പറയുന്നത്. നാം അവിടുത്തോടൊപ്പമായിരിക്കുമ്പോൾ, നമ്മുടെ ജീവിതത്തിൽ ഭവിക്കുന്ന സകല നല്ലകാര്യങ്ങളുടെയും ഉറവിടം ദൈവമാണെന്ന ഓർമ്മ നമുക്കുണ്ടാകും. നാമും നമുക്കുള്ള സകലതും ദൈവത്തിന്റേതാണെന്ന ഒരു ഏറ്റുപറച്ചിലാണിത്. ദൈവം നമുക്ക് ഏല്പിച്ചു തന്ന അനുഗ്രഹങ്ങളുടെ കാര്യക്കാരാണ് നാമോരുത്തരും.

**ആത്മ പരിശോധനയ്ക്ക്:**

- എന്റെ എല്ലാ മേഖലകളിലും ദൈവത്തെ ഞാൻ കർത്താവും യജമാനനുമായി അംഗീകരിക്കുന്നുണ്ടോ? ചില മേഖലകളുടെ ചുമതല ഞാൻ തന്നെ ഏറ്റെടുക്കുകയാണോ?

- ദൈവത്തിനു പൂർണ്ണാധികാരം നല്കാതെ ഞാൻ പിടിച്ചുവച്ചുകൊണ്ടിരിക്കുന്ന സംഗതികൾ ഏതൊക്കെയാണ്, ഈ സംഗതികളിലെല്ലാം ദൈവത്തെ ആശ്രയിക്കാനും ദൈവത്തിനു കീഴടങ്ങാനും എപ്രകാരം കഴിയും?

- തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പ് ഞാൻ ദൈവത്തിൽനിന്നും മാർഗ്ഗനിർദ്ദേശം തേടാറുണ്ടോ, കർത്താവെന്ന നിലയിൽ അവിടുത്തെ വഴികാണിക്കലിനുവേണ്ടി?

- അരക്ഷിതാവസ്ഥയിലും സംശയാവസ്ഥയിലും, എനിക്കുവേണ്ടതെന്തെന്നു പൂർണ്ണമായി അറിയാവുന്നവനും, എന്റെ നിയന്ത്രിതാവും യജമാനനുമായ "അഡോണാ"യിൽ ഞാൻ ഉറപ്പുകണ്ടെത്തുന്നുണ്ടോ?

- "അഡോണാ"യുടെ ദാസനായി എനിക്ക് എപ്രകാരം മെച്ചപ്പെടാൻ സാധിക്കും, എന്റെ പ്രവൃത്തികളിലും എന്റെ തിരഞ്ഞെടുപ്പുകളിലും എനിക്കുള്ളതിലും എന്റെ കഴിവുകളിലും ദാനങ്ങളിലുമെല്ലാം ദൈവത്തെ എപ്രകാരം ആദരിക്കാൻ കഴിയും?

**കൂടുതൽ ധ്യാനത്തിന്:**
യോശുവ 24:14-33, കൊലോസ്യർ 1:16. റോമർ 10:9, റോമർ 6:15-23

ദിനം 9

# യാഹ്വേ റാഫാ – സൗഖ്യം നല്കുന്ന കർത്താവ്
## (YAHWEH RAPHA: THE LORD WHO HEALS)

**പുറപ്പാട് 15:22–24**

*"[22]അനന്തരം മോശെ യിസ്രായേലിനെ ചെങ്കടലിൽനിന്നു മുന്നോട്ടുകൊണ്ടുപോയി. അവർ ശൂർ മരുഭൂമിയിൽ എത്തി. വെള്ളം കണ്ടെത്താതെ അവർ മൂന്നു ദിവസം മരുഭൂമിയിൽ സഞ്ചരിച്ചു. [23]അവർ മാറായിൽ എത്തി, മാറായിലെ വെള്ളം കയ്പുള്ളതായിരുന്നതിനാൽ അവർക്ക് അതു കുടിക്കാൻ കഴിഞ്ഞില്ല. (അതുകൊണ്ടാണ് ആ സ്ഥലത്തിനു മാറാ എന്നു പറയുന്നത്) [24]"ഞങ്ങൾ ഇനി എന്തു കുടിക്കും?" എന്നു പറഞ്ഞുകൊണ്ട് ജനം മോശെയ്ക്കു വിരോധമായി പിറുപിറുത്തു."*

മരുഭൂയാത്രയിൽ നിങ്ങളെത്തന്നെ ഒന്നു സങ്കല്പിച്ചു നോക്കുക; വാഹനമില്ല, സൂര്യന്റെ കൊടിയ ചൂടിൽ കാലനടയാത്രയായി പോകണം; നിങ്ങളുടെ കുട്ടികളെയും പ്രായംചെന്നവരെയും കന്നുകാലികളെയും സാധന-സാമഗ്രികളെയുമെല്ലാം വഹിച്ചുകൊണ്ട് ചൂടുമണലാരണ്യത്തിലൂടെ ക്ലേശിച്ച് മുന്നോട്ടു പോകണം. മൂന്നു ദിനം കഴിയുമ്പോഴത്തേക്കും നിങ്ങളുടെ പക്കലുണ്ടായിരുന്ന കുടിവെള്ളം തീർന്നു, വരണ്ട ചുണ്ടുകളിൽ ഇറ്റിക്കാൻപോലും ഒരിറ്റു വെള്ളമില്ല. അങ്ങനെ മുന്നോട്ടുപോകുമ്പോഴാണ് നിങ്ങൾ ഈ ജലസ്രോതസ്സ് കാണുന്നത്, നിങ്ങൾ ഓടി അടുത്തു ചെന്ന്, നിങ്ങളുടെ കൈക്കുമ്പിളിൽ കുറച്ചുവെള്ളം കോരിയെടുത്ത് വരണ്ട ചുണ്ടിലേക്കുവച്ചു; എന്നാൽ അതു തുപ്പിക്കളയാൻ മാത്രമേ കഴിഞ്ഞുള്ളൂ, കാരണം അതിന് അത്രയേറെ കയ്പ്പായിരുന്നു! കുടിക്കാൻ യോഗ്യമേയല്ലാത്ത കയ്പ്പുവെള്ളം. നിങ്ങളുടെ പ്രതികരണം എന്തായിരിക്കും?

ഞാനായിരുന്നെങ്കിൽ, നടുക്കവും ആധിയും കോപവും നിരാശയും പ്രകടിപ്പിക്കുമായിരുന്നു, കൂട്ടത്തിൽ ഇതിനു കാരണക്കാരനെ കണ്ടുപിടിക്കുകയും ചെയ്യുമായിരുന്നു. തേനും പാലും ഒഴുകുന്ന ഒരു നാട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകാമെന്നു പറഞ്ഞ് എല്ലാവരെയും കൂട്ടിക്കൊണ്ടു വന്ന മോശയല്ലാതെ വേറെ ആരെയായിരിക്കും കുറ്റം പറയാൻ പോകുന്നത്!

ഇസ്രായേൽ മക്കൾക്കു ലഭിച്ച വെള്ളം കയ്പുനിറഞ്ഞതും ഉപയോഗശൂന്യവുമായിരുന്നു, അതിനാൽ അവർ മോശയ്ക്കെതിരെ പിറുപിറുത്തു. അവരുടെ ഹൃദയങ്ങളിൽ കോപവും, നിരാശയും, കയ്പുമെല്ലാം നിറഞ്ഞിരുന്നു.

എന്തുകൊണ്ടാണ് അവർ പിറുപിറുത്തത്? ഈജിപ്തുകാരുടെ കയ്യിൽനിന്നും അവരെ രക്ഷിക്കാനായി ദൈവം പ്രവർത്തിച്ച സകല അത്ഭുതകാര്യങ്ങളും അവർ പെട്ടെന്നു മറന്നുപോയി. അവരുടെ ആകുലതയും അവരിലെ നിരാശയും അവരെ കീഴടക്കി.

നമ്മുടെ ആകുലതകൾ നമ്മെ വിശ്വാസമില്ലാത്തവരാക്കി മാറ്റുകയും പിറുപിറുപ്പിലേക്കു നയിക്കുകയും ചെയ്യും. എന്നാൽ ദൈവകരത്തിന്റെ പ്രവൃത്തികൾ നാം ഓർക്കുമ്പോൾ, നാം നന്ദിയുള്ളവരും വിശ്വാസം നിറഞ്ഞവരുമാകും.

**"സൗഖ്യം നല്കുന്ന മരം"**

**പുറപ്പാട് 15:25–27**

*"[25]അപ്പോൾ മോശെ യഹോവയോടു നിലവിളിച്ചു. യഹോവ അദ്ദേഹത്തിന് ഒരു വൃക്ഷം കാണിച്ചുകൊടുത്തു. മോശെ അതു വെള്ളത്തിൽ ഇട്ടു; വെള്ളം മധുരമുള്ളതായി. അവിടെവച്ച് യഹോവ അവർക്കായി ഒരു കല്പനയും നിയമവും ഉണ്ടാക്കി; അവിടെ യഹോവ അവരെ പരീക്ഷിച്ചു. [26]അവിടുന്ന് അരുളിച്ചെയ്തു: "നിങ്ങളുടെ ദൈവമായ യഹോവയുടെ ശബ്ദം നിങ്ങൾ ശ്രദ്ധവച്ചു കേൾക്കുകയും അവിടുത്തെ ദൃഷ്ടിയിൽ യോഗ്യമായതു പ്രവർത്തിക്കുകയും ചെയ്യുമെങ്കിൽ, അവിടുത്തെ കല്പനകൾ ശ്രദ്ധിക്കുകയും സകല വിധികളും പാലിക്കുകയും ചെയ്യുമെങ്കിൽ, ഈജിപ്റ്റുകാരുടെമേൽ ഞാൻ വരുത്തിയ വ്യാധികളിൽ ഒന്നുപോലും നിങ്ങളുടെമേൽ വരുത്തുകയില്ല; ഞാൻ നിങ്ങളെ സൗഖ്യപ്പെടുത്തുന്ന യഹോവ ആകുന്നു". [27]പിന്നെ അവർ ഏലീമിൽ എത്തി. അവിടെ പന്ത്രണ്ടു നീരുറവകളും എഴുപത് ഈന്തപ്പനകളും ഉണ്ടായിരുന്നു; അവിടെ വെള്ളത്തിനരികെ അവർ പാളയമടിച്ചു."*

ദൈവം മോശയ്ക്ക് ഒരു മരം കാണിച്ചുകൊടുത്തു, അതിന്റെ ഒരു കഷണം എടുത്തു വെള്ളത്തിൽ ഇട്ടപ്പോൾ വെള്ളത്തിന്റെ കയ്പു മാറി എന്നുമാത്രമല്ല, വെള്ളം മധുരതരമായിത്തീരുകയും ചെയ്തു.

ഇസ്രായേൽ മക്കളുടെ അവിശ്വാസത്തിനും പിറുപിറുപ്പിനും വേണ്ടി അവരെ ശാസിക്കേണ്ടതാണു വേണ്ടിയിരുന്നതെങ്കിലും, ദൈവം അവർക്കായി വെള്ളത്തെ സൗഖ്യമാക്കി മധുരതരമാക്കി, പിന്നീടങ്ങോട്ട് അവർക്കുവേണ്ടതെല്ലാം കരുതിനല്കുകയും ചെയ്തു. ഏലിമിലെ 12 നീരുറവകൾ അവർക്കു ജീവജലം നല്കി, 70 ഈന്തപ്പനകൾ അവരുടെ വിശപ്പു ശമിപ്പിച്ചു; നീരുറവകൾക്കരികെ പുതുക്കം നല്കുന്ന വിശ്രമവും നല്കി. ദൈവത്തിന്റെ സ്വരം ശ്രദ്ധവച്ചുകേൾക്കുകയും ഹൃദയംകൊടുത്ത് അനുസരിക്കുകയും ചെയ്യുമെങ്കിൽ ദൈവത്തിന്റെ സമൃദ്ധമായ പരിപാലനവും സൗഖ്യവും സംരക്ഷണവും അവരോടൊത്തുണ്ടാകുമെന്ന വ്യവസ്ഥയിൽ ദൈവം അവരുമായി ഉടമ്പടി സ്ഥാപിച്ചു.

തന്റെ ഏകജാതനെ ഒരു മരത്തിലേക്ക്, ക്രൂശിലേക്കുതന്നെ എറിഞ്ഞുകൊടുത്തിട്ട്, നമ്മുടെ പാപങ്ങളാൽ നമ്മിൽ നിറഞ്ഞ കയ്പിനെയും പാപത്തെയും ദൈവം സൗഖ്യമാക്കി. അവിടുന്നു നമുക്ക് തന്റെ പരിശുദ്ധാത്മാവിനെ നല്കി, പരിപൂർണ്ണമായ സ്വർഗ്ഗജീവിതം സമ്മാനമായി നല്കി - അവിടുത്തെ ശബ്ദം നാം കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്ന വ്യവസ്ഥയോടെ.

നമ്മുടെ ആത്മാവിന്റെ പരമമായ സൗഖ്യദായകൻ ദൈവമാണ്. അവൻ നമുക്ക് ശാരീരിക സൗഖ്യം നല്കുന്നു (2 രാജാക്കന്മാർ 5:10), വൈകാരിക സൗഖ്യം നല്കുന്നു (സങ്കീർത്തനം 34:18), മാനസിക സൗഖ്യം നല്കുന്നു (ദാനിയേൽ 4:34), ആത്മീയ സൗഖ്യവും നല്കുന്നു (സങ്കീർത്തനം 103:2-3). അന്ധരെയും മുടന്തരെയും കുഷ്ഠരോഗികളെയും തളർവാതക്കാരെയും ഭൂതഗ്രസ്തരെയും സൗഖ്യമാക്കിയ യേശുകർത്താവ് മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തു. **ഏശയ്യ 61:1**ൽ ഹൃദയം തകർന്നവരുടെ മുറിവുകെട്ടാനും, തടവറയിലിരിക്കുന്നവരെ സ്വതന്ത്രരാക്കാനും, ബന്ധികളായി കൊണ്ടുപോയവർക്ക് വിടുതൽ നല്കാനുമായി അവനെ അയച്ചിരിക്കുന്നു എന്ന് എഴുതിയിരിക്കുന്നു. എന്നിരുന്നാലും അന്തിമമായ ദൈവപദ്ധതി ശാരീരിക സൗഖ്യമല്ല, പകരം ആത്മീയ സൗഖ്യമാണ്. കുരിശിലെ യാഗത്താൽ അവിടുന്ന് നമ്മുടെ പാപത്തിന്റെ കയ്പിനെ ശമിപ്പിച്ചു. **ഏശയ്യ 53:5**ൽ അവിടുത്തെ മുറിവുകളാൽ നാം സൗഖ്യം പ്രാപിച്ചിരിക്കുന്നു എന്ന് എഴുതിയിരിക്കുന്നു. രക്ഷയുടെ മധുരവും പരിശുദ്ധാത്മാവിന്റെ നിറവും നിത്യമായ സഹവാസവും നല്കി ദൈവം നമ്മെ അനുഗ്രഹിക്കുന്നു. **എബ്രായർ 13:5**ൽ നമ്മെ ഒരു നാളും കൈവിടുകയോ ഉപേക്ഷിക്കുകയോ ചെയ്കയില്ലെന്ന് നമ്മുടെ "സൗഖ്യദായകൻ" - "യാഹ്‌വേ റാഫാ" നമുക്കു വാഗ്ദാനം നല്കിയിട്ടുമുണ്ട്.

"യാഹ്‌വേ റാഫാ"യുടെ സ്ഥാനപതികളായി മാറാനുള്ള അനുഗ്രഹവും നമുക്കായി ദൈവം നല്കിയിരിക്കുന്നു (2 കൊരിന്ത്യർ 5:20-21).

**പ്രതിഫലന ചിന്തകൾ:**

- ആകുലചിന്തകൾ നിങ്ങളിൽ നിറയുമ്പോൾ അവയെ മറികടക്കാൻ എന്തു ചെയ്യാൻ കഴിയും? നിങ്ങളുടെ ജീവിതത്തിലെയോ മറ്റുള്ളവരുടെ ജീവിത്തിലെയോ അനുഗ്രഹങ്ങളെ എഴുതിവയ്ക്കുക, അവയിലൂടെ കടന്നുപോയി വിശ്വാസം നിറയാനായി.

- നിങ്ങളുടെ ഹൃദയങ്ങൾ പരിശോധിച്ച് നിങ്ങളിലുള്ള പരാതികളും പിറുപിറുപ്പുകളും കയ്പുമെല്ലാം തിരിച്ചറിഞ്ഞ് ഏറ്റുപറയുക. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

- നിരപ്പിന്റെ ശുശ്രൂഷ നിങ്ങളെ ഏൽപിച്ച ദൈവത്തിന്റെ സ്ഥാനപതിയെന്ന നിലയിൽ, ഈ ലോകത്തിൽ സൗഖ്യവും ദൈവവുമായുള്ള നിരപ്പും കൊണ്ടുവരുവാൻ നിങ്ങൾക്ക് ഏതൊക്കെരീതിയിൽ ഉപയോഗ്യയോഗ്യരാകാൻ കഴിയും എന്ന് എഴുതുക.

**കൂടുതൽ ധ്യാനത്തിന്:**

1 പത്രോസ് 5:7, മത്തായി 19:2, മർക്കോസ് 6:56, ലൂക്കോസ് 19:1-10

ദിനം 10

# യാഹ്‌വേ നിസ്സി - കർത്താവ് എന്റെ ജയക്കൊടി

## (YAHWEH NISSI: The Lord is my Banner)

**പുറപ്പാട് 17:8-16** വായിക്കുക.

പുറപ്പാടിന്റെ വഴിയിൽ റെഫീദീമിൽ വച്ച് അമാലേക്യർ വന്ന് ഇസ്രായേലിനെ ആക്രമിച്ചു. ഈജിപ്തിൽ നിന്നും പുറപ്പെട്ട് വാഗ്ദത്തദേശത്തേക്കുള്ള അവരുടെ യാത്ര തുടങ്ങിയ സമയമായിരുന്നു അത്. അക്കാലത്ത് അവർക്ക് പരിശീലനം സിദ്ധിച്ച സൈന്യമില്ലായിരുന്നു, അവർ ഒരു യുദ്ധം ചെയ്തിട്ടു മില്ലായിരുന്നു. ഈജിപ്തിൽ അടിമകളായി ജീവിച്ചിരുന്ന അവരെ ദൈവം തന്റെ ശക്തമായ കരങ്ങൾ നീട്ടി വിടുവിച്ചിട്ടുണ്ടായിരുന്നതേ ഉള്ളൂ. മോശ തന്റെ സഹായിയായ യുവാവ് യോശുവായോട് ഇപ്രകാരം പറഞ്ഞു: *"നമ്മുടെ പുരുഷന്മാരിൽ ചിലരെ തിരഞ്ഞെടുത്തുകൊണ്ട് അമാലേക്യരോടു പൊരുതുവാൻ പുറപ്പെടുക. ദൈവത്തിന്റെ വടി കയ്യിൽ പിടിച്ചുകൊണ്ടു നാളെ ഞാൻ കുന്നിൻ മുകളിൽ നില്ക്കും"*

മോശ ഒരു ഉയർന്ന പ്രദേശത്തു കയറി തന്റെ വടി മുകളിലേക്ക് ഉയർത്തിപ്പിടിച്ചു നിന്നു. മോശയുടെ വടി ഉയർന്നു നിൽക്കുമ്പോൾ യോശുവയും കൂട്ടരും വിജയിക്കുന്നതായി മോശയുടെ കൂടെയുള്ളവർ മനസ്സിലാക്കി. ക്ഷീണത്താൽ മോശ തന്റെ കരം താഴ്ത്തുമ്പോൾ ശത്രുസൈന്യം പിടിമുറുക്കുന്നതായും. അഹരോനും ഹൂരും ചേർന്ന് ഒരു കല്ലുരുട്ടി മോശക്ക് ഇരിപ്പിടമൊരുക്കി. മോശയുടെ കൈ ഉയർന്നുതന്നെ ഇരിക്കാനായി അവർ സഹായിച്ചു. സൂര്യാസ്തമയം വരെ ഇതു തുടർന്നു. യോശുവയും കൂടെയുള്ള പരിശീലനം സിദ്ധിക്കാത്ത കൂട്ടരും ചേർന്ന് അമാലേക്യരുടെ സൈന്യത്തെ തോല്പിച്ച് ഇസ്രായേൽമക്കൾക്ക് വലിയ വിജയം നേടി.

**വാക്യം 14:**
*"അനന്തരം യഹോവ മോശയോട് അരുളിച്ചെയ്തു: "ഞാൻ അമാലേക്യരുടെ ഓർമ്മ ആകാശത്തിൻ കീഴിൽനിന്നു നിശ്ശേഷം മായിച്ചുകളയും. അതുകൊണ്ടു നീ അവിസ്മരണീയമായ ഒരു കാര്യം എന്ന നിലയ്ക്ക് ഇത് ഒരു ചുരുളിൽ എഴുതിവയ്ക്കണം; യോശുവ അതു നിശ്ചയമായും കേൾക്കുകയും വേണം"."*

മോശ ഇരുന്ന സ്ഥലത്ത് അദ്ദേഹം ഒരു ബലിപീഠം ഒരുക്കി, "യാഹ്‌വേ നിസ്സി" എന്ന് അതിനു പേരിട്ടു. "കർത്താവാണ് എന്റെ ജയക്കൊടി" എന്നാണ് ഈ നാമത്തിന്റെ അർത്ഥം. മുഴുവൻ ഇസ്രായേൽ മക്കളും മോശയും ചേർന്ന് ദൈവത്തിന്റെ നായകത്വത്തിന് ശക്തമായ സാക്ഷ്യം നല്കുന്നത് നാം ഇവിടെ കാണുന്നു. ദൈവമാണ് അവരുടെ രാജാവ് എന്നകാര്യം പകൽപോലെ വ്യക്തമാണ്. തങ്ങളുടെ ശത്രുസൈന്യത്തിനു നേരെ അവരെ ശക്തമായ വിജയത്തിലേക്കു നയിച്ചത് അവരുടെ രാജാവായ ദൈവമാണെന്ന് സകലർക്കും മനസ്സിലായി.

"നെസ്" (കൊടി) എന്ന സങ്കല്പം വേരൂന്നിയിരിക്കുന്നത്, തന്റെ ജനത്തിനു വഴികാണിക്കാനും ഉറപ്പുനല്കാനുമായി ദൈവം അവരുടെ ഇടയിൽ സജീവമായി പ്രവർത്തിക്കുന്നുവെന്ന ഒരു വിശ്വാസത്തിലാണ്" [ആധികാരിക ഹീബ്രൂ-ഗ്രീക്ക് വാക്കുകളുടെ അർത്ഥസൂചിക പ്രകാരം (Strong's Numbers)].

ആഘോഷിക്കാനും ആദരിക്കാനും വേണ്ടിയാണ് സാധാരണയായി ഒരു കൊടി ഉയർത്തുന്നത്. അക്കാലത്ത് വലിയ ഗുസ്തിമൽസരങ്ങൾ നടക്കുന്ന സ്റ്റേഡിയങ്ങളുടെ മേൽക്കൂരയിൽനിന്ന് കൊടികൾ തൂക്കിയിടുന്നതു സാധാരണയാണ്; യുദ്ധത്തിൽ വിജയിച്ചു തിരിച്ചുവരുന്ന പടയാളികളെ വരവേൽക്കാൻ പ്രമുഖ സ്ഥാനങ്ങളിൽ കൊടി ഉയർത്തുന്നതും പതിവാണ്; രാജ്യമൊട്ടുക്ക് ആഘോഷിക്കുന്ന ആഘോഷവേളകളിലും അവരുടെ രാജ്യനായകരെ ആദരിക്കാനായി കൊടികൾ ഉയർത്തുന്നതു കാണാം. യുദ്ധസാഹചര്യങ്ങളിൽ സൈന്യത്തിനു തങ്ങളുടെ രാജ്യത്തെക്കുറിച്ചും രാജാവിനെക്കുറിച്ചും പടനായകരെക്കുറിച്ചും പ്രചോദനം നല്കാൻ കൊടി ഉയർത്തിപ്പിടിക്കും. ഓരോ രാജ്യത്തെയും പൗരന്മാർ തങ്ങളുടെ രാഷ്ട്രത്തിന്റെ അഭിമാനം ഉയർത്തിപ്പിക്കാനും, രാഷ്ട്രത്തോടുള്ള ദൃഢവിശ്വസ്തത പ്രദർശിപ്പിക്കാനുമായി തങ്ങളുടെ കൊടികൾ ഉയർത്തിപ്പിടിക്കാറുണ്ട്. ഇക്കാര്യങ്ങൾ നാം പരിഗണിക്കുമ്പോൾ, കർത്താവിൽ വിശ്വസിക്കുന്ന ഏവനും, അവിടുത്തോടു വിശ്വസ്തയുള്ള ഏവനും, അവിടുത്തെ നായകത്വത്തിൽ ആശ്രയം വയ്ക്കുന്ന ഏവനും കർത്താവിനെ തങ്ങളുടെ വിജയക്കൊടിയായി പ്രദർശിപ്പിക്കേണ്ടത് എങ്ങനെയെന്ന് മനസ്സിലാക്കാൻ കഴിയും.

താൻ നിർമ്മിച്ച ബലിപീഠത്തിന് "യാഹ്‌വേ നിസ്സി" (യഹോവ എന്റെ ജയക്കൊടി) എന്നു നാമകരണം

ചെയ്തുകൊണ്ട്, കർത്താവാണ് തന്റെ ജനത്തെ വിജയപാതയിൽ നയിക്കുന്നത് എന്ന് ഉറക്കെ പ്രഖ്യാപിക്കുകയാണു ചെയ്തത്. ഇക്കാര്യത്തിൽ മോശ യാതൊരു അവകാശവാദവും ഉന്നയിച്ചില്ല, മുഴുവൻ കീർത്തിയും കർത്താവിനു നല്കി.

**പ്രതിഫലന ചിന്തകൾ:**

- നിങ്ങളെ ഇത്രത്തോളം കൊണ്ടുവന്നത് ആരെന്നാണു നിങ്ങൾ കരുതുന്നത്?

- നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും വിജയം വന്നുചേരുമ്പോൾ, കർത്താവാണ് അതിനു പിന്നിൽ പ്രവർത്തിച്ചത് എന്ന വിചാരം നിങ്ങൾക്കുണ്ടോ?

- ദൈവകരത്തിന്റെ ശക്തമായ നടത്തിപ്പിന് നിങ്ങൾ അവിടുത്തേക്കു മഹത്വം നല്കാറുണ്ടോ?

- പുതിയ വെല്ലുവിളികൾ നിങ്ങളുടെ ജീവിതത്തിലേക്കു കടന്നുവരുമ്പോൾ, "കർത്താവാണ് എന്റെ ജയക്കൊടി" എന്ന വിശ്വാസത്തോടെ, വിജയം സുനിശ്ചിതമാണെന്ന ചിന്തയോടെ, ആത്മവിശ്വാസം കൈവരിച്ച് ആ വെല്ലുവിളികളെ നേരിടാറുണ്ടോ?

- "യാഹ്‌വേ നിസ്സി"യെ മനസ്സോടെ പിന്തുടർന്ന് നിങ്ങളുടെ ജീവിതത്തിൽ നേടിയിട്ടുള്ള അവിശ്വസനീയമായ വിജയങ്ങളെക്കുറിച്ചു ചിന്തിച്ച് അവ എഴുതിയിടുക. കർത്താവിനു നന്ദിപറയുകയും വേറെ ആരെങ്കിലുമായി അതിൽ ചിലതു പങ്കുവയ്ക്കുകയും ചെയ്യുക.

**കൂടുതൽ ധ്യാനത്തിന്:**
സങ്കീർത്തനം 20, ഏശയ്യാ 54, 2 ദിനവൃത്താന്തം 20:1-30

ദിനം 11

# എൽ ഖാനാ: അസൂയാലുവായ ദൈവം
## (EL QUANNA: Jealous God)

"എൽ ഖാനാ" എന്ന ഹീബ്രൂ വാക്കിനെ "അസൂയാലുവായ ദൈവം" എന്നാണ് പരിഭാഷപ്പെടുത്തുന്നത്. "ഖാനാ" എന്നാൽ "അസൂയാലു", "തീക്ഷ്ണവാൻ" എന്നൊക്കെയാണ് അർത്ഥം. "എൽ ഖാനാ" എന്ന വാക്ക് ആറു തവണയോളം ബൈബിളിൽ ഉപയോഗിക്കുന്നുണ്ട്.

നമ്മുടെ സത്യദൈവം സ്നേഹത്തിന്റെയും ബന്ധങ്ങളുടെയും ദൈവമാണ്. പഴയനിയമത്തിൽ ഇസ്രായേലിനെ തന്റെ ഭാര്യയായി പരിഗണിക്കുന്ന ദൈവത്തെ നമുക്കു കാണാം (യിരമ്യ 3:14). പുതിയനിയമത്തിലാകട്ടെ യേശുവിന്റെ മണവാട്ടിയായാണ് സഭയെ പരിഗണിക്കുന്നത്. ഉടമ്പടിയുടെ മേൽ അടിസ്ഥാനപ്പെട്ട ഒരു ബന്ധമാണിത്. ദൈവത്തിന്റെ അതിശയകരമായ സ്നേഹത്തിൽ നിന്നും ഉറവെടുത്തതാണ് ഈ ബന്ധം. ഒരാളോടു മാത്രമുള്ള ഒരു സവിശേഷ സ്നേഹമാണിത്. ദൈവം തന്റെ ജനതയുമായി ഒരു ബന്ധം ഉറപ്പിക്കുമ്പോൾ, ആ ജനത തന്നോടു വിശ്വസ്തരായിരിക്കണം എന്നും ദൈവം പ്രതീക്ഷിക്കുന്നു. ഇതുകൊണ്ടുതന്നെയാണ് പഴയനിയമത്തിൽ വിഗ്രഹാരാധനയെ ദൈവം വ്യഭിചാരം എന്നു വിളിക്കുന്നത്.

പത്തുകല്പനകൾ നല്കിയ സമയത്ത് ദൈവം ഇക്കാര്യം സുവ്യക്തമാക്കി കാണിച്ചു:

**പുറപ്പാട് 20:3-6**
*"[3]ഞാൻ അല്ലാതെ അന്യദേവന്മാർ നിങ്ങൾക്ക് ഉണ്ടാകരുത്. [4]നിങ്ങൾക്കായി ഒരു വിഗ്രഹവും ഉണ്ടാക്കരുത്; മീതെ ആകാശത്തിലോ, താഴെ ഭൂമിയിലോ, കീഴെ വെള്ളത്തിലോ ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. [5]അവയെ വണങ്ങുകയോ ആരാധിക്കുകയോ ചെയ്യരുത്. എന്തെന്നാൽ, നിങ്ങളുടെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവമാകുന്നു. എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ പാപത്തിന് അവരുടെ സന്തതികളെ മൂന്നും നാലും തലമുറവരെ ശിക്ഷിക്കും. [6]എന്നെ സ്നേഹിച്ച് എന്റെ കല്പനകളെ പ്രമാണിക്കുന്നവരോട് ആയിരം തലമുറവരെ ഞാൻ കരുണ കാണിക്കും."*

ദൈവം നമ്മുടെ മണവാളനാണ്, തന്റെ മണവാട്ടിയിൽനിന്നും പൂർണ്ണഹൃദയത്തോടെയുള്ള സ്നേഹവും

സമർപ്പണവും അവിടുന്നു പ്രതീക്ഷിക്കുന്നു. ദൈവത്തിനുമുന്നിൽ അവിശ്വസ്തത കാണിക്കുകയെന്നത് വിശ്വാസമില്ലായ്മയെക്കാൾ ഗുരുതരമായ ഒരു കുറ്റമാണ്.

**ആവർത്തനം 6:14-15** വാക്യങ്ങളിലും ദൈവം ഇക്കാര്യം വ്യക്തമാക്കുന്നു:
*"[14]നിന്റെ ദൈവമായ യഹോവയുടെ കോപം നിനക്കു വിരോധമായി ജ്വലിച്ച് നിന്നെ ഭൂമിയിൽനിന്നു നിർമ്മൂലമാക്കാതിരിക്കാൻ ചുറ്റുമുള്ള ജാതികളുടെ ദേവന്മാരായ അന്യദേവന്മാരുടെ പിന്നാലെ നീ പോകരുത്. [15]നിന്റെ ദൈവമായ യഹോവ നിങ്ങളുടെ നടുവിൽ തീക്ഷ്ണതയുള്ള ദൈവം ആകുന്നു."*

തന്റെ ഉടമ്പടിയിലൂടെ ദൈവം ബന്ധം സ്ഥാപിച്ച ജനതയോട് ദൈവത്തിനുള്ളത് അങ്ങേയറ്റം ഗാഢമായ ഒരു ബന്ധമാണ്; അതുകൊണ്ടു തന്നെ ഈ ബന്ധം വേറെങ്ങുമില്ലാത്തവിധത്തിൽ പ്രത്യേകത യുള്ളതാകണമെന്ന് ദൈവം ആഗ്രഹിച്ചു. അങ്ങനെയാകുമ്പോൾ അവർ മറ്റുദൈവങ്ങളെ ആരാധിക്കുന്നതുകാണുമ്പോൾ ദൈവത്തിൽ ഉണ്ടാകുന്ന വികാരം അസൂയയാണ്. അവരോടുള്ള സ്നേഹം അത്രയും ആഴത്തിലുള്ളതായതിനാൽ ദൈവത്തിന്റെ കോപം കത്തിജ്വലിക്കും. തന്റെ പേരുതന്നെ "അസൂയാലു" എന്നാണെന്ന് ദൈവം അരുൾച്ചെയ്തു, കാരണം അവിടുന്ന് തന്റെ പേരിനെ അന്വർത്ഥമാക്കുന്നവനാണ്.

ദൈവം യഥാർത്ഥത്തിൽ "അസൂയാലു" തന്നെയാണ്. അവിടുന്ന് നിങ്ങളെ സ്വന്തം പ്രതിച്ഛായയിൽ സൃഷ്ടിച്ചു. നാം പാപം ചെയ്ത് ആ പ്രതിച്ഛായ കളങ്കപ്പെടുത്തിയപ്പോൾ, സ്വന്തം പുത്രനെതന്നെ അയച്ച് അവന്റെ രക്തച്ചൊരിച്ചിലിലൂടെ ദൈവവുമായി നമ്മെ രമ്യപ്പെടുത്താനും നഷ്ടപ്പെട്ടുപോയ ആ പ്രതിച്ഛായ വീണ്ടെടുത്തു തരാനും ദൈവം തയ്യാറായി. ദൈവത്തോടൊപ്പം നാം നിത്യതയിൽ പ്രവേശിക്കണമെന്നുള്ള ദൃഢമായ ഒരു ആഗ്രഹം ദൈവത്തിനുണ്ട്. ദൈവത്തിൽ നിന്നും നിങ്ങളെ തട്ടിമാറ്റിക്കൊണ്ടുപോകാൻ ആരു ശ്രമിച്ചാലും ദൈവം നിങ്ങളെ നേടാനായി എന്തും ചെയ്യും, കാരണം ദൈവത്തിന്റെ പേര് "അസൂയാലു" എന്നാണ്.

തന്റെ പിതാവുമായുള്ള ഗാഢവും വിശ്വസ്തവുമായുള്ള സ്നേഹബന്ധം നമുക്കു മുന്നിൽ കാണിച്ചുകൊണ്ട് യേശുവും ഇക്കാര്യത്തിൽ നമുക്കു മാതൃക നല്കി. യെരുശലേം ദേവാലയം ആരാധനയ്ക്കല്ലാതെ കച്ചവടത്തിനായി ഉപയോഗിക്കുന്നതു കണ്ടപ്പോൾ യേശു കോപംപൂണ്ട് അവരെയെല്ലാം തുരത്തിയത് നാം കണ്ടതാണ്.

**യോഹന്നാൻ 2:16-17**
*"[16]പ്രാവുകളെ വില്ക്കുന്നവരോട്, "ഇവിടെനിന്നു ഇവയെ കൊണ്ടുപോകുവിൻ, എന്റെ പിതാവിന്റെ ഭവനം ഒരു ചന്തസ്ഥലമാക്കരുത്" എന്നു പറഞ്ഞു. [17]അപ്പോൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർ, "നിന്റെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ ദഹിപ്പിച്ചുകളയുന്നു" എന്നുള്ള തിരുവെഴുത്ത് ഓർത്തു."*

യേശുവെപ്പോലെതന്നെ, നമ്മെപ്രതി "അസൂയാലു"വായ നമ്മുടെ ദൈവത്തിനുവേണ്ടി നമുക്കും തീക്ഷ്ണതയുള്ളവരാകാം.

**പ്രതിഫലന ചിന്തകൾ:**

- ദൈവത്തിനു നിങ്ങളോടുള്ള സവിശേഷമായ സ്നേഹത്തെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു എന്ന് എഴുതുക, ആ സ്നേഹത്തിനു നന്ദി പ്രകാശിപ്പിക്കുക.

- ദൈവത്തോടുള്ള നിങ്ങളുടെ സ്നേഹം ഗാഢവും വിശ്വസ്തവുമാണോ?

- ദൈവത്തോടുള്ള നിങ്ങളുടെ ബന്ധം തണുത്തുപോകുന്ന വിധത്തിൽ മറ്റെന്തെങ്കിലും കാര്യത്തോട് നിങ്ങൾ ആകർഷകരായിട്ടുണ്ടോ? ഇക്കാര്യങ്ങളിൽ നിങ്ങൾ എന്തുചെയ്യാനാണു പോകുന്നത്?

- **ഉത്തമഗീതം 8:6** വായിക്കുക. നിങ്ങളുടെ ദൈവവുമായുള്ള സ്നേഹ ഉടമ്പടിയായി (വിവാഹ ഉടമ്പടിപോലെ) ഈ വേദഭാഗത്തെ നിങ്ങളുടെ വാക്കുകളിൽ മാറ്റിയെഴുതുക. ദൈവത്തിനായി തീക്ഷ്ണതയുള്ളവരാകുക.

**കൂടുതൽ ധ്യാനത്തിന്:**
ഹോശിയാവിന്റെ പുസ്തകം, യാക്കോബ് 4:4-6, 1 യോഹന്നാൻ 4:7-21 എന്നീ ഭാഗങ്ങൾ വായിക്കുക.

ദിനം 12

# ഖാദോശ് യിസ്രായേൽ: ഇസ്രായേലിന്റെ പരിശുദ്ധൻ

## (QADOSH YISRAEL: The Holy One of Israel)

**ഏശയ്യ 54:5**
*"നിന്റെ സ്രഷ്ടാവുതന്നെ നിന്റെ ഭർത്താവ്. "സൈന്യങ്ങളുടെ യഹോവ"യെന്നാണ് അവിടുത്തെ നാമം. നിന്റെ വീണ്ടെടുപ്പുകാരൻ യിസ്രായേലിന്റെ പരിശുദ്ധനാണ്; "സകലഭൂമിയുടെയും ദൈവ"മെന്ന് അവിടുന്നു വിളിക്കപ്പെടും".*

"പരിശുദ്ധം" (ഖാദോശ്) എന്ന ഹീബ്രൂ വാക്കിന്റെ അർത്ഥം "ഉഴിഞ്ഞുമാറ്റിവയ്ക്കപ്പെട്ടത്", "വിശുദ്ധമായത്" എന്നൊക്കെയാണ്. ദൈവത്തിന്റെ ധാർമ്മിക പൂർണ്ണതയെയും പവിത്രതയെയും മാത്രമല്ല, പാപകരമായതും അശുദ്ധമായതുമായ സകലതിൽനിന്നും തന്നെ മാറ്റിനിറുത്തുന്നതിനെയും സൂചിപ്പിക്കുന്ന ഒരു വാക്കാണ് "ദൈവത്തിന്റെ വിശുദ്ധി"യെന്നത്. ദൈവം പരിശുദ്ധനാണ് എന്നു നാം പ്രഘോഷിക്കുമ്പോൾ, ദൈവത്തിനുമാത്രം സ്വന്തമായ പരമോന്നത പ്രകൃതത്തിനു നാം മൂല്യം കല്പിക്കുകയാണു ചെയ്യുന്നത് - മനുഷ്യന്റെ അപൂർണ്ണതയിലും ഈ ലോകത്തിന്റെ തകർച്ചയിൽ നിന്നുമൊക്കെ വളരെയേറെ ഉന്നതമായ ദൈവപ്രകൃതം.

ഒരു ദർശനത്തിലൂടെ ദൈവമഹത്വത്തെ കാണാൻ ഏശയ്യാവിനു സാധിച്ചു; സെറാഫുകൾ ഉച്ചത്തിൽ ആർക്കുന്നത് അദ്ദേഹം കേട്ടു.

**ഏശയ്യ 6:3**
*"ഒരുത്തൻ ഒരുത്തനോട്: "സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ഭൂമി മുഴുവൻ അവിടുത്തെ മഹത്ത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു" എന്നു വിളിച്ചു പറഞ്ഞു".*

മൂന്നു പ്രാവശ്യം ആവർത്തിക്കുന്ന ഒരു വാക്യപ്രയോഗരീതിയിലൂടെ (പ്രാധാന്യം എടുത്തു കാണിക്കുന്നതിനു വേണ്ടിയാണിത്) ദൈവത്തെ വിവരിക്കാൻ ഈ വാക്കിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ദൈവം എത്രമാത്രം പരിശുദ്ധനാണ്? അവിടുന്ന് സത്യമായും സത്യമായും സത്യമായും പരിശുദ്ധനാണ്!

**ഏശയ്യ 54:5**ൽ ദൈവം സ്വയം വിളിക്കുന്ന പേരാണ് "ഇസ്രായേലിന്റെ പരിശുദ്ധൻ" എന്നത്. വിശുദ്ധവും മാറ്റിവയ്ക്കപ്പെട്ടതും ഉടമ്പടിപാലിക്കുന്നവനുമായ ദൈവത്തിന് ഇസ്രായേലുമായുള്ള ബന്ധത്തെയാണ് ഈ നാമം ഉയർത്തിക്കാട്ടുന്നത്. തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയുമായി ദൈവം കാത്തുസൂക്ഷിക്കുന്ന ബന്ധത്തിന്റെ ഗാഢതയെ ഈ നാമം പ്രതിഫലിപ്പിക്കുന്നു. ഇതേ തീക്ഷ്ണതയോടു കൂടിയ ഒരു ബന്ധം തന്റെ ജനത തന്നോടു കാത്തുസൂക്ഷിക്കണമെന്നും ദൈവം പ്രതീക്ഷിക്കുന്നു.

**ലേവ്യർ 19:2** (പത്രോസ് അപ്പസ്തോലൻ ഇതെടുത്തെഴുതിയിട്ടുണ്ട് - 1 പത്രോസ് 1:16ൽ)
*"യിസ്രായേലിന്റെ സർവ്വസഭയോടും സംസാരിച്ച് അവരോടു പറയുക: "നിങ്ങളുടെ ദൈവമായ യഹോവയായ ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ"".*

ദൈവത്തിന്റെ പ്രകൃതവും, തന്റെ ജനത്തോടു ദൈവത്തിനുള്ള പ്രതീക്ഷയും മുൻനിറുത്തി, വിശുദ്ധരായിരിക്കാനുള്ള പരമമായ ഒരുവിളി ദൈവം നല്കുന്നു - പഴയനിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ. ദൈവത്തിന്റെ പ്രകൃതം നമ്മുടെ ജീവിതത്തിൽ പ്രതിഫലിപ്പിക്കാനും അതിൽ പങ്കെടുക്കാനുമുള്ള ഒരു ക്ഷണമായി ഈ വാക്യത്തെ കാണാവുന്നതാണ്, ഒരു കല്പനയെന്ന രീതിയിൽമാത്രം കാണാതെ.

ഈ വാക്യം നമുക്കു മുന്നിൽ വയ്ക്കുന്ന നിർദ്ദേശങ്ങൾ ഇവയൊക്കെയാണ്:

1. **ദൈവം പരിശുദ്ധനാണ്**
   യാതൊരുവിധ അശുദ്ധിയുമില്ലാതെ സ്വയം വേർപെടുത്തിയവൻ. മറ്റേതൊരു വ്യക്തിയിൽനിന്നും ഏതു വസ്തുവിൽനിന്നും വ്യത്യസ്തനായവൻ.

2. **പരിശുദ്ധിയിലേക്കുള്ള ദൈവവിളി**
തന്റെ മക്കൾ തനിക്ക് അനുരൂപരാകണം എന്ന ആഗ്രഹവും പ്രതീക്ഷയുമാണ് ദൈവത്തിനുള്ളത്

3. **തന്റെ ആഗ്രഹം നിറവേറ്റാനുള്ള ദൈവത്തിന്റെ കാരണങ്ങൾ**
ദൈവത്തിന് അനുരൂപരാകാനുള്ള നമ്മുടെ താത്പര്യം ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിൽ അടിസ്ഥാനപ്പെടുത്തിയതാണ്.

4. **ദൈവമക്കളെന്ന നമ്മുടെ നില**
നാം വിശുദ്ധരാകണം, ലോകത്തിലെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തരാകണം (1 പത്രോസ് 1:17). വിശുദ്ധിയെന്നത് ദൈവത്തിന്റെ ഒരു സ്വഭാവസവിശേഷതയും ദൈവജനത ആർജ്ജിച്ചെടുക്കേണ്ട ഒരു നിലവാരവുമായി **ലേവ്യർ 19:2** നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു.

**പ്രതിഫലന ചിന്തകൾ:**

- ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ചു ധ്യാനിക്കുവാനായി കുറച്ചു സമയം മാറ്റിവയ്ക്കുക.

- "യിസ്രായേലിന്റെ പരിശുദ്ധ"നുമായി ശ്രേഷ്ഠമായ ഒരു ഗാഢബന്ധത്തിലാകാനുള്ള അനുഗ്രഹം നിങ്ങൾക്കു സിദ്ധിച്ചതിനെ നിങ്ങൾ എപ്രകാരം പരിഗണിക്കുന്നു? അവിടുന്ന് പരിശുദ്ധനാകയാൽ നിങ്ങളും പരിശുദ്ധരായിരിക്കണമെന്ന പ്രചോദനം നിങ്ങൾക്കുണ്ടോ?

- വിശുദ്ധരായിരിക്കണമെന്ന വിളി ദൈവം നിങ്ങൾക്കു നല്കുന്നു; ഇന്നത്തെ ദിവസം ഈ വിളിയോട് ഏതൊക്കെ രീതിയിൽ പ്രതികരിക്കണമെന്നാണ് നിങ്ങൾക്കു തോന്നുന്നത്?

- നിങ്ങളുടെ ചിന്തയിലും സംസാരത്തിലും പ്രവൃത്തിയിലുമെല്ലാം ദൈവത്തിന്റെ വിശുദ്ധിയുമായി അനുരൂപപ്പെടേണ്ടത് എതൊക്കെ മേഖലയിലാണ്? അവ എഴുതിവയ്ക്കുക, പരിശുദ്ധാത്മാവു നിങ്ങളെ സഹായിക്കാനും രൂപാന്തരപ്പെടുത്താനുമായി പ്രാർത്ഥിക്കുക.

**കൂടുതൽ ധ്യാനത്തിന്:**
1 പത്രോസ് 1:13-24, സങ്കീർത്തനം 71, ഏശയ്യ 12

### ദിനം 13

# യാഹ്‌വേ ശാലോം: യഹോവയാണ് സമാധാനം

## (YAHWEH SHALOM - The Lord is Peace)

ദൈവം മനുഷ്യനു പ്രത്യക്ഷനാകുന്ന സംഭവങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗ്രീക്കുവാക്കാണ് "തെയോഫാനി" (Theophany) എന്നത്. അബ്രാഹാമിനും മറ്റുചിലർക്കും ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ ദൈവമാണ് അവരുടെ മുന്നിലുള്ളത് എന്ന് അവർക്കു മനസ്സിലായില്ല. ദൈവത്തെ കണ്ടാൽ പിന്നെ ആരും ജീവിച്ചിരിക്കില്ല എന്നൊരു വിശ്വാസം അവരുടെ ഇടയിൽ ഉണ്ടായിരുന്നുതാനും. ദൈവത്തെ കണ്ടാൽ നിങ്ങൾ മരിക്കും?! എന്നാൽ ആദിമുതലേ കാര്യങ്ങൾ ഇങ്ങനയല്ലായിരുന്നു.

ഉല്പത്തി പുസ്തകത്തിൽ, ആദവും ഹവ്വയും ഭൂമിയിലെ ഏറ്റവും ഉത്തമ സ്ഥലമായ ഏദെൻ തോട്ടത്തിൽ, മനുഷ്യന് അനുഭവിക്കാൻ കഴിയുന്നതിൽവച്ച് ഏറ്റവും മികച്ച രീതിയിൽ ദൈവവുമായുള്ള കൂട്ടായ്മ ആസ്വദിച്ചിരുന്നു. അവർ നഗ്നരായിരുന്നിട്ടും, അതൊന്നും അവരെ ബാധിക്കാത്തവിധത്തിൽ ഒരു സമാധാന അന്തരീക്ഷം ദൈവസാന്നിദ്ധ്യത്തിൽ അവർ അനുഭവിച്ചിരുന്നു. ഭൂമിയിലെ സമാധാനത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ അവസ്ഥയെക്കുറിച്ചുള്ള ഏറ്റവും നല്ല ഒരു ചിത്രമാണിത്. എന്നാൽ പാപം മനുഷ്യവംശത്തിലേക്കു കയറിവന്നപ്പോൾ ഈ ചിത്രമെല്ലാം താറുമാറായി. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും ദൈവം അവരെ ആട്ടിയോടിച്ചു, പിന്നീടങ്ങോട്ട്, ഇത്തരത്തിലുള്ള ഒരു സമാധാനം മനുഷ്യവംശത്തിന്റെ ഒരു വിദൂരപ്രതീക്ഷമാത്രമായി.

ന്യായാധിപന്മാരുടെ കാലഘട്ടത്തിൽ, ഇസ്രായേൽ ദേശം വിഗ്രഹാരാധനയിലേക്കു നിപതിക്കുകയും, അവരെ ഒരു പാഠം പഠിപ്പിക്കാൻ ദൈവം മിദ്യാന്യരെ അയച്ച് അവരെ കീഴടക്കുകയും ചെയ്തു. ഇസ്രായേലിൽ സമാധാനം നഷ്ടമായിരുന്നു. അവരെ കീഴടക്കാൻ വരുന്ന ശക്തന്മാരെ പേടിച്ച്

ഇസ്രായേൽ മക്കൾ മലയിടുക്കുകളിലും ഗുഹകളിലുമെല്ലാം താമസിക്കാൻ തുടങ്ങി (ന്യായാധിപർ 6:2). ശത്രുദേശക്കാർ അവരുടെ ഭക്ഷണസാധനങ്ങളെല്ലാം കൊള്ളയടിച്ചുകൊണ്ടു പോകുന്നതിനാൽ അവർ ഭക്ഷണപദാർത്ഥങ്ങളെല്ലാം ഒളിപ്പിച്ചുവയ്ക്കാൻ തുടങ്ങി. അങ്ങനെയുള്ള കാലഘട്ടത്തിലാണ് ഗിദെയോന് ഇങ്ങനെയൊരു "തെയോഫാനി" ഉണ്ടായത് - ദൈവദൂതൻ അവനുമുന്നിൽ പ്രത്യക്ഷപ്പെട്ടു. ദൈവം അവനോടു പറഞ്ഞ ആദ്യവാക്കുകൾ *"പരാക്രമശാലിയേ, യഹോവ നിന്നോടുകൂടെയുണ്ട്"* എന്നാണ്.

ന്യായാധിപ പുസ്തകത്തിന്റെ ആറാം അദ്ധ്യായത്തിൽ നമുക്ക് ഈ കഥ വായിക്കാനാകും.

യഹോവയുടെ ദൂതനെ നേരിൽകണ്ടെന്നു തിരിച്ചറിഞ്ഞപ്പോൾ മുതൽ താൻ മരിക്കും എന്ന ചിന്ത ഗിദെയോനെ ഭയപ്പെടുത്താൻ തുടങ്ങി. പിന്നീട് എന്തു സംഭവിച്ചെന്നു നോക്കാം:

**ന്യായാധിപർ 6:23–24**
*"[23]എന്നാൽ യഹോവ അയാളോടു: "നിനക്കു സമാധാനം; ഭയപ്പെടേണ്ടാ, നീ മരിക്കയില്ല" എന്നു അരുളിച്ചെയ്തു. [24]ഗിദെയോൻ അവിടെ യഹോവെക്കു ഒരു യാഗപീഠം പണിതു. അതിനു യഹോവ ശലോം എന്നു പേരിട്ടു; അത് ഇപ്പോഴും അബീയേസ്ര്യർക്കുള്ള ഒഫ്രയിൽ ഉണ്ട്".*

കർത്താവ് അവനോടു പറഞ്ഞത് എന്താണ്? *"നിനക്കു സമാധാനം; ഭയപ്പെടേണ്ടാ, നീ മരിക്കയില്ല".* തനിക്കു ലഭിച്ച സമാധാനത്താൽ സമാശ്വസിപ്പിക്കപ്പെട്ട ഗിദെയോൻ യഹോവയ്ക്ക് ഒരു ബലിപീഠം പണിത് അതിന് "യഹോവ ശാലോം" എന്നു പേരിട്ടു.

**പ്രതിഫലന ചിന്തകൾ:**

- "യഹോവയാണു സമാധാനം എന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ദൈവത്തിൽനിന്നും നിരപ്പുപ്രാപിച്ച്, അവനോടൊത്തുള്ള സമാധാനത്തിലാണോ നിങ്ങൾ ജീവിക്കുന്നത്?

- ദൈവഭയത്തോടുകൂടി ജീവിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്, അതേസമയം തന്നെ ദൈവത്തിൽ സമാധാനത്തോടെ ജീവിക്കാനും. വിലപ്പെട്ട തന്റെ ജീവൻ മറുവിലയായി കൊടുത്തുകൊണ്ട് യേശുക്രിസ്തു ദൈവത്തെയും നമ്മെയും തമ്മിൽ നിരപ്പിച്ചു.

  **റോമർ 8:1**
  *"അതുകൊണ്ട്, ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക്, ജഡത്തെ അനുസരിക്കാതെ ആത്മാവിനെ അനുസരിച്ചു ജീവിക്കുന്നവർക്കുതന്നേ, ഒരു ശിക്ഷാവിധിയും ഇല്ല."*

- **റോമർ 5:1–2**
  *"[1]അതുകൊണ്ട്, വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖേന നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്. [2]അദ്ദേഹത്തിലൂടെയാണ് നാം ഇപ്പോൾ നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു പ്രവേശനം ലഭിച്ചിരിക്കുന്നത്. ദൈവതേജസ്സിന്റെ പ്രത്യാശയിൽ നാം ആനന്ദിക്കുന്നു."*

- യേശുവിന്റെ ഈ വാക്കുകൾ കൂടി ഓർമ്മിക്കുക:
  **യോഹന്നാൻ 14:27**
  *"സമാധാനം ഞാൻ നിങ്ങൾക്കു തന്നിട്ടുപോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭയപ്പെടുകയുമരുത്."*

- ഈ വാഗ്ദാനങ്ങളിൽ നിങ്ങൾക്ക് എത്രമാത്രം വിശ്വാസമുണ്ട്? ദൈവം നിങ്ങൾക്കു ദാനമായി തന്ന ഈ സമാധാനത്തിലാണോ നിങ്ങൾ ജീവിക്കുന്നത്? നിങ്ങളുടെ സമാധാനത്തെ നീക്കിക്കളയുന്ന ഏതെങ്കിലും ഭയം നിങ്ങളിൽ കുടികൊള്ളുന്നുണ്ടോ? അക്കാര്യങ്ങൾ എഴുതി വയ്ക്കുക, ഇക്കാര്യങ്ങളിൽ സമാധാനം നല്കാനായി സമാധാനത്തിന്റെ ദൈവത്തോട് പ്രാർത്ഥിക്കുക.

**കൂടുതൽ ധ്യാനത്തിന്:**

- വെളിപാട് 21, 22 അദ്ധ്യായങ്ങൾ വായിച്ച്, സ്വർഗ്ഗത്തിൽ ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന ജീവിതത്തെക്കുറിച്ചു ധ്യാനിക്കുക. ഏദെൻ തോട്ടത്തിലെ ജീവിതത്തിലും വളരെയേറെ മഹത്വമേറിയ ഒരു ജീവിതമാണിത്.

"യാഹ്വേ ശാലോം" (യഹോവയാണു സമാധാനം) എന്നു നാം വിളിക്കുന്ന സർവ്വശക്തനെ ആരാധിക്കുക.

ദിനം 14

# യാഹ്വേ സെബേയോത്: സൈന്യങ്ങളുടെ കർത്താവ്

## (YAHWEY TSEBAOTH: The Lord of Hosts)

ദൈവനാമത്തെ ദുഷിപ്പിക്കാനും ദൈവനാമത്തിന് അവമതിപ്പുണ്ടാക്കാനും വേണ്ടിയാണ് ശത്രുസൈന്യ നിരകൾ അഹോരാത്രം പ്രയത്നിക്കുന്നത്. ദൈവത്തിന്റെ പരിശുദ്ധനാമത്തെ ദുഷിപ്പിക്കുക എന്ന ഒറ്റ ലക്ഷ്യംമാത്രമാണ് സാത്താനുള്ളത്.

'യാഹ്വേ സെബേയോത്' എന്ന നാമത്തിന്റെ അർത്ഥം 'സൈന്യങ്ങളുടെ കർത്താവ്' എന്നതാണ് (സ്വർഗ്ഗീയദൂതസൈന്യം, ഇസ്രായേൽ മക്കളുടെ സൈന്യം, ഇസ്രായേൽ ജനം, നക്ഷത്രങ്ങളുടെ കൂട്ടം മുതലായ വൻകൂട്ടങ്ങളെ സൂചിപ്പിക്കുന്നതുപോലെ). വേദപുസ്തകത്തിൽ 270 തവണ പ്രത്യക്ഷപ്പെടുന്ന വളരെ ശക്തമായ ഒരു നാമമാണിത്. ഈ പ്രപഞ്ചത്തിലെ സകല സൈന്യങ്ങളുടെയും മേലെ പരമാധികാരമുള്ളവനാണു ദൈവം എന്ന് എടുത്തു പറയുന്ന ഒരു നാമമാണിത്.

ഈ നാമം ആദ്യം പ്രത്യക്ഷപ്പെടുന്ന വേദഭാഗത്തേക്കു നമുക്കു പോകാം. ഒരു യുദ്ധത്തിനു നടുവിൽ കേൾക്കുന്ന ഒരു നാമമല്ല ഇത്, നിസ്സഹായയും വന്ധ്യയുമായ ഒരു സ്തീയുടെ യാതൊരു നിർവ്വാഹവുമില്ലാത്ത നിലവിളിക്കിടയിൽ കേൾക്കുന്ന ഒരു നാമമാണിത്.

**1 ശമുവേൽ 1:11**
*"അവൾ ഒരു നേർച്ച നേർന്നു: "സൈന്യങ്ങളുടെ യഹോവേ, അങ്ങ് ഈ ദാസിയുടെ മനോവ്യഥ കണ്ടറിയണമേ! എന്നെ ഓർക്കേണമേ! അവിടുത്തെ ദാസിയായ അടിയനെ മറക്കാതെ അങ്ങ് എനിക്കൊരു മകനെ നല്കുമെങ്കിൽ ഞാൻ അവനെ അവന്റെ ജീവിതകാലം മുഴുവൻ യഹോവയക്കായി സമർപ്പിച്ചുകൊള്ളാം. അവന്റെ തലയിൽ ഒരുനാളും ക്ഷൗരക്കത്തി തൊടുവിക്കുകയുമില്ല.""*

വിവാഹിതനായ ഒരു വ്യക്തിയാണ് ഹന്നായെ വിവാഹം കഴിച്ചത്. വന്ധ്യയായ അവൾ തനിക്കൊരു വ്യക്തിത്വമുണ്ടാകുവാൻ ഒരു മകനെ തനിക്കു നല്കണേയെന്ന പ്രാർത്ഥനയുമായി കർത്താവിലേക്കു തിരിഞ്ഞു. ശാരീരികമായി ശൂന്യയായിരുന്നെങ്കിലും അവൾ ആത്മീകമായി നിറവുള്ളവളായിരുന്നു. അതിനാൽ അവൾ തന്റെ അവസാന അവലംബവും ഏകസഹായിയുമായ കർത്താവിനോടു നിലവിളിച്ചു. തന്റെ ഉദരത്തിൽ നിന്നും ഒരു ശിശുവിനു ജന്മം നല്കാൻ തനിക്കു കഴിയില്ല എന്ന് ഹന്നാ തിരിച്ചറിഞ്ഞു. ഒന്നുമില്ലായ്മയിൽനിന്നും സകലതിനെയും സൃഷ്ടിച്ച ദൈവശക്തിയെ ഏറ്റുപറയാൻ ഈ തിരിച്ചറിവ് അവളെ സഹായിച്ചതിൽ നിന്നുമാണ് അവളുടെ ഹൃദയത്തിൽനിന്നും ഈ വാകൃപ്രയോഗം രൂപപ്പെട്ടുവന്നത് – "സൈന്യങ്ങളുടെ കർത്താവ്", ഏറ്റവും ശക്തനായ ദൈവം, ഏറ്റവും പരമോന്നതനായ യാഹ്വേ.

ദൈവം അവളിൽ പ്രസാദിച്ചു; അവൾക്ക് ഒരു മകനെ സമ്മാനിച്ചു – ശമുവേലിനെ. ശമുവേലിന്റെ പ്രാർത്ഥനാ ജീവിതം പ്രശസ്തമാണ് (സങ്കീർത്തനം 99:6), അവൻ ഒരു ആജീവനാന്ത നാസീർവ്രതക്കാരനായി ദൈവമുന്നിൽ ജീവിച്ചു, ഇസ്രായേലിന്റെ ചരിത്രത്തിലെ അനേകം പൊൻതൂവലുകൾ അലങ്കരിക്കുന്ന ഒരു കിരീടം ശമുവേലിനു സ്വന്തമായുണ്ട് – അദ്ദേഹം ഒരു മുഖ്യപുരോഹിതനായിരുന്നു, ഒരു പ്രവാചകൻ, രാജാക്കന്മാരെ അഭിഷേകം ചെയ്തവൻ, ഇസ്രായേലിന്റെ നായകൻ അല്ലെങ്കിൽ ന്യായാധിപൻ, 40 വർഷക്കാലം ഇസ്രായേൽ ദേശത്തെ ഒറ്റയ്ക്കു നിന്നു നയിച്ചവൻ, ആർക്കും ഒരു കളങ്കവും ആരോപിക്കാൻ കഴിയാത്തവൻ.

**സങ്കീർത്തനം 34:19**
പ്രയാസങ്ങൾ ദുഷ്ടരായ വ്യക്തികൾക്കു വേണ്ടി മാത്രമുള്ള ഒന്നല്ല, നീതിയായവർക്കും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർക്കും കൂടിയുള്ളതാണ്. നാം ദൈവത്തെ തേടുവാനും, നമ്മുടെ ഹൃദയം ദൈവത്തോടു കരഞ്ഞു പ്രകടിപ്പിക്കാനും, അവിടുത്തെ സന്നിധിയിൽ അഭയം തേടുവാനും, അവിടുത്തെ ശക്തിയിൽ ആശ്രയം വയ്ക്കാൻ നമ്മെ സഹായിക്കാനുമാണ് പ്രയാസങ്ങൾ നമ്മുടെ ജീവിതത്തിലേക്കു കടന്നുവരുന്നത് – അങ്ങനെ യാഹ്വേ സെബേയോത് അതിൽനിന്നെല്ലാം നമ്മെ വിടുവിക്കാനും.

**പ്രതിഫലന ചിന്തകൾ:**
– ഇന്നു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ: നിങ്ങളുടെ ജീവിതത്തിലും മിനിസ്ട്രിയിലുമുള്ള

ഗോലിയാത്തുമാരെക്കുറിച്ചു ചിന്തിക്കുക, നിങ്ങളുടെ ഏറ്റവും വലിയ പോരാട്ടങ്ങളും വെല്ലുവിളികളു മെല്ലാം തന്നെ - അവയെ ദൈവമുന്നിൽ നിരത്തിവച്ച് ദൈവത്തോട് ഇടപെടാനായി അപേക്ഷിക്കുക.

**കൂടുതൽ വചനങ്ങൾ:**
**ഏശയ്യാ 31:45** ഒരു സിംഹത്തെപ്പോലെ യാഹ്‌വേ സെബേയോത് ഇസ്രായേലിനെ രക്ഷിക്കും...
**ഏശയ്യാ 44:6** രാജാവ്, വീണ്ടെടുപ്പുകാരൻ, സൈന്യങ്ങളുടെ യഹോവ...
**ഏശയ്യാ 47:4** അവിടുത്തെ നാമം സൈന്യങ്ങളുടെ യഹോവ എന്നാകുന്നു...
**മലാഖി 3:10, 12** കർത്താവിലേക്കു തിരിയാൻ സൈന്യങ്ങളുടെ യഹോവ അരുൾച്ചെയ്യുന്നു...
**2 ശമുവേൽ 5:10** സൈന്യങ്ങളുടെ യഹോവ ദാവീദിനൊപ്പമുണ്ടായിരുന്നു...

“യാഹ്‌വേ സെബേയോത്”, “സൈന്യങ്ങളുടെ യഹോവ”യാൽ അനുഗ്രഹിക്കപ്പെട്ട വ്യക്തിയായി ജീവിക്കുക.

ദിനം 15

# യാഹ്‌വേ ത്സുരി: കർത്താവ് എന്റെ പാറ
## (YAHWEH TSURI - The Lord is my Rock)

ദൈവത്തിന്റെ ഈ സ്വഭാവസവിശേഷത സങ്കീർത്തനങ്ങളിൽ പലഭാഗത്തും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്; പ്രത്യേകിച്ച് **സങ്കീർത്തനം 18:2**ൽ; ദാവീദ് ഇപ്രകാരം പറയുന്നു:
*“യഹോവ എന്റെ ശൈലവും, എന്റെ കോട്ടയും, എന്റെ രക്ഷകനും; എന്റെ ദൈവവും എന്റെ അഭയമായ പാറയും ആകുന്നു. അവിടുന്ന് എന്റെ പരിചയും എന്റെ രക്ഷയുടെ കൊമ്പും, എന്റെ അഭയസ്ഥാനവും തന്നേ”.*

“ത്സുർ” *(Tsur)* എന്ന മൂലവാക്കിൽനിന്നുമാണ് “ത്സുരി” *(Tsuri)* എന്ന ഹീബ്രൂവാക്ക് രൂപപ്പെടുന്നത്, “പാറ” “കല്ല്” എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. സ്ഥിരതയില്ലാത്തതും പാപത്തിൽ മുഴുകിയതുമായ ഒരു ജീവിതത്തിൽനിന്നും മാറി സ്ഥിരതയുള്ള വിശ്വാസവും സമാധാനവും വിശുദ്ധിയും മുഖമുദ്രയാക്കിയ ഒരു ജീവിതം നയിക്കുന്നതിനെ സൂചിപ്പിക്കുന്ന ഒരു ഗുണവിശേഷണമാണ് “പാറ എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. “എന്റെ പാറ”യെന്ന് ദൈവത്തെ നാം വിളിക്കുമ്പോൾ, ദൈവത്തിന്റെ സംരക്ഷണവും വിടുതലും ശക്തിയും സ്ഥിരതയും ഭംഗിയായി ആ വിളിയിൽ ഉൾക്കൊള്ളുന്നു.

**സംരക്ഷണം:**
പാറ ഒരു അഭയസ്ഥാനമാണ്, അപകടം നേരിടുന്ന ഏതൊരാൾക്കും സുരക്ഷതേടി ഒളിക്കാനായി ഓടിച്ചെല്ലാനുള്ള ഒരു രക്ഷാസങ്കേതം.

**വിടുതൽ:**
ഉറച്ചുനിൽക്കാനുള്ള ഒരു പ്രതലമാണ് പാറ. അപകടത്തിൽ നിന്നുമുള്ള രക്ഷാസങ്കേതം എന്നതിലുപരിയായി, ശക്തിയും താങ്ങും ഉറപ്പും നല്കുന്ന ഒരു സ്ഥിര അടിത്തറയും പാറ ഒരുക്കുന്നു. വെല്ലുവിളികൾ ഉയരുന്ന സമയത്ത് ഇടറാതെ സ്ഥിരതയോടുകൂടി നിലകൊള്ളാൻ ഇതു നമ്മെ സഹായിക്കുന്നു.

**ശക്തിയും സ്ഥിരതയും:**
എളുപ്പത്തിൽ ചലിക്കുകയോ തകരുകയോ ചെയ്യാത്ത കരുത്തിനെ പ്രതിനിധീകരിക്കുന്ന ഒരു സംഗതിയാണ് പാറ. ദൈവത്തെ പാറയെന്ന് ദാവീദ് വിളിക്കുമ്പോൾ, ഇടറാത്ത ശക്തിനല്കുന്നതും, ഏതൊരു കൊടുങ്കാറ്റിനും യാതൊരു ശത്രുവിനും ഇളക്കാൻ കഴിയാത്ത ഉറപ്പുനല്കുന്നതുമായ ഒരു ഉറവിടമാണ് തന്റെ ദൈവം എന്ന് അദ്ദേഹം അർത്ഥമാക്കുന്നു.

ദൈവത്തിന്റെ മാറ്റംവരാത്തതും ഉറപ്പുള്ളതും വിശ്വസ്തവുമായ പ്രകൃതം നാം തിരിച്ചറിയുമ്പോൾ നമുക്കു ദൈവത്തോടുള്ള ആശ്രയം വർദ്ധിക്കുകയും പ്രയാസകാലഘട്ടങ്ങളിൽ പ്രത്യാശയോടെ മുന്നേറാൻ കരുത്തു ലഭിക്കുകയും ചെയ്യും, കർത്താവാകുന്ന പാറയിൽ വേരൂന്നിയവരായി നിന്നുകൊണ്ട്.

ആരാണു നമ്മുടെ ദൈവം? “യാഹ്‌വേ ത്സൂരി” - “എന്റെ പാറ”!

**പ്രതിഫലന ചിന്തകൾ:**

- സങ്കീർത്തനം 18 വായിച്ച്, നമ്മുടെ സംരക്ഷകനും ഉറപ്പുള്ള അസ്തിവാരവുമായ ദൈവത്തിന്റെ മഹത്ത്വത്തെക്കുറിച്ചു ധ്യാനിക്കുക.

- ഭയവും ആകാംക്ഷയും അസ്ഥിരതയും നിങ്ങളിലേക്കു കടന്നുവരുമ്പോൾ നിങ്ങൾ എവിടേക്കാണു തിരിയുന്നത്? താത്കാലിക പരിഹാരമാർഗ്ഗങ്ങളിലേക്കാണോ - സ്വാശ്രയത്തിലേക്കോ, വ്യക്തികളിലേക്കോ, ഭൗതിക വസ്തുക്കളിലേക്കോ ഒക്കെ? അതോ, മാറ്റമില്ലാത്ത പാറയും ആശ്രയവും കോട്ടയുമായ ദൈവത്തിലേക്കാണോ?

- ജീവിതത്തിലെ വിഷമഘട്ടങ്ങളിൽ സ്വാശ്രയമെന്ന വ്യാജ അസ്തിവാരത്തിൽ ആശ്രയിച്ചപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവം എന്താണ്?

- ഒരു പാറയെന്ന നിലയിൽ ദൈവത്തിന്റെ മാറ്റമില്ലാത്ത പ്രകൃതം നിങ്ങളുടെ വിശ്വാസത്തിൻ എത്രമാത്രം പ്രോത്സാഹനമാകുന്നുണ്ട്?

- ദൈവം നിങ്ങളുടെ പാറയാണെന്ന് അനുദിനം നിങ്ങളെ ഓർമ്മിപ്പിക്കാൻ എപ്രകാരം സാധിക്കും? (അനുദിനപ്രാർത്ഥനയിലൂടെയും, ദൈവവചന ധ്യാനത്തിലൂടെയും, ആരാധനയിലൂടെയും, ദൈവം ചെയ്ത നന്മകൾ കുറിച്ചുവയ്ക്കുന്നതിലൂടെയുമൊക്കെ ദൈവത്തിന്റെ ഈ സാന്നിദ്ധ്യത്തിന്റെ ഓർമ്മ പുതുക്കാനാകും)

നിങ്ങൾ കടന്നുപോകുന്ന ദുർഘടങ്ങൾ ഏതുതന്നെയായാലും, “യാഹ്‌വേ ത്സൂരി” - “യാഹ്‌വേ എന്റെ പാറ” എന്ന് ഓർമ്മപ്പെടുത്തുക. ജീവിതത്തിന്റെ വെല്ലുവിളികളിൽ ഉറച്ചുനിൽക്കാനായി ഉറപ്പുള്ള ഈ പാറയിൽ നിങ്ങളുടെ ജീവിതം പടുത്തുയർത്തുക.

**കൂടുതൽ ധ്യാനത്തിന്:**
സങ്കീർത്തനം 62, ആവർത്തനം 32 (മോശയുടെ ഗീതം), മത്തായി 7:24-27.

## ദിനം 16

# യാഹ്‌വേ റാഹ്: കർത്താവ് എന്റെ ഇടയൻ

## (YAHWEH RAAH {YHWH-RA’AH or ROI} - The Lord is my Shepherd)

ദൈവത്തെ പലപ്പോഴും “ഇടയൻ” എന്നു വിളിക്കുന്നത് നാം കാണുന്നുണ്ട് - തന്റെ ജനത്തെപ്രതിയുള്ള ദൈവത്തിന്റെ കരുതലും, വഴിനടത്തലും, സംരക്ഷണവും, നായകത്വവുമെല്ലാം വിളിച്ചോതുന്ന ഒരു നാമമാണിത്.

“യാഹ്‌വേ റാഹ്” - “കർത്താവ് എന്റെ ഇടയൻ”

സങ്കീർത്തം 23ലെ ദാവീദിന്റെ പ്രസ്താവനയിൽനിന്നുമാണ് ഈ നാമം തുടങ്ങുന്നത്, *“യഹോവ എന്റെ ഇടയൻ ആകുന്നു; എനിക്കൊന്നിനും കുറവുണ്ടാകുകയില്ല”.* ഹീബ്രൂ ഭാഷയിൽ “റാഹ്” എന്ന വാക്കിന്റെ അർത്ഥം “മേയ്ക്കുന്നവൻ”, “പരിപാലിക്കുന്നവൻ” എന്നൊക്കെയാണ്. ഒരു പരിപാലകനും സംരക്ഷകനും നയിക്കുന്നവനും കൂട്ടത്തെ കരുതുന്നവനുമൊക്കെയാകുന്ന ഒരു ഇടയന്റെ സ്ഥാനക്കാരനായിട്ടാണ് ദൈവത്തെ ഇവിടെ ഉയർത്തിക്കാട്ടുന്നത്.

ഒരു ഇടയനെന്ന നിലയിൽ നാം മനസ്സിലാക്കേണ്ട മൂന്നു കാര്യങ്ങളിലെങ്കിലും **സങ്കീർത്തനം 23** പ്രചോദനം നല്കുന്നുണ്ട്:

1. **“എനിക്ക് ഒന്നിനും കുറവില്ല”** (വാക്യം 1).
   നമുക്കുവേണ്ടിയതെല്ലാം ദൈവം തരുന്നു. നമ്മുടെ ആഗ്രഹങ്ങളെല്ലാമാണ് ദൈവത്തിന്റെ കാര്യപരിപാടി എന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. പരമാധികാരത്തോടുകൂടിയുള്ള ദൈവത്തിന്റെ ലക്ഷ്യങ്ങളും അവിടുത്തെ ജ്ഞാനവും അടിസ്ഥാനപ്പെടുത്തിയാണ് ദൈവം നമുക്കായി കരുതുന്നത്. എന്നിരുന്നാലും, ദൈവത്തിന്റെ കൂട്ടത്തിലെ ഒരു ആട് എന്ന നിലയിൽ, *“നന്മയും കരുണയും ജീവി*

*തകാലം മുഴുവൻ എന്നെ പിന്തുടരും നിശ്ചയം"* (വാക്യം 6) എന്നത് നമുക്ക് ഉറപ്പുള്ള ഒരു കാര്യമാണ്.

2. **"തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു"** (വാക്യം 3).
   ആടുകളുടെ കാര്യത്തിലെന്നപോലെ, ശരിയായ പാതകൾ ജീവിതത്തിൽ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ നമുക്കും അറിവുകുറവുണ്ട്. എന്നാൽ നമുക്ക് ഏറ്റവും മികച്ച പാതകാണിക്കാനുള്ള അറിവും ജ്ഞാനവുമുള്ള ശരിയായ ഒരു ഇടയൻ നമുക്കുണ്ട്. തിരുനാമം നിമിത്തം അവിടുന്ന് നമ്മെ നയിക്കുന്നു - അവിടുത്തെ നാമമഹത്വം തന്നെയാണ് ഏറ്റവും പ്രഥമമായ ലക്ഷ്യം.

3. **"ഞാൻ ഒരു ദോഷവും ഭയപ്പെടുകയില്ല; അവിടുന്ന് എന്നോടൊപ്പമുണ്ടല്ലോ"** (വാക്യം 4).
   ദൈവം നമ്മോടൊപ്പം എപ്പോഴുമുണ്ട്. ദൈവത്തിനുമാത്രമാണ് സദാ നമ്മോടൊപ്പം സന്നിഹിതനായ ഒരു ഇടയനാകാൻ കഴിയുന്നത്, കാരണം അവിടുന്ന് സർവ്വവ്യാപിയാണ്. ദൈവത്തിന്റെ സാന്നിദ്ധ്യം നമുക്കൊപ്പമുള്ളതുകൊണ്ട് നാം ഒന്നിനെയും ഭയപ്പെടേണ്ടതില്ല. പ്രത്യേകിച്ച് ഇരുണ്ടതാഴ്‌വരകളിലൂടെ നാം കടന്നുപോകുമ്പോഴും തിന്മയായവൻ ഓരോ മുക്കിലും നമ്മെ കാത്തുനിൽക്കുമ്പോഴും. നമുക്കു മുമ്പേ കടന്നുപോയ അനേകം തലമുറകൾ ശക്തമായ ഈ വാഗ്ദാനം അവകാശമാക്കിയവരാണ്.

ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയ്ക്കേണ്ടിയിരുന്ന ഇസ്രായേലിന്റെ നായകർ സ്വാർത്ഥമതികളായി ആട്ടിൻകൂട്ടത്തെ കരുതാതെ വന്ന കാലഘട്ടത്തിൽ, പ്രവാചകനായ യെഹെസ്കേലിലൂടെ ദൈവം ഇപ്രകാരം പറഞ്ഞു: *"[11]യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: "ഞാൻ തന്നെ എന്റെ ആടുകളെ തിരയുകയും അന്വേഷിക്കുകയും ചെയ്യും. [12]ഒരിടയൻ ആടുകളോടൊപ്പം ഉള്ളപ്പോൾ ചിതറിപ്പോയവയെ അന്വേഷിക്കുന്നതുപോലെ ഞാൻ എന്റെ ആടുകളെ അന്വേഷിക്കും. മേഘവും ഇരുട്ടും ഉണ്ടായിരുന്ന നാളിൽ അവ ചിതറിപ്പോയ എല്ലാ സ്ഥലങ്ങളിൽനിന്നും ഞാൻ അവയെ വിടുവിക്കും"."*(യെഹെസ്കേൽ 34:11-12).

ബാബിലോണിന്റെ അടിമത്തത്തിൽ ആയിരുന്ന തന്റെ ജനതയെ വാഗ്ദത്ത ദേശത്തിലേക്കു തിരികെക്കൊണ്ടുവന്ന് അവരെ സ്ഥിരപ്പെടുത്തിയതിലൂടെ ആദ്യം ദൈവം ഈ വാഗ്ദാനം നിറവേറ്റി. എന്നാൽ ഈ വാഗ്ദാനത്തിന്റെ ശ്രേഷ്ഠമായ പൂർത്തീകരണമെന്ന നിലയിൽ ഒരു ഇടയനായി ദൈവം നമ്മുടെ മദ്ധ്യേ ഇറങ്ങിവന്നു. നമ്മുടെ മഹായിടയൻ യേശുമാത്രമാണ്.

**യോഹന്നാൻ 10:11-14**ൽ, "നല്ല ഇടയനെന്ന്" യേശു സ്വയം പരാമർശിക്കുന്നു, തന്നെ അനുഗമിക്കുന്നവർക്കുവേണ്ടി ജീവൻ ബലികഴിക്കാനും അവരെ നിത്യജീവിതത്തിലേക്കു വഴിനയിക്കാനുമുള്ള യേശുവിന്റെ ജീവത്യാഗം മുൻനിറുത്തിക്കൊണ്ട്. നമുക്കുവേണ്ടി മതിയായ വിലകൊടുക്കാനും, ജീവൻതന്നെ ഉപേക്ഷിക്കാനും അവിടുന്നു തയ്യാറായി. മനുഷ്യവർഗ്ഗത്തിന്റെ ഏറ്റവും വലിയ ഭയത്തെ അവിടുന്നു കീഴടക്കി - മരണത്തെ, അതേ വിജയം നമുക്കായി വാഗ്ദാനം ചെയ്യുകയും ചെയ്തു. സ്വർഗ്ഗത്തിലുള്ള തന്റെ പച്ചപ്പുറങ്ങളിലേക്ക് നമ്മെ കൂട്ടിച്ചേർക്കാനായി യേശു കാത്തിരിക്കുന്നു.

യേശു എന്ന നല്ല ഇടയനാണ് *"ഞാനോ യുഗാന്ത്യംവരെയും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും"* (മത്തായി 28:20) എന്ന വാഗ്ദാനം നമുക്കു നല്കിയത്.

**പ്രതിഫലന ചിന്തകൾ:**

- സങ്കീർത്തനം 23ലെ ഏതു വാക്യമാണ് ഇപ്പോഴത്തെ നിങ്ങളുടെ ജീവിത സാഹചര്യത്തെ കൃത്യമായി വിവരിക്കുന്നത്?

- നിങ്ങൾ പച്ചപ്പുൽപ്പുറങ്ങൾ ആസ്വദിക്കുന്നുണ്ടോ? അതോ നിങ്ങൾ ഇരുട്ടുനിറഞ്ഞ ഒരു താഴ്‌വരയിലാണോ? എവിടെയായാലും നല്ല ഇടയനായ കർത്താവിൽ ആശ്രയിക്കുകയും സന്തോഷിക്കുകയും ചെയ്യുക, കാരണം അവിടുന്നു നിങ്ങളെ കരുതുന്നു.

- നിങ്ങളുടെ ഇടയനുമായുള്ള ബന്ധത്തിൽ നിങ്ങൾ സുരക്ഷിതബോധമുള്ളവരാണോ? അതോ സംശയനിഴലിലാണോ?

- നിങ്ങളുടെ ഇടയന്റെ നായകത്വത്തിനും വഴികാട്ടലിനും വഴങ്ങുന്ന ഒരു വ്യക്തിയാണോ നിങ്ങൾ? ജീവിതത്തിലെ ഏതൊക്കെ മേഖലകളിലാണ് നിങ്ങൾക്ക് നായകത്വം വേണ്ടത്? അവയെല്ലാം എഴുതിവയ്ക്കുക, വഴിനടത്തലിനായി പ്രാർത്ഥിക്കുക.

**കൂടുതൽ ധ്യാനത്തിന്:**
ഏശയ്യ 40, യെഹെസ്കേൽ 34, യോഹന്നാൻ 10:1-18

ദിനം 17

# യാഹ്‌വേ മെലെഖ് - രാജാവായ യാഹ്‌വേ
## (YAHWEH MELEK: GOD THE KING)

“മെലെഖ്” എന്ന ഹീബ്രൂ വാക്കിന്റെ അർത്ഥം “രാജാവ്” അല്ലെങ്കിൽ “ഭരിക്കുക” എന്നൊക്കെയാണ്. “മെലെഖ്” എന്ന വാക്ക് ബൈബിളിൽ പലപ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും മിക്കവാറും സമയങ്ങളിൽ മനുഷ്യവംശത്തിലെ രാജാക്കന്മാരെ സൂചിപ്പിക്കാനാണിതുപയോഗിച്ചിരിക്കുന്നത്, വളരെ കുറച്ചു സമയങ്ങളിൽമാത്രം ദൈവത്തെ സൂചിപ്പിക്കാനും.

**ഏശയ്യാ 33:22**ൽ ഇപ്രകാരം എഴുതിയിരിക്കുന്നു:
*“യഹോവ നമ്മുടെ രാജാവ്; അവിടുന്ന് നമ്മെ രക്ഷിക്കും”.*

“രാജാവ്” എന്ന് ദൈവത്തെ അഭിസംബോധന ചെയ്യുമ്പോൾ ദൈവശാസ്ത്രപരമായി പലരീതിയിലുള്ള പ്രാധാന്യം അതിനുണ്ട്, ദൈവത്തിന്റെ അധികാരവും, നീതിയും, ഉടമ്പടിയുമെല്ലാം ഇതിൽ ഉൾപ്പെടുന്നവയാണ്. നമ്മുടെ മോചനത്തിനും, സംരക്ഷണത്തിനും, നമുക്കുവേണ്ടതെല്ലാം നല്കുന്നതിനും, നമ്മെ സ്നേഹിക്കുന്നതും വേണ്ടി പൊരുതുന്ന രാജാവെന്ന നിലയിലുള്ള ദൈവത്തെക്കുറിച്ചാണ് മുകളിൽ നല്കിയ വചനം സംസാരിക്കുന്നത്.

“എന്നന്നേക്കുമുള്ള രാജാവ്” (സങ്കീർത്തനം 10:16), “നിത്യ രാജാവ്” (യിരമ്യ 10:10), “മഹത്വത്തിന്റെ രാജാവ്” (സങ്കീർത്തനം 24:7-10) എന്ന വിശേഷണങ്ങളോടെ ദൈവത്തിന്റെ രാജത്വം തിരുവചനങ്ങളിൽ വിളംബരം ചെയ്യപ്പെടുന്നു.

താൻ സൃഷ്ടിച്ച സകലതിന്റെയും മീതെ ദൈവം ഭരിക്കുന്നു, അവിടുത്തെ വാഴ്ചക്ക് അവസാനവുമില്ല. ശമുവേൽ ഇസ്രായേലിനെ നയിച്ചുകൊണ്ടിരുന്നപ്പോൾ, ദേശക്കാർ വന്ന് തങ്ങളെ ഭരിക്കാൻ അവർക്കൊരു രാജാവിനെ തരണം എന്ന് ആവശ്യപ്പെട്ടു. ഇതുകേട്ടപ്പോൾ ശമുവേൽ ദുഃഖിതനായി, അദ്ദേഹം ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം അദ്ദേഹത്തോട് എപ്രകാരം പ്രതികരിച്ചു എന്നു നോക്കുക:

**1 ശമുവേൽ 8:6-7**
*“[6]എന്നാൽ - “ഞങ്ങളെ നയിക്കാൻ ഞങ്ങൾക്കൊരു രാജാവിനെ തരിക” എന്ന് അവർ പറഞ്ഞത് ശമുവേലിന് അപ്രീതിയായി. അദ്ദേഹം യഹോവയോടു പ്രാർത്ഥിച്ചു. [7]യഹോവ അദ്ദേഹത്തോട് ഇപ്രകാരം അരുളിച്ചെയ്തു: “ജനം നിന്നോടു പറയുന്നതെല്ലാം ശ്രദ്ധിച്ചുകേൾക്കുക! അവർ നിന്നെയല്ല, അവരുടെ രാജാവെന്ന നിലയിൽ എന്നെയാണ് തിരസ്കരിച്ചിരിക്കുന്നത്”.”*

ദൈവം പറഞ്ഞതു നോക്കൂ: *“അവർ എന്നെയാണ് തിരസ്കരിച്ചിരിക്കുന്നത്”*. ദൈവം അവരുടെ രാജാവായിരുന്നു, അവിടുന്ന് അവരെ നയിച്ചത് മനോഹരമായാണ്, എന്നിരുന്നാലും ആ ജനത ദൈവത്തെ അവരുടെ രാജാവ് എന്ന നിലയിൽ തിരസ്കരിച്ച് മനുഷ്യകുലത്തിൽപ്പെട്ട ഒരു രാജാവിനെ ആവശ്യപ്പെട്ടു. ദൈവജനതയുടെ മേലുള്ള ദൈവത്തിന്റെ വാഴ്ചയെ “തെയോക്രസി” (Theocracy) എന്നാണ് വിളിക്കുന്നത്. മനുഷ്യരെ സംബന്ധിച്ച് ഏറ്റവും ശ്രേഷ്ഠമായ ഒരു രീതിയായിരുന്നു ഇത്. ദൈവവാഴ്ചയിൽ, ദൈവം അവരെ നയിക്കാനായി ആത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട പ്രവാചകരെയും നായകരെയും നല്കിയിരുന്നു. എന്നിരുന്നാലും ഈ സാഹചര്യത്തിൽ ദൈവമാണ് തങ്ങളുടെ രാജാവെന്ന പരിഗണന ദൈവജനതയ്ക്കുണ്ടാകണമായിരുന്നു.

**സങ്കീർത്തനം 5:2**
*“എന്റെ രാജാവും എന്റെ ദൈവവുമേ, എന്റെ നിലവിളിയുടെ ശബ്ദം ശ്രദ്ധിക്കേണമേ; അങ്ങയോടാണല്ലോ ഞാൻ പ്രാർത്ഥിക്കുന്നത്.”*

ദാവീദ് ദൈവത്തെ തന്റെ രാജാവ് എന്നു വിളിച്ചു. സകലത്തിലും മീതെയുള്ള ദൈവത്തിന്റെ അധികാരവും ശക്തിയും നിയന്ത്രണവും ഏറ്റുപറയുന്ന ഒരു സ്ഥാനമാണ് ദൈവത്തിന്റെ രാജത്വസ്ഥാനം. ഈ സങ്കീർത്തനത്തിലൂടെ ദൈവം ഒരുകാര്യം വ്യക്തമാക്കുന്നു; ദൈവം മാത്രമാണ് നീതിയുടെ രാജാവ്, നീതിയോടെ ഭരിക്കുന്ന രാജാവും.

പഴയനിയമ കാലഘട്ടത്തിൽ, എല്ലാത്തരത്തിലുള്ള തിന്മയും ദുഷ്ടതയും പ്രവർത്തിക്കുന്ന രാജാക്കന്മാർക്ക് ഇസ്രായേൽ ദേശം സാക്ഷ്യം വഹിച്ചിട്ടുണ്ട്, ദാവീദും ഇതു കണ്ടിട്ടുണ്ട്. അതുകൊണ്ടായിരിക്കും ദൈവം

മാത്രമാണ് പരിശുദ്ധനും നീതിമാനും പരിപൂർണ്ണനുമായ ഏകരാജാവ് എന്ന് ദാവീദ് പറഞ്ഞത്.

"യാഹ്‌വേ മെലെഖ്" - നമ്മുടെ രാജാവായ ദൈവം പ്രചോദിതമായ ദൈവവചനത്തിലൂടെ, ബൈബിളിലൂടെ, തന്റെ കല്പനകൾ നല്കിയിരിക്കുന്നു. ദൈവത്തെ നാം രാജാവായി പരിഗണിക്കുമ്പോൾ, അവിടുത്തെ വാഴ്ചയ്ക്കു നാം കീഴടങ്ങിയിരിക്കണം. സ്നാനമേൽക്കുന്ന സമയത്ത് നാം ഏറ്റുപറയുന്നത് "യേശു എന്റെ കർത്താവ്" എന്നാണ്. "ഇത്രയും കാലം ഞാൻതന്നെയായിരുന്നു എന്റെ രാജാവ്, എന്നാൽ ഇനിമേൽ എന്റെ രാജാവും കർത്താവും ഭരണാധികാരിയുമായി യേശുവിനെ സ്വീകരിക്കുന്നു" എന്നാണ് നാം ഈ ഏറ്റുപറയുന്നതിന്റെ അർത്ഥം. യേശുവിനെ നമ്മുടെ രാജാവായി നാം സ്വീകരിക്കുമ്പോൾ, നാം അവിടുത്തെ രാജ്യത്തിലേക്കു പ്രവേശിക്കുന്നു. അങ്ങനെ, പുതിയനിയമത്തിൽ നാം ക്രിസ്തുവിന്റെ വാഴ്ചയിലേക്ക്, "ക്രിസ്റ്റോക്രസി"യിലേക്ക് (Christocracy) പ്രവേശിക്കുന്നു.

**1 പത്രോസ് 2:9**ൽ ഇപ്രകാരം എഴുതിയിരിക്കുന്നു:
*"നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ജനതയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും ദൈവത്തിന്റെ സ്വന്തജനവും ആകുന്നു."*

"യാഹ്‌വേ മെലെഖ്" നമ്മുടെ രാജാവാണെന്ന് നാം ഏറ്റുപറയുമ്പോൾ, അവിടുത്തെ സ്തുതികൾ ഏറ്റുപറയുന്നവരായി ജീവിക്കുകയും, അവിടുത്തോടു കൂടുതൽ കൂടുതലായി അനുരൂപരായിത്തീരുകയും ചെയ്തുകൊണ്ട് അവിടുത്തെ നാമമഹത്ത്വത്തിനായി ജീവിക്കുമെന്നു വാഗ്ദാനം ചെയ്യുകയാണു ചെയ്യുന്നത്. അപ്രകാരം നമ്മുടെ ജീവിതം കണ്ടിട്ട് നമുക്കു ചുറ്റുമുള്ളവർ യാഹ്‌വേ മെലെഖിന് സ്തുതികൾ അർപ്പിക്കുമെന്നും.

**പ്രതിഫലന ചിന്തകൾ:**

- ദൈവമാണോ നിങ്ങളുടെ ജീവിതത്തിലെ "മെലെഖ്" (രാജാവ്)? നിങ്ങളുടെ ജീവിതത്തിൽ ദൈവവാഴ്ചക്കു കീഴടങ്ങിയാണോ ജീവിക്കുന്നത്?

- നിങ്ങളുടെ വിളിക്കുയോഗ്യമായ ഒരു ജീവിതമാണോ നിങ്ങൾ ജീവിക്കുന്നത് (ദൈവരാജ്യത്തിലെ പ്രജയെന്ന നിലയിൽ)?

- ദൈവമാണ് നിങ്ങളുടെ ജീവിതത്തിൽ രാജാവെന്നു വ്യക്തമാകാൻ എന്തു ജീവിത മാറ്റങ്ങളാണു വരുത്തേണ്ടത്?

**കൂടുതൽ ധ്യാനത്തിന്:**
ഏശയ്യ 43, സങ്കീർത്തനം 44, 1 യോഹന്നാൻ 2:3-6, വെളിപാട് 21

## ദിനം 18
# ഇസ്സി: എന്റെ ഭർത്താവ്
## (I-SI - My Husband)

"ഇസ്സി" എന്ന വാക്കിന് ഹീബ്രൂ ഭാഷയിൽ "ഭർത്താവ്" എന്നാണ് അർത്ഥം.

**ഹോശിയ 2:16**
*"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: "ആ ദിവസത്തിൽ നിങ്ങൾ എന്നെ 'ഈശി' എന്നു വിളിക്കും; 'ബാലീ' എന്നു ഇനിമേൽ വിളിക്കുകയില്ല"."*

**ഏശയ്യാ 54:5**
*"നിന്റെ സ്രഷ്ടാവുതന്നെ നിന്റെ ഭർത്താവ്. സൈന്യങ്ങളുടെ യഹോവയെന്നാണ് അവിടുത്തെ നാമം. നിന്റെ വീണ്ടെടുപ്പുകാരൻ യിസ്രായേലിന്റെ പരിശുദ്ധനാണ്; സകലഭൂമിയുടെയും ദൈവമെന്ന് അവിടുന്നു വിളിക്കപ്പെടും".*

ദൈവത്തിന്റെ ഓരോ നാമത്തിനും സവിശേഷമായ അർത്ഥതലങ്ങളുണ്ട്, എന്നാൽ ഏറ്റവും പ്രധാനമായി,

നമ്മോട് എത്രമാത്രം അടുപ്പം വേണമെന്ന ദൈവത്തിന്റെ ആഗ്രഹം വെളിപ്പെടുത്തുന്ന വാക്കുകളാണ് ഓരോ നാമവും. മനുഷ്യവർഗ്ഗം അനുഭവിച്ചറിഞ്ഞിട്ടുള്ള ഏറ്റവും തീവ്രമായ ബന്ധമാണ് വിവാഹബന്ധം. നമ്മെ സൃഷ്ടിച്ച ദൈവം സത്യമായും നമ്മുടെ സ്വർഗ്ഗീയപിതാവാണ്, എന്നിരുന്നാലും ദൈവത്തെ തങ്ങളുടെ ഭർത്താവായി പരിഗണിക്കണമെന്ന് ദൈവം ഇസ്രായേൽ മക്കളോട് ആവശ്യപ്പെടുന്നു. "മഹത്തായ രണ്ടാമത്തെ പ്രണയ കഥ" എന്നാണ് ഹോശിയാവിന്റെ പുസ്തകം അറിയപ്പെടുന്നത്. വ്യഭിചാരിണിയായ ഗോമറിനെ വിവാഹം കഴിക്കാനും പിന്നീട് അവൾ അവിശ്വസ്തതകാണിച്ച് മറ്റൊരാളുടെ അടിമയായിത്തീർന്നപ്പോൾ പണം കൊടുത്ത് ലേലത്തിൽ അവളെ സ്വന്തമാക്കാനും അവളോടു വിശ്വസ്തത കാണിക്കാനും ദൈവം ഹോശിയാവിനോട് ആവശ്യപ്പെട്ടു. ഇതിനെയാണു നാം വീണ്ടെടുപ്പ് എന്നു വിളിക്കുന്നത്. വിശ്വസ്തനായ ആ ഭർത്താവ് ദൈവം തന്നെയാണ്, വ്യഭിചാരിണിയും അവിശ്വസ്തയുമായ ആ സ്ത്രീയാകട്ടെ ഇസ്രായേലും. തന്റെ വിശ്വസ്തതയിൽ തുടർന്ന ദൈവം, വഴിപിഴച്ചുപോയ തന്റെ ഭാര്യയുടെ തെറ്റുകൾ പൊറുത്ത് വലിയ വിലയും കൊടുത്ത് തിരിച്ചുവാങ്ങി; പിന്നീടുള്ള അവളുടെ ജീവിതകാലമത്രയും വിശ്വസ്ത ഭാര്യയായി ജീവിക്കണം എന്ന പ്രത്യാശയോടെ.

ഇസ്രായേൽ ദേശത്തെ വീണ്ടെടുത്ത ശേഷം, ദൈവം ഇസായേലിനോട് തന്നെ "എന്റെ ഭർത്താവ്" എന്നു വിളിക്കണം എന്ന് ആവശ്യപ്പെടുന്നു. (ഹോശിയ 2:16)

പുതിയനിയമത്തിലാകട്ടെ, സഭയെ മണവാട്ടിയായും യേശുവിനെ മണവാളനായും ചിത്രീകരിക്കുന്നു. യേശുവിന്റെ രണ്ടാം വരവിനെ വിളിക്കുന്നത് "കുഞ്ഞാടിന്റെ വിവാഹം" എന്നു പേരിട്ടാണ് - മണവാളൻ മണവാട്ടിയോടു ചേരുകയും സ്വർഗ്ഗത്തിൽ അവരുടെ വിവാഹജീവിതം ആരംഭിക്കുകയും ചെയ്യുന്ന ആ ശ്രേഷ്ഠ മുഹൂർത്തം.

പുരുഷനും സ്ത്രീയും തമ്മിൽ വിവാഹ ഉടമ്പടിയിൽ (മനസ്സമ്മതത്തിൽ) ഏർപ്പെടുമ്പോൾ, ആ വ്യക്തിയെത്തന്നെ ഉടനെ വിവാഹം ചെയ്യും എന്ന ഒരു ഉടമ്പടി/വാഗ്ദാനമാണു നല്കുന്നത്. അവർ പരസ്പരം വിശ്വസ്തരായിരിക്കുമെന്നും വേറൊരാളുമായും ഇത്തരത്തിൽ ഒരു ബന്ധത്തിലേക്കു പ്രവേശിക്കുകയുമില്ല എന്ന ഒരു വാഗ്ദാനമാണ് ഇവിടെ നല്കപ്പെടുന്നത്. പരസ്പരം ഒന്നിക്കാനും ഒരുമിച്ചു ജീവിക്കാനും വേണ്ടി അവർ വിവാഹ ദിവസത്തെ നോക്കിപ്പാർത്തുകഴിയുന്നു - എല്ലാ അർത്ഥത്തിലും. ഇതുപോലെ തന്നെ, നാം സ്നാനമേറ്റ ആ ദിവസം, യേശുവാണ് എന്റെ കർത്താവ് എന്ന് ഏറ്റുപറഞ്ഞ് യേശുവുമായി ഒരു വാഗ്ദാനത്തിൽ/ഉടമ്പടിയിൽ ഏർപ്പെടുന്നു. യേശുവിനോടുള്ള വിശ്വസ്തതയിൽ നാം ജീവിക്കുമെന്നും, അവിടുന്ന് തിരികെവന്ന് നമ്മെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്ന നാൾവരെ യേശുവിനോടുള്ള വാഗ്ദാനത്തിൽ ജീവിക്കുമെന്നുമാണ് ഇതിലൂടെ നാം അർത്ഥമാക്കുന്നത്.

**പ്രതിഫലന ചിന്തകൾ:**

- ദൈവത്തെ "ഭർത്താവ്" എന്ന് വിളിക്കാൻ തക്കവണ്ണമുള്ള ഒരു ഗാഢബന്ധത്തിലേക്ക് അവിടുന്നു നിങ്ങളെ വിളിക്കുന്നു എന്നചിന്ത നിങ്ങളിൽ ഉണർത്തുന്ന പ്രതികരണം എന്താണ്?

- നൂറുശതമാനം വിശ്വസ്തതയും സമർപ്പണവും സ്നേഹവും കാത്തുസൂക്ഷിക്കുന്ന ഒരു വ്യക്തിയായി നിങ്ങളെ യേശുവിനു കാണാൻ കഴിയുമോ?

- **യാക്കോബ് 4:4**ൽ അദ്ദേഹം ഇപ്രകാരം എഴുതിയത് എന്തുകൊണ്ടായിരിക്കും:
  *"ദൈവത്തെ ത്യജിച്ച അവിശ്വസ്തരേ, ലോകസ്നേഹം ദൈവത്തോടുള്ള ശത്രുത്വമാണെന്നു നിങ്ങൾ അറിയുന്നില്ലേ? അതിനാൽ ലോകത്തിന്റെ സ്നേഹിതനാകാൻ ആഗ്രഹിക്കുന്നവൻ ദൈവത്തിന്റെ ശത്രുവായിത്തീരുന്നു."*?

- ലോകവുമായി ഒരു ചാപല്യബന്ധം കാത്തുസൂക്ഷിച്ചുകൊണ്ട് യേശുവിനോട് അവിശ്വസ്തത കാണിക്കുന്ന ഒരു വ്യക്തിയാണോ നിങ്ങൾ?

- ലോകത്തോടു പൂർണ്ണമായി വിച്ഛേദിതരാകാനും യേശുവിനോടു പൂർണ്ണമായി സമർപ്പിതരാകാനും ഇനിയും എന്തൊക്കെ കാര്യങ്ങൾ നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്?

**കൂടുതൽ ധ്യാനത്തിന്:**
യാക്കോബ് 4:1-10, 1 യോഹന്നാൻ 2:3-6, 1 യോഹന്നാൻ 3:1-3, 1 പത്രോസ് 2:11-12, മത്തായി 22:34-40, യിരമ്യ 31:32

ദിനം 19

# എൽ ഛായി – ജീവിക്കുന്ന ദൈവം
## (EL CHAY - 'EL KHAH'-EE - THE LIVING GOD)

"എൽ ഛായി" എന്ന ഹീബ്രൂ വാക്കിന് "ജീവിക്കുന്ന ദൈവം" എന്നാണ് അർത്ഥം. "ഛായി" എന്ന ഹീബ്രൂ വാക്കിന് "ജീവിക്കുന്നത്", "ജീവനുള്ളത്", "പച്ചയായത്", "ഒഴുകുന്നത്", "പുതിയത്", "സജീവമായത്", "പ്രവർത്തനനിരതമായത്" എന്നിങ്ങനെയുള്ള അർത്ഥതലങ്ങളുണ്ട്. "ഛായി" എന്ന ഹീബ്രൂ വാക്ക് യഹൂദജനതയുടെ ലോക്കറ്റുകളിലും മറ്റും രേഖപ്പെടുത്തി കാണാറുണ്ട്, ജീവനെ പ്രതിനിധാനം ചെയ്യുന്ന രീതിയിൽ.

തങ്ങളുടെ ചുറ്റുമുള്ള ജനതകളുടെ വ്യാജവിഗ്രഹങ്ങളിൽ നിന്നും ഇസ്രായേലിന്റെ ദൈവത്തെ വേർതിരിച്ചു നിർത്തുന്ന ഒരു നാമമാണിത്. മനുഷ്യകരങ്ങളാൽ നിർമ്മിതമായ മരമോ കല്ലോ കൊണ്ടുള്ള വിഗ്രഹങ്ങളിൽനിന്നും വ്യത്യസ്തമായി, ജീവിക്കുന്ന ദൈവം തന്നെയാണ് സ്വർഗ്ഗവും ഭൂമിയുമെല്ലാം സൃഷ്ടിച്ചത്. ജീവന്റെ ഉറവിടം ദൈവം തന്നെയാണ്.

സകലവിജാതീയ ദൈവങ്ങൾക്കും വിഗ്രഹങ്ങൾക്കും മീതെയുള്ള ദൈവത്തിന്റെ അധീശത്വവും, മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത ദൈവത്തിന്റെ പ്രകൃതവും എടുത്തുകാണിക്കുന്ന ഒരു നാമമാണിത് (യിരമ്യ 10:1–16). അതുകൊണ്ടുതന്നെ, ഇസ്രായേൽ ജനത്തെ സംബന്ധിച്ച്, തങ്ങളുടെ ദൈവത്തിന്റെ അതിശയകരമായ ശ്രേഷ്ഠതയെ വിളംബരം ചെയ്യുന്ന ഒരു ശീർഷകം കൂടിയാണ് "എൽ ഛായി" എന്നത്.

**സങ്കീർത്തനം 84:2**
*"എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു തളർന്നു പോകുന്നു. എന്റെ ഹൃദയവും എന്റെ ശരീരവും ജീവിക്കുന്ന ദൈവത്തിനായി നിലവിളിക്കുന്നു".*

ദൈവത്തിന്റെ സാന്നിദ്ധ്യത്തിനുവേണ്ടിയുള്ള തന്റെ തീക്ഷ്ണമായ ആഗ്രഹവും വിശപ്പും പ്രതിഫലിപ്പിക്കുന്ന ഒരു സങ്കീർത്തനമാണിത്; "എൽ ഛായി" – "ജീവിക്കുന്ന ദൈവ"ത്തിനുമാത്രം സംതൃപ്തമാക്കാൻ സാധിക്കുന്ന ഒരു ദാഹം.

എന്റെ ഹൃദയവും എന്റെ ശരീരവും എന്ന പ്രയോഗം കൊണ്ട്, തന്റെ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും ഉൾക്കൊള്ളുന്ന രീതിയിൽ ദൈവത്തോടുള്ള തന്റെ സ്നേഹവും ദൈവത്തിനു വേണ്ടിയുള്ള അഭിലാഷവും അദ്ദേഹം പങ്കുവയ്ക്കുന്നു.

വിജാതീയർ ആരാധിക്കുന്നതുപോലെയുള്ള വിദൂരസ്ഥനും ജീവനില്ലാത്തവനുമായ ഒരു ദൈവമല്ല "എൽ ഛായി", സജീവവും പ്രവർത്തനനിരതവുമായ ഒരുവനാണ്. തന്റെ ജനതകളോടൊപ്പമുള്ള സഹവാസത്തിലൂടെ അവിടുന്ന് അവരെ രൂപാന്തരപ്പെടുത്തിയെടുക്കുന്നു. "എൽ ഛായി" മറ്റു വ്യാജദൈവങ്ങളെപ്പോലെയല്ല, അവിടുന്ന് ജീവനുള്ളവനും നിത്യനും സ്നേഹമുള്ളവനും ആരാധന യ്ക്കുയോഗ്യനായ ഏകനുമാണ്.

സങ്കീർത്തകനു ദൈവത്തോടുള്ള കാംക്ഷ കാണുമ്പോൾ നാമും ചിന്തിക്കേണ്ടതുണ്ട്, നമ്മിലും ഇതുപോലെ ആഴമേറിയ ഒരു കാംക്ഷ വസിക്കുന്നുണ്ടോയെന്ന്.

ജീവിക്കുന്ന ഈ ദൈവം നമുക്കുവേണ്ടി എന്താണു ചെയ്യുന്നത്?

**സങ്കീർത്തനം 121:3–4**
*"[3]നിന്റെ കാൽ വഴുതുവാൻ അവിടുന്ന് അനുവദിക്കുകയില്ല; നിന്നെ കാവൽ ചെയ്യുന്നവൻ ഉറങ്ങുകയുമില്ല. [4]യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല."*

*"[5]അവയ്ക്കു വായുണ്ട്; എങ്കിലും സംസാരിക്കുന്നില്ല; കണ്ണുണ്ട്, എങ്കിലും കാണുന്നില്ല. [6]അവയ്ക്കു ചെവിയുണ്ട്, എങ്കിലും കേൾക്കുന്നില്ല; മൂക്കുണ്ട്, എങ്കിലും മണക്കുന്നില്ല"* (സങ്കീർത്തനം 115) എന്നൊക്കെയാണ് വിഗ്രഹങ്ങളെക്കുറിച്ച് വചനത്തിൽ വിവരിക്കുന്നത്. എന്നാൽ ഇതിനുവിപരീതമായ, ജീവനുള്ള ഒരു ദൈവത്തെ അറിയാൻ കഴിഞ്ഞത് എത്രവലിയ ഭാഗ്യമാണ്! ജീവിക്കുന്നവനാകയാൽ, സകലതും സദാ കാണാനുള്ള കണ്ണ് ദൈവത്തിനുണ്ട്. അവിടുന്ന് നമ്മെക്കുറിച്ചു കരുതലുള്ളവനാകയാൽ, അവിടുത്തെ കണ്ണുകൾ മയങ്ങുകയോ ഉറങ്ങുകയോ ചെയ്യുന്നില്ല.

**പ്രതിഫലന ചിന്തകൾ:**

- അനേകദശലക്ഷങ്ങൾ ജീവനുള്ള ദൈവത്തെ അറിയാതെ, ജീവനില്ലാത്ത വിഗ്രഹങ്ങളെ ആരാധിച്ചു കഴിയുമ്പോൾ, നിങ്ങൾക്ക് അവിടുത്തെ അറിയുവാൻ ലഭിച്ച അവസരത്തെ ഒരു സവിശേഷ അവകാശമായി കാണുന്നുണ്ടോ?

- ജീവനുള്ള ദൈവത്തിന്റെ സജീവസാന്നിദ്ധ്യത്തിലാണുനിങ്ങൾ ജീവിക്കുന്നതെന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടോ?

- ഉറങ്ങാതെയും മയങ്ങാതെയും ഇരുന്ന് നിങ്ങളെ പരിപാലിക്കുന്ന ഒരു ദൈവത്തെ അറിയാൻ കഴിഞ്ഞതിനെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?

- നിങ്ങളുടെ ഹൃദയാഭിലാഷം എന്താണ്? ജീവനുള്ള ദൈവത്തോടു കൂട്ടുകൂടാനുള്ള വാഞ്ച നിങ്ങളിലുണ്ടോ? നിങ്ങളിലെ ജീവിത മൂല്യങ്ങളുടെയും, മുൻഗണനകളുടെയും ക്രമപട്ടികയെക്കുറിച്ചു ചിന്തിക്കുക.

- ദൈവത്തെ കാംക്ഷിക്കാനായി നിങ്ങളുടെ മുഴുവൻ ശരീരത്തെയും മനസ്സിനെയും എപ്രകാരം ഒരുക്കാൻ സാധിക്കും?
  (ഉദാ: 1 തെസ്സലോനിക്യർ 5:16–18 സദാ പ്രാർത്ഥിക്കുക; സങ്കീർത്തനം 1 രാവും പകലും അവിടുത്തെ വചനം ധ്യാനിക്കുക)

**കൂടുതൽ ധ്യാനത്തിന്:**
ഏശയ്യ 46, യിരമ്യ 10, സങ്കീർത്തനം 103, 2രാജാക്കന്മാർ 19

## ദിനം 20

# മാഷെഹ്, മിസ്ഗാബ്

## (God is My Refuge [Machseh] and My Fortress [Misgab])

**സങ്കീർത്തനം 62**, ദൈവത്തിലുള്ള ആശ്രയവും ദൈവത്തിലുള്ള സമ്പൂർണ്ണ ആത്മവിശ്വാസവും കീഴടങ്ങലും പ്രകടമാക്കുന്ന ഒരു സങ്കീർത്തനമാണ്; തന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഒരു പ്രതിസന്ധിഘട്ടത്തിലൂടെ കടന്നുപോയപ്പോൾ ദാവീദ് എഴുതിയതാണിത്. തന്നെ വധിക്കാനായി പിന്നാലെ പാഞ്ഞു നടക്കുന്ന ശൗലിന്റെ കണ്ണിൽപ്പെടാതെ മരുഭൂമിയിലൂടെ അലഞ്ഞു നടക്കുന്ന സമയത്താണ് ദാവീദ് ഇതെഴുതിയത് എന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ അതല്ല, ദാവീദിന്റെ പുത്രനായ അബ്ശാലോം പിതാവിന്റെ രാജ്യം കയ്യേറാനായി സൈന്യമുന്നേറ്റം നടത്തി വന്നപ്പോൾ അവന്റെ മുന്നിൽനിന്നു ജീവനും കൊണ്ടു പാഞ്ഞ സമയത്ത് എഴുതിയതാണെന്ന് മറ്റുചിലർ അഭിപ്രായപ്പെടുന്നു. അദ്ദേഹം എഴുതിയതു നോക്കുക:

**സങ്കീർത്തനം 62:3–4**
*“[3]എത്രത്തോളം നിങ്ങൾ ഒരു മനുഷ്യനെ ആക്രമിക്കും? ചാഞ്ഞ മതിലും പൊളിഞ്ഞ വേലിയും പോലെ അവനെ നിങ്ങളെല്ലാവരും നിലംപതിപ്പിക്കുന്നു. ‘ഉന്നതസ്ഥാനത്തുനിന്ന് അവനെ തള്ളിയിടുകയാണ് അവരുടെ ലക്ഷ്യം; അവർ വ്യാജത്തിൽ സന്തോഷിക്കുന്നു. അധരം കൊണ്ട് അവർ അനുഗ്രഹിക്കുന്നു; ഹൃദയംകൊണ്ടു ശപിക്കുന്നു.”*

തന്നെ ആക്രമിക്കുകയും നിലംപരിശാക്കുകയും ചെയ്യുന്നുവെന്ന തോന്നലാണ് ദാവീദിനുണ്ടായിരുന്നത്. രാജസ്ഥാനത്തുനിന്നു തന്നെ അട്ടിമറിക്കണമെന്ന ഉദ്ദേശ്യത്തോടെ ആളുകൾ പെരുമാറുന്നതിനെക്കുറിച്ച് ദാവീദ് ബോധവാനായിരുന്നു. തന്റെ ചുറ്റുമുള്ള ചിലയാളുകളുടെ ഇരട്ടത്താപ്പ് ദാവീദ് കാണുന്നുണ്ടായിരുന്നു. പുറമേ അവർ ദാവീദിനെ അനുഗ്രഹിക്കുമെങ്കിലും ഉള്ളിൽനിന്ന് ശപിക്കുന്നുണ്ടായിരുന്നു. ദാവീദിനെക്കുറിച്ച് അവർ നുണകൾ പ്രചരിപ്പിക്കുന്നുണ്ടായിരുന്നു.

നിങ്ങൾക്ക് ഇത്തരം കാര്യങ്ങളെ മനസ്സിലാക്കാൻ കഴിയുമോ? നിങ്ങൾക്ക് ഇതുപോലുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? നിങ്ങൾ എങ്ങനെയാണു പെരുമാറിയത്? ദാവീദ് എങ്ങനെയാണ് ഇത്തരം സാഹചര്യങ്ങളെ കൈകാര്യം ചെയ്തത്?

വേദനനിറഞ്ഞതും കലുഷിതവും ഏകാന്തവുമായ ഇത്തരമൊരു സന്ദർഭത്തിലാണ് ദാവീദ് ഈ വരികൾ എഴുതിയത്. ദൈവത്തിന്റെ ഒരിക്കലും ഇളകാത്ത ശക്തിയിലും അധികാരത്തിലും നമ്മുടെ നങ്കൂരമുറപ്പിക്കാൻ ദാവീദ് നമ്മെ ക്ഷണിക്കുന്നു. കാരണം അവിടുത്തേക്കു മാത്രമാണ് നമ്മെ യഥാർത്ഥ സ്വസ്ഥതയിലേക്കു നയിക്കാൻ കഴിയുന്നതും, ഇളകാത്ത സുരക്ഷിതത്വം നല്കാൻ കഴിയുന്നതും; കാരണം, ദൈവം നമ്മെ അത്രമാത്രം സ്നേഹിക്കുന്നു.

തന്നെ സംബന്ധിച്ച് ദൈവം ആരാണെന്നും, തനിക്കു ദൈവത്തിലുള്ള വിശ്വാസത്തിന്റെ ആഴമെത്രയുണ്ടെന്നുമുള്ള ദാവീദിന്റെ പ്രഖ്യാപനങ്ങളാണ് നാം ഈ സങ്കീർത്തനം വായിക്കുമ്പോൾ മനസ്സിലാക്കുന്നത്. ദൈവം ഏകനാണെന്നും, ദൈവത്തിൽ മാത്രമാണ് തന്റെ ആത്മാവിന് ശാന്തിലഭിക്കുന്നതെന്നും ദാവീദ് ഇവിടെ വെളിവാക്കുന്നു (വാ 1,5). ശത്രുക്കളുടെ കരങ്ങളിൽ നിന്നും തന്നെ രക്ഷിക്കാനും തനിക്കു പ്രതിരോധം തീർക്കാനുമുള്ള ദൈവത്തിന്റെ ശക്തിയെയും (വാ 11), നൂറു ശതമാനവും ആശ്രയിക്കാവുന്ന ദൈവത്തിന്റെ അചഞ്ചല സ്നേഹത്തെയും (വാ 12) കുറിച്ച് ദാവീദ് എഴുതുന്നു.

ദാവീദിനെ സംബന്ധിച്ച് ദൈവം തന്റെ "പാറയും" (വാ 2, 6, 8), "രക്ഷയും" (വാ 1, 2, 6), "കോട്ടയും" (വാ 2, 6), "രക്ഷാസങ്കേതവും" (വാ 7, 8) ആണ്.

ഇവിടെ ദാവീദ് ഉപയോഗിക്കുന്ന കുറച്ചു ഹീബ്രൂ വാക്കുകൾ നമുക്കു നോക്കാം:

**"മാശെഹ്"** ("സുരക്ഷാസ്ഥാനം", "അഭയസ്ഥാനം" എന്നൊക്കെ അർത്ഥം - വാക്യം 7, 8) എന്ന വാക്കാണ് ഒന്ന്. സംരക്ഷണം നല്കുന്ന ദൈവത്തിന്റെ ഹൃദയത്തെയാണ് ഈ വാക്കു സൂചിപ്പിക്കുന്നത്, അപകടങ്ങളിലും പ്രയാസങ്ങളിലും ദൈവം നമുക്കായി ഒരു ആശ്രയസ്ഥാനം ഒരുക്കുന്നു.

**"മിസ്ഗാബ്"** (വാക്യം 6) എന്ന വാക്കാണ് അടുത്തത്. "കോട്ട", "എത്തിച്ചെല്ലാൻ ദുഷ്കരമായ ഒരു പാറയിടുക്ക്", "പ്രതിരോധസ്ഥലം" എന്നൊക്കെയാണ് ഇതിന്റെ അർത്ഥം. ശത്രുവിന് എത്തിപ്പെടാൻ പറ്റാത്തവിധത്തിൽ ഉറപ്പുള്ള ഒരു കോട്ടയിലോ സങ്കേതത്തിലോ നമ്മെ സൂക്ഷിച്ചുവച്ചുകൊണ്ട് ദൈവം നമുക്കു പ്രതിരോധം തീർക്കും എന്ന ആശയമാണ് ഈ വാക്കിലൂടെ ധ്വനിക്കുന്നത്.

ഏറ്റവും സുരക്ഷിതമായ സ്ഥലവും, ഏറ്റവും സുരക്ഷിതമായ വ്യക്തിയും ദൈവമാണെന്ന് നമ്മോടു സംവദിക്കുന്ന വാക്കുകളാണിത്. നമുക്ക് ദൈവത്തിൽ ആശ്രയിക്കാൻ കഴിയും മാത്രമല്ല, എല്ലാക്കാര്യത്തിലും നാം "ഒ കെ" ആയിരിക്കും. നമ്മിൽ അരക്ഷിതാവസ്ഥ ഉളവാക്കുന്ന സകല കാര്യങ്ങളുടെയും മദ്ധ്യത്തിൽ ദൈവത്തിൽ ആശ്രയിക്കുമ്പോൾ നാം സുരക്ഷിതരായിരിക്കും. ഭീഷണികളുടെ മദ്ധ്യത്തിൽ നാം സുരക്ഷിതരായിരിക്കും, സകലവിധ ആക്രമണങ്ങളുടെ നടുവിലും നാം സംരക്ഷിതരായിരിക്കും. നാം കുലുങ്ങാൻ ദൈവം അനുവദിക്കുകയില്ല, അവിടുത്തെ രക്ഷ (വിടുതൽ) നമുക്ക് ഉറപ്പാണ്. നമ്മുടെ ശത്രുക്കളിൽനിന്നും നമ്മെ രക്ഷിക്കുന്ന കോട്ടയായി ദൈവം തന്നെ നിൽക്കും, നമുക്കു സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തും.

ജീവൻ അപകടത്തിൽ പെട്ടിരിക്കുന്ന സമയത്താണ് ദൈവവുമായി തനിക്ക് ഇപ്രകാരമുള്ള ഒരു ബന്ധമുണ്ടെന്നതിനെക്കുറിച്ച് വിശ്വാസത്തോടും ബോധ്യത്തോടും കൂടെ ദാവീദ് എഴുതുന്നത്.

**പ്രതിഫലന ചിന്തകൾ:**

- ഇപ്പോൾ നിങ്ങളിൽ കുടികൊള്ളുന്ന ആകുലതകളും ഭയങ്ങളും ഭാരങ്ങളും എന്തൊക്കെയാണ്?
- ഈ സാഹചര്യങ്ങളിൽ ദൈവസാന്നിദ്ധ്യം നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ടോ?
- ദൈവം നിങ്ങളെ നിരീക്ഷിക്കുന്നുണ്ടെന്നും അവിടുന്ന് നിങ്ങളെ നോക്കിക്കൊള്ളുമെന്നും കാണാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ?
- നിങ്ങളുടെ പ്രശ്നങ്ങളെക്കാൾ വലിയവനാണു ദൈവം എന്ന വിശ്വാസം നിങ്ങൾക്കുണ്ടോ?
- ദാവീദിനെപ്പോലെ, ദൈവത്തെ നിങ്ങളുടെ "അഭയസ്ഥാന"വും "കോട്ട"യുമായി ഉൾക്കൊള്ളാൻ, നിങ്ങൾ എന്തൊക്കെ ചെയ്യേണ്ടതുണ്ട്?

**കൂടുതൽ ധ്യാനത്തിന്:**
സങ്കീർത്തനം 91, സങ്കീർത്തനം 46, മത്തായി 11:28-30, ഫിലിപ്യർ 4:6-9

**ആഹ്വാനം:**
നിങ്ങൾ സ്വന്തമായി ഒരു സങ്കീർത്തനം ദൈവത്തിന് എഴുതുക.

ദിനം 21

# യാഹ്വേ ശഫാത്: ദൈവം നമ്മുടെ ന്യായാധിപൻ
## (YAHWEH SHAPHAT: God Our Judge)

"ന്യായാധിപൻ എന്നർത്ഥമുള്ള ഹീബ്രൂ വാക്കാണ് "ശഫാത്". ദൈവത്തിന്റെ പലവിധ ധർമ്മങ്ങൾ (roles) ബൈബിളിൽ നമുക്കു കാണാനാകും, അതിലൊരു പ്രധാനപ്പെട്ട ധർമ്മമാണ് "ന്യായാധിപൻ" എന്നത്.

**ഏശയ്യ 33:22**
*"എന്തെന്നാൽ യഹോവ നമ്മുടെ ന്യായാധിപൻ; യഹോവ നമുക്ക് ന്യായദാതാവ്; യഹോവ നമ്മുടെ രാജാവ്; അവിടുന്ന് നമ്മെ രക്ഷിക്കും."*

ദേശങ്ങളുടെയും ജനതകളുടെയും ദുഷ്ടത കണ്ട ഏശയ്യാവിന്റെ ഹൃദയം ശക്തമായ വികാരങ്ങൾക്കു കീഴ്പെട്ടു. അശ്ശൂർ ദേശക്കാർ വന്ന് ഇസ്രായേൽ ദേശത്തെ ആക്രമിക്കുമെന്നു പ്രവചിക്കാൻ ദൈവം ഏശയ്യാവിനെ ഉപയോഗിച്ചു. അതേ സമയം, ന്യായവിധിയുടെ വിനാശ വാൾ കൊണ്ടുവരുന്ന അതേ ദൈവംതന്നെ ഇസ്രായേലിനെ വീണ്ടെടുക്കുകയും ചെയ്യുമെന്ന വിവരം ദൈവം ഏശയ്യാവിനു വെളിപ്പെടുത്തിക്കൊടുത്തു. എന്തുകൊണ്ടാണ് ഇതുപോലുള്ള കാര്യങ്ങൾ സംഭവിക്കുന്നത്? കാരണം യാഹ്വേയാണ് നമ്മുടെ ന്യായാധിപൻ, യാഹ്വേ തന്നെയാണ് നമുക്ക് ന്യായപ്രമാണങ്ങൾ നല്കുന്നവൻ, നമ്മുടെ രാജാവും അവിടുന്നാണ് എന്ന് ഏശയ്യാ വെളിപ്പെടുത്തുന്നു. യാഹ്വേ നമ്മെ രക്ഷിക്കും! "യാഹ്വേ ശഫാത് - ദൈവം നമ്മുടെ ന്യായാധിപൻ" എന്ന ദൈവനാമത്തെക്കുറിച്ച് നമുക്കിന്നു പഠിക്കാം.

നിയമത്തിന്റെ ഏതു വശത്താണോ ആളുകൾ ആയിരിക്കുന്നത്, അതിനെ അടിസ്ഥാനമാക്കി ആളുകൾ ന്യായാധിപനെ ഭയപ്പെടുകയോ അല്ലെങ്കിൽ ന്യായാധിപനെ പ്രത്യാശയോടെ നോക്കുകയോ ചെയ്യുന്നു. അവർ നേരിടുവാൻ പോകുന്ന ന്യായാധിപന്റെ പ്രത്യേകതകളെ ആശ്രയിച്ചാണ് ഇക്കാര്യങ്ങളുടെ ഗതിവിഗതികൾ നിർണ്ണയിക്കപ്പെടുന്നത്. നിയമലംഘനത്തിന്റെ ഭാഗത്തു നില്ക്കുന്നവരെ സംബന്ധിച്ച് ന്യായാധിപനോടു ഭയവും നിയമാനുസരണത്തിന്റെ ഭാഗത്തു നില്ക്കുന്നവർക്ക് ന്യായാധിപനിൽ പ്രത്യാശയും ഉണ്ടാകും. ന്യായാധിപന്റെ നീതിബോധവും ഇക്കാര്യത്തിൽ സ്വാധീനമുളവാക്കുന്ന ഒരു ഘടകമാണ്. നമ്മുടെ കാര്യത്തിലാവട്ടെ, നമ്മുടെ ന്യായാധിപനായ ദൈവം പരിപൂർണ്ണനായും നീതിയുള്ളവനാണ്. ദൈവത്തിന്റെ ഏറ്റവും സുപ്രധാനമായ പ്രകൃതത്തിൽ ഒന്നുതന്നെയാണ് അവിടുത്തെ നീതി. ദൈവത്തിന് നീതിയിൽനിന്നും വഴുതിമാറാൻ കഴിയില്ല. കാരണം അവിടുന്നുതന്നെയാണ് നിയമദാതാവും നിയമപാലകനും.

**സങ്കീർത്തനം 94:2**ൽ സങ്കീർത്തകൻ ഇപ്രകാരം പറയുന്നു:
*"ഭൂമിയുടെ അധിപതിയേ, എഴുന്നേല്ക്കണമേ. അഹങ്കാരികൾക്ക് അർഹമായ ശിക്ഷ നല്കണമേ."*
സകലത്തിന്റെയും ന്യായാധിപനാണ് ദൈവം.

നമ്മുടെ പ്രവൃത്തികൾ മാത്രമല്ല, പ്രവൃത്തികൾക്കു പിന്നിലുള്ള ചേതോവികാരം പോലും ന്യായവിധിമേശയിൽ കൊണ്ടുവരുവാൻ കഴിവുള്ള ഏകന്യായാധിപനാണ് ദൈവം. നമ്മുടെ "ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും" അവിടുന്ന് വിവേചിക്കുന്നു.(എബ്രായർ 4:12). അവിടുന്ന് ന്യായം വിധിക്കുന്നു. നമ്മുടെ "ശഫാത്തി"നോടു നാം പ്രാർത്ഥിക്കുമ്പോൾ, പരിപൂർണ്ണനീതി നടപ്പിൽ വരുത്തണമെന്ന് ശഠിക്കുന്ന ദൈവത്തോടാണു നാം പ്രാർത്ഥിക്കുന്നത്; എന്നാൽ തന്റെ പുത്രന്റെ ജീവത്യാഗം വഴി പാപശിക്ഷയിൽ നിന്നും നമ്മെ വിടുവിക്കാൻ നമുക്കായി ഒരു വഴിയുമൊരുക്കിയ നമ്മുടെ "ശഫാത്തി"നോടാണ് നാം പ്രാർത്ഥിക്കുന്നത്.

തനിക്കെതിരെ പാപം ചെയ്യുന്ന തന്റെ എതിരാളികളുടെ പാപഭാരം സ്വയം ഏറ്റെടുത്ത്, അവർക്കു തന്റെ രാജ്യത്തിൽ പങ്കാളികളാകാനും തന്റെ പുത്രസ്ഥാനം നല്കുവാനായി അവരുടെ പാപപരിഹാരത്തിനുള്ള വിലയും നല്കിയ ഒരു നിയമദാതാവും, ന്യായാധിപനും, രാജാവുമാണ് നമ്മുടെ ദൈവം.

നമ്മുടെ പാപഭാരത്തിനുള്ള വില യേശു നല്കിക്കഴിഞ്ഞ ഒരു ജീവിതമാണു നാം നയിക്കുന്നതെങ്കിലും,

നമ്മുടെ ജീവിതം പാപബോധമില്ലാതെ ജീവിച്ചുകളയാനാവില്ല:

**എബ്രായർ 4:13**
*"അവിടുത്തെ ദൃഷ്ടിയിൽനിന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവിടുത്തെ കണ്ണുകൾക്കുമുമ്പിൽ നഗ്നവും തുറന്നതുമായി കിടക്കുന്നു. അവിടുത്തോടത്രേ നമുക്കു കാര്യമുള്ളത്."*

**എബ്രായർ 10:26–27**
*"[26]സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കുന്നില്ല; [27]പിന്നെയോ ന്യായവിധിയുടെ ഭയാനകമായ സാധ്യതയും എതിരാളികളെ ദഹിപ്പിക്കുന്ന ക്രോധവിധിയുമേ ഉള്ളൂ."*

അപ്പോൾപിന്നെ നാം എങ്ങനെയാണു ജീവിക്കേണ്ടത്?

**2 കൊരിന്ത്യർ 5:9–10**
*"[9]അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും കർത്താവിനെ പ്രസാദിപ്പിക്കുകയാണു ഞങ്ങളുടെ ജീവിതലക്ഷ്യം. [10]ഓരോ വ്യക്തിയും ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്ത നന്മയ്ക്കോ തിന്മയക്കോ തക്കവണ്ണം പ്രാപിക്കുവാൻ നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ വെളിപ്പെടേണ്ടതാകുന്നു."*

ദൈവത്തെ നമ്മുടെ ന്യായാധിപനായി കണ്ടു ജീവിക്കുമ്പോൾ, അവിടുത്തെ പ്രസാദിപ്പിക്കുന്നത് നമ്മുടെ ജീവിതലക്ഷ്യമായിക്കണ്ടുകൊണ്ടുതന്നെ നാം ജീവിക്കണം.

**പ്രതിഫലന ചിന്തകൾ:**
- ദൈവമാണ് "യാഹ്‌വേ ശഫാത്" – "ന്യായാധിപനായ ദൈവ"മെന്നുള്ള തിരിച്ചറിവ് നിങ്ങൾക്കുണ്ടോ?
- നിങ്ങളുടെ ചിന്തകളിലും മനോഭാവത്തിലും സംസാരത്തിലും പ്രവൃത്തികളിലുമെല്ലാം "ദൈവമാണു ന്യയാധിപൻ" എന്ന ഓർമ്മയും ശ്രദ്ധയും നിങ്ങൾക്കുണ്ടോ?
- ദൈവത്തെ പ്രസാദിപ്പിക്കൽ നിങ്ങളുടെ ജീവിതോദ്ദേശ്യമാണോ?
- നിങ്ങളുടെ അനുദിന ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെയായിരിക്കും, ദൈവത്തെ പ്രസാദിപ്പിക്കുന്ന വിധത്തിൽ ജീവിക്കാൻ?

**കൂടുതൽ ധ്യാനത്തിന്:**
2 കൊരിന്ത്യർ 5, എബ്രായർ 10:36–39, മത്തായി 25

ദിനം 22

# മിഖ്‌വേ ഇസ്രായേൽ: ഇസ്രായേലിന്റെ പ്രത്യാശ
## (MIQVEH ISRAEL: Hope of Israel)

"മിഖ്‌വേ ഇസ്രായേൽ" എന്നത് ഹീബ്രൂ ഭാഷയിലുള്ള ദൈവത്തിന്റെ ഒരു നാമമാണ്.

"മിഖ്‌വേ എന്ന വാക്കിന്റെ അർത്ഥം "പ്രത്യാശ", "പ്രതീക്ഷ", "ആശ്രയം", "വലിയപതീക്ഷയോടെയുള്ള കാത്തിരിപ്പ്" എന്നൊക്കെയാണ്.

"മിഖ്‌വേ ഇസ്രായേൽ" എന്ന വാക്കിനെ "ഇസ്രായേലിന്റെ പ്രത്യാശ" എന്നു നമുക്ക് പരിഭാഷപ്പെടുത്താനാകും. തന്റെ ജനത്തോടുള്ള ദൈവത്തിന്റെ വിശ്വസ്തതയും, പ്രത്യാശയുടെ ഉറവിടമെന്ന രീതിയിലുള്ള ദൈവത്തിന്റെ സാന്നിദ്ധ്യവും ഈ നാമം പ്രതിനിധീകരിക്കുന്നുണ്ട്. യഹോവയാണ് ഏറ്റവും വലിയ പ്രത്യാശയെന്നും അഭയസ്ഥാനമെന്നുമുള്ള ഓർമ്മപ്പെടുത്തൽ ദൈവഭക്തർക്ക് ഈ നാമം നല്കുന്നു.

ആധികാരിക ഹീബ്രൂ-ഗ്രീക്ക് വാക്കുകളുടെ അകാരാദി സംഖ്യാകണക്കു പ്രകാരം (Strong's Numbers) "മിഖ്‌വേ" എന്ന നാമം 11 തവണ പഴയനിയമത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ട്.

**യിരമ്യ 17:13**
*"യിസ്രായേലിന്റെ പ്രത്യാശയായ യഹോവേ, അങ്ങയെ ഉപേക്ഷിച്ചുപോകുന്ന ഏതൊരുവനും ലജ്ജിതനാകും. അങ്ങയെ വിട്ടുപോകുന്നവരെ മണ്ണിൽ എഴുതിവയ്ക്കും; കാരണം, ജീവജലത്തിന്റെ ഉറവയായ യഹോവയെ അവർ ഉപേക്ഷിച്ചുകളഞ്ഞുവല്ലോ."*

ദൈവമാണ് നമ്മുടെ പരമമായ പ്രത്യാശ, അതിനാൽ അവനിൽ നിന്നും പിന്തിരിയുന്നത് നമ്മെ വലിയ നിരാശയിലേക്കായിരിക്കും കൊണ്ടുപോകുന്നത്. ദൈവത്തിൽ നാം പ്രത്യാശവയ്ക്കുമ്പോൾ, നമ്മുടെ രക്ഷകനായ അവിടുന്ന് നമ്മെ വിടുവിക്കുന്നു, കാരണം ദൈവത്തിന്റെ പ്രകൃതം അതാണ്.

നമുക്കു വിടുതലിനും, രക്ഷയ്ക്കും, സംരക്ഷണത്തിനും, വേണ്ടകാര്യങ്ങൾ ലഭിക്കുന്നതിനും, വഴിനടത്തലിനും വേണ്ടി എപ്പോഴും ദൈവത്തിലേക്കു തിരിയാം. സ്നേഹവും വിശ്വസ്തതയും നന്മയും കരുണയും ശക്തിയുമെന്ന ദൈവത്തിന്റെ സ്വാഭാവിക പ്രകൃതി തിരുവചനം മുന്നോട്ടുവയ്ക്കുന്ന ദൈവീക പ്രത്യാശയുടെ അടിസ്ഥാന വേരാണ്.

**സങ്കീർത്തനം 42:5**
*"എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു? നീ അന്തരംഗത്തിൽ എന്തിന് അസ്വസ്ഥനായിക്കഴിയുന്നു? ദൈവത്തിൽ പ്രത്യാശയർപ്പിക്കുക. അവിടുന്നു എന്റെ രക്ഷകനും എന്റെ ദൈവവുമാകുന്നു. അതിനാൽ ഞാൻ ഇനിയും സ്തുതിക്കും."*

നമ്മുടെ ജീവിതത്തിൽ ധാരാളം പ്രതിസന്ധികൾ ഉണ്ടായിരിക്കാം, എന്നിരുന്നാലും മിഖ്‌വാ യിസ്രായേൽ നമ്മുടെ പ്രത്യാശയായിരിക്കുമ്പോൾ നമുക്ക്:
- അവിടുത്തെ സാന്നിദ്ധ്യത്തിൽ കരുത്തുകണ്ടെത്താനാകും
- അവിടുത്തെ വിശ്വസ്തതയിൽ ആശ്രയം വയ്ക്കാനാകും
- അവിടുത്തെ രക്ഷയും വിടുതലും കാത്തിരിക്കാനാകും

അവിശ്വാസികളിൽനിന്നും വിശ്വാസികളെ വേർതിരിച്ചു കാണിക്കുന്ന ഒരു ഘടകം പ്രത്യാശതന്നെയാണ് (1 തെസ്സലോനിക്യർ 4:13)

യേശുവിന്റെ രണ്ടാം വരവും, നമ്മുടെ രൂപാന്തരീകരണവും കാത്തുനില്ക്കുന്ന നമുക്ക് യേശുവിൽ പൂർണ്ണമായ പ്രത്യാശയോടെ ജീവിക്കാനാകും.

**പ്രതിഫലന ചിന്തകൾ:**
- ദൈവത്തിൽ പ്രത്യാശവയ്ക്കാൻ നിങ്ങൾക്ക് എപ്പോഴും കഴിയാറുണ്ടോ?

- ഇല്ലെങ്കിൽ ദൈവത്തെ പൂർണ്ണമായും മനസ്സിലാക്കാനും, അങ്ങനെ ദൈവത്തിൽ പൂർണ്ണപ്രത്യാശ വയ്ക്കാനും വേണ്ട രീതിയിൽ പ്രയത്നിക്കാൻ നിങ്ങൾ തയ്യാറാണോ?

- "എന്റെ പ്രത്യാശ ദൈവത്തിലാണ്" എന്നു പ്രഖ്യാപിക്കാൻ നിങ്ങളെ എന്തൊക്കെ സഹായിക്കും?

- വേറെ എന്തിലൊക്കെയാണ് നിങ്ങൾ പ്രത്യാശ കണ്ടെത്തുന്നത്? (ഉദാ: നിങ്ങളുടെ കഴിവുകളിൽ, ലോകത്തിൽ, സമ്പത്തിൽ, മതാനുഷ്ഠാനങ്ങളിൽ...). ഇത്തരം ഒരു മാനസികാവസ്ഥയിൽനിന്നും എപ്രകാരം കരകയറാൻ പറ്റും?

**പ്രാർത്ഥന:**
**റോമർ 15:13**
*"പ്രത്യാശ നല്കുന്ന ദൈവം തന്നിൽ വിശ്വാസം അർപ്പിക്കുന്ന നിങ്ങളെ സകല സന്തോഷത്താലും സമാധാനത്താലും നിറയ്ക്കട്ടെ. അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങളിൽ പ്രത്യാശ കവിഞ്ഞൊഴുകുകയും ചെയ്യുമാറാകട്ടെ."*

**കൂടുതൽ ധ്യാനത്തിന്:**
സങ്കീർത്തനം 62:5, സങ്കീർത്തനം 119:114, മത്തായി 12:21, അപ്പ 24:15, 1 തെസ്സലോനിക്യർ 1:3

ദിനം 23

# പെലെ യോവെസ്: അത്ഭുത മന്ത്രി

## (PELE YOWES: Wonderful Counselor)

ഏശയ്യാ പുസ്തകത്തിന്റെ 9-ാം അദ്ധ്യായത്തിൽ യൂദാദേശത്തെക്കുറിച്ചാണ് ഏശയ്യാവ് പ്രവചിക്കുന്നത്. തങ്ങളുടെ ശക്തി ക്ഷയിച്ചതായി തോന്നിയ യൂദാദേശം അവരുടെ ശത്രുക്കളായ അശ്ശൂർ ദേശത്തെ ഭയപ്പെടുവാൻ തുടങ്ങി; ദൈവം തങ്ങളോടൊപ്പമുണ്ടോയെന്ന കാര്യത്തിൽ അവർക്ക് ഉറപ്പില്ലായിരുന്നു. യൂദാദേശത്തോടു സംസാരിച്ച ഏശയ്യാവ്, യേശുവിന്റെ ജനനത്തിനു 700 വർഷങ്ങൾക്കു മുമ്പേതന്നെ യേശുവിന്റെ വാഴ്ചയെക്കുറിച്ച് പ്രവചിച്ചു.

**ഏശയ്യ 9:6**
*"നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിലായിരിക്കും. അവന്റെ പേര്* ***അത്ഭുതമന്ത്രി****, ശക്തനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നായിരിക്കും."*

യേശുവിന്റെ ജനനത്തെക്കുറിച്ചും, യേശുവിനെ "അത്ഭുതമന്ത്രി" എന്നു പേർവിളിക്കുന്നതിനെക്കുറിച്ചും പരാമർശിക്കുന്ന ഒരു പ്രവചനമാണിത്. അത്ഭുതവാനും പരിപൂർണ്ണനുമായ ഒരു മന്ത്രിയാണ് യേശു.

**1. അത്ഭുതവാൻ**

തന്റെ ജനനത്തിൽ മാത്രമല്ല, ജീവിതത്തിലും, ഉപദേശത്തിലും, താൻ പ്രവർത്തിച്ച അത്ഭുതങ്ങളിലും, തന്റെ സ്നേഹത്തിലും, സഹനത്തിലും, മരണത്തിലും, ഉയിർപ്പിലും, സ്വർഗ്ഗാരോഹണത്തിലും, താൻ കടന്നുപോയ അപമാനത്തിലും തന്റെ മഹത്വപ്പെടുത്തലിലും, കുരിശിലേറലിലും കിരീടധാരണ ത്തിലും, കൃപയിലും മഹത്വത്തിലുമെല്ലാം യേശു അത്ഭുതവാനാണ്. ദൈവമായിരുന്ന അവിടുന്ന് ശരീരം ധരിച്ച് മനുഷ്യനായതിലും, അത്യന്തം അതിശയകരമായി കന്യകയിൽനിന്നു ജനിച്ചതിലും, താൻ നയിച്ച സാധാരണ ജീവിതചര്യയിലുമെല്ലാം അത്ഭുതവാനായിരുന്നു. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചവൻ സ്വയം വിനീതനാക്കിയതിലും അതിശയത്വം നമുക്കു ദർശിക്കാനാകും.

**ഫിലിപ്യർ 2:5-8**
*"[5]ക്രിസ്തുയേശുവിലുള്ള ഭാവംതന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. [6]അവിടുന്നു ദൈവരൂപത്തിൽ ഇരിക്കെ, ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളണം എന്നു ചിന്തിക്കാതെ [7]ദാസവേഷം ധരിച്ച് മനുഷ്യ സാദൃശ്യത്തിലായി തന്നെത്തന്നേ ശൂന്യനാക്കി, മനുഷ്യാകൃതിയിൽ കാണപ്പെട്ടു. [8]അവിടുന്ന് അങ്ങനെ തന്നെത്താൻ താഴ്ത്തുകയും മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീരുകയും ചെയ്തു."*

നരകത്തീയിൽനിന്നും നമ്മെ രക്ഷിക്കാനായി കുരിശിൽ യേശു തന്റെ സ്വന്തജീവൻ ബലികൊടുത്തതും അത്ഭുതകരമാണ്. യേശുവിനു നമ്മോടുള്ള അതിശയകരവും വിവരണാതീതവുമായ സ്നേഹം അത്ഭുതകരമാണ്. രാജാധിരാജാവും ന്യായാധിപനും നമ്മെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നവനും സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലതുഭാഗത്ത് സിംഹാസനത്തിലിരിക്കുന്നവനുമായ യേശു അത്ഭുത വാനാണ്.

**2. മന്ത്രി**

ദൈവമെന്ന രീതിയിൽ യേശു സകലത്തിലും പരിപൂർണ്ണനാണ്. ദൈവത്തിന്റെ മുഴുവൻ ആലോചനകളും അറിയാവുന്ന വ്യക്തി. അതുകൊണ്ടുതന്നെ സകല ദേശത്തും സകല കാലഘട്ടങ്ങളിലുമുള്ള സകല ജനത്തിന്റെയും സകലമാന പ്രയാസങ്ങളിലും സംശയങ്ങളിലുമെല്ലാം, പരാജയപ്പെടാത്തതും തെറ്റുകൂടാതെയുള്ളതുമായ, പരിപൂർണ്ണമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കാൻ കഴിയുന്ന അത്ഭുതമന്ത്രിയാണ് യേശു. നമ്മുടെ ആത്മാക്കൾക്ക് സംതൃപ്തിനല്കുന്ന ഒരു മറുപടി നല്കുന്നതിൽ അവിടുന്ന് ഒരിക്കലും പരാജയപ്പെടുകയില്ല. പരിശുദ്ധാത്മാവിലൂടെ അവിടുന്ന് തന്റെ ശിഷ്യന്മാരുടെ ഉള്ളിൽ, അവരെ ഉപദേശിക്കാനും അവരെ ഓർമ്മിപ്പിക്കാനും അവർക്ക് ആലോചനനല്കുവാനും കൂടെ വസിക്കുന്നു.

**യോഹന്നാൻ 14:26**
*"എന്നാൽ പിതാവ് എന്റെ നാമത്തിൽ അയയ്ക്കുവാനിരിക്കുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവ് എല്ലാക്കാര്യങ്ങളും നിങ്ങൾക്ക് ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം*

*നിങ്ങളെ ഓർമ്മിപ്പിക്കയും ചെയ്യും."*

**യോഹന്നാൻ 16:13-15**

*"[13]എന്നാൽ സത്യത്തിന്റെ ആത്മാവു വരുമ്പോൾ, അവിടുന്നു നിങ്ങളെ സകല സത്യത്തിലേക്കും നയിക്കും. അവിടുന്നു സംസാരിക്കാതെ താൻ കേൾക്കുന്നതു മാത്രം പറയുകയും വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും. [14]അവിടുന്ന് എനിക്കുള്ളതിൽനിന്ന് എടുത്തു നിങ്ങൾക്ക് അറിയിച്ചുതരികയാൽ എന്നെ മഹത്ത്വപ്പെടുത്തും. [15]പിതാവിനുള്ളതെല്ലാം എനിക്കുള്ളത്; അതുകൊണ്ടാണ് ആത്മാവ് എനിക്കുള്ളതിൽനിന്നും എടുത്തു നിങ്ങൾക്ക് അറിയിച്ചുതരും എന്നു ഞാൻ പറഞ്ഞത്."*

**പ്രതിഫലന ചിന്തകൾ**

- നിങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കുന്ന സകല സവിശേഷതകളിലും യേശു എത്രമാത്രം അതിശയവാനാണെന്ന് എഴുതിവയ്ക്കുക. അവയെക്കുറിച്ചു ധ്യാനിക്കുക, ആ സവിശേഷതകളെപ്രതി ദൈവത്തെ സ്തുതിക്കുക.

- ജ്ഞാനം ലഭിക്കുവാനായി പരിശുദ്ധാത്മാവിനെ ആശ്രയിക്കുക, ഇന്നു നിങ്ങൾ അഭിമുഖീകരിക്കുന്ന സകല കാര്യങ്ങളിലും പരിശുദ്ധാത്മാവിന്റെ ആലോചനയ്ക്ക് ചെവികൊടുക്കുക.

- പരിശുദ്ധാത്മാവിന്റെ ആലോചനപ്രകാരം ജീവിതം നയിക്കുവാനായി നിങ്ങളെത്തന്നെ പരിശീലിപ്പിക്കുക.

**കൂടുതൽ ധ്യാനത്തിന്:**

സങ്കീർത്തനം 32:8; സങ്കീർത്തനം 33:11; സങ്കീർത്തനം 19:21; സങ്കീർത്തനം 16:7; സദൃശവാക്യം 2:6-7; സദൃശവാക്യം 9:6, യാക്കോബ് 1:5

ദിനം 24

# യാഹ്വേ സിദ്കേനു: ദൈവം നമ്മുടെ നീതി

## (YAHWEH SIDQENU: The Lord Our Righteousness)

ദൈവത്തിന്റെ സ്വഭാവസവിശേഷതകളെക്കുറിച്ചു നാം ധ്യാനിച്ചുകൊണ്ടിരിക്കുന്ന ഈ നാളുകളിൽ, ദൈവത്തിന്റെ സുന്ദരമായ ഒരു നാമത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു - "യാഹ്വേ സിദ്കേനു": "ദൈവം നമ്മുടെ നീതി".

"യാഹ്വേ" എന്നത് ദൈവത്തിന്റെ ഉടമ്പടി നാമമാണ്,
"സിദ്കേനു" എന്നാൽ "നമ്മുടെ നീതി" എന്നാണ് അർത്ഥം; നമ്മെ അവനോടു നിരപ്പാക്കുന്ന നാമം.

"യാഹ്വേ സിദ്കേനു" എന്ന ഹീബ്രൂ നാമം **യിരമ്യ 23:6**ൽ നമുക്കു കാണാം:
*"അവന്റെ കാലത്ത് യെഹൂദാ രക്ഷിക്കപ്പെടും; യിസ്രായേൽ സുരക്ഷിതരായിപ്പാർക്കും. "യഹോവ നമ്മുടെ നീതി" എന്ന പേരിനാൽ അവൻ അറിയപ്പെടുമെന്നു യഹോവയുടെ അരുളപ്പാട്."*

ദാവീദിന്റെ മുളയിൽനിന്നും പുറപ്പെട്ടുവരുമെന്നു പ്രവചിക്കപ്പെട്ട മിശിഹായെക്കുറിച്ചാണ് നാം ഇവിടെ വായിക്കുന്നത്.

യൂദാദേശം വാണിരുന്നത് ദാവീദിന്റെ പിൻമുറക്കാർ ആയിരുന്നു. അതിൽ കുറേ രാജാക്കന്മാർ നീതിമാന്മാരായിരുന്നു, എന്നാൽ മറ്റനേകംപേർ അവരുടെ അനീതിക്ക് പേരുകേട്ടവരുമായിരുന്നു. യിരമ്യാ പ്രവാചകന്റെ കാലത്ത്, യൂദാദേശത്തെ അവസാനത്തെ ഭരണാധികാരിയായി വാണിരുന്ന സെദെഖ്യാ രാജാവ് "കർത്താവിനു മുന്നിൽ തിന്മയായതു പ്രവർത്തിച്ചു" എന്ന് എഴുതിയിരിക്കുന്നു (2 രാജാക്കന്മാർ 24:19). "സെദെഖ്യ" എന്ന പേരിന്റെ ഹീബ്രൂ രൂപമായ "Tsidqiyyahu (Tsidqiyyah)" എന്ന വാക്കിന്റെ അർത്ഥം "യാഹ്വേയാണ് എന്റെ നീതി" എന്നാണ്. തന്റെ പേരിന്റെ അർത്ഥം മനോഹരമായിരുന്നെങ്കിലും അദ്ദേഹം ആ പേരിനെ അന്വർത്ഥമാക്കുന്ന രീതിയിൽ ജീവിച്ചില്ല. സകല ദുഷ്ടതകളും തന്റെ രാജ്യത്തു പടരാൻ സെദഖ്യാവ് രാജാവ് അനുവദിച്ചിരുന്ന സമയത്താണ്, വരുവാനിരിക്കുന്ന മിശിഹായെക്കുറിച്ച് യിരമ്യാ

പ്രവാചകൻ പ്രവചിച്ചത്. സകലർക്കും നീതികൊണ്ടുവരുന്ന ഒരു ഭരണാധികാരിയെ ആയിരുന്നു അവർക്ക് വേണ്ടിയിരുന്നത്. ആ ഒരു ഭരണകർത്താവ് യേശുവായിരുന്നു. വലിയ പ്രത്യാശ നല്കുന്ന ഒരു പ്രവചനമായിരുന്നു ഇത്.

അവരെ ഒരു രാജ്യമായി സ്ഥാപിതമാക്കിയത് ദൈവം തന്നെയായിരുന്നു. അവരുടെ രാജാവായി ദൈവം തന്നെത്തന്നെ അവർക്കു നല്കി. എത്ര സവിശേഷമായ ഒരു കാര്യമായിരുന്നു അത്! എന്നാൽ ദൈവത്തിന്റെ രാജത്വം നിഷേധിച്ച തന്റെ ജനത, മനുഷ്യകുലത്തിൽ പെട്ട ഒരാളെ രാജാവായി വേണമെന്ന് ആവശ്യപ്പെട്ടു. (1 ശമുവേൽ 8:6-7 *"[6]എന്നാൽ - "ഞങ്ങളെ നയിക്കാൻ ഞങ്ങൾക്കൊരു രാജാവിനെ തരിക" എന്ന് അവർ പറഞ്ഞത് ശമുവേലിന് അപ്രീതിയായി. അദ്ദേഹം യഹോവയയോടു പ്രാർത്ഥിച്ചു. [7]യഹോവ അദ്ദേഹത്തോട് ഇപ്രകാരം അരുളിച്ചെയ്തു: "ജനം നിന്നോടു പറയുന്നതെല്ലാം ശ്രദ്ധിച്ചുകേൾക്കുക! അവർ നിന്നെയല്ല, അവരുടെ രാജാവെന്ന നിലയിൽ എന്നെയാണ് തിരസ്കരിച്ചിരിക്കുന്നത്".*"). തന്റെ രാജപദവി നിഷേധിച്ച് മനുഷ്യനായ ഒരുവനെ രാജാവായി ആവശ്യപ്പെടുന്നത് എത്രവലിയ ഒരു അബദ്ധമാണെന്ന മുന്നറിയിപ്പ്, ഇതേ അദ്ധ്യായത്തിൽ തന്നെ ദൈവം അവർക്കു നല്കുന്നതു നമുക്കു കാണാം. 1 ശമുവേൽ 8:18 *"ആ ദിവസം വരുമ്പോൾ നിങ്ങൾ തിരഞ്ഞെടുത്ത രാജാവിൽനിന്നും വിടുതലിനായി നിങ്ങൾ നിലവിളിക്കും; യഹോവ അന്നു നിങ്ങൾക്ക് ഉത്തരമരുളുകയുമില്ല."*

എന്നിരുന്നാലും, അവരുടെ ആവശ്യം അംഗീകരിച്ചുകൊടുത്ത ദൈവം, തന്റെ കരുണയാൽ മിശിഹായെ അവർക്കായി വാഗ്ദാനം ചെയ്യുന്നു. അവരുടെ "യാഹ്‌വേ സിദ്കേനു"വായ - "അവരുടെ നീതി"യായ ഏറ്റവും ശ്രേഷ്ഠനായ രാജാവ് അവർക്കു രാജാവായി വരുമെന്നു തന്നെ.

ഏദെൻ തോട്ടത്തിൽ വച്ച് പാപം അവരിലേക്കു പ്രവേശിച്ചപ്പോൾതന്നെ മനുഷ്യവർഗ്ഗത്തിന് തങ്ങളുടെ നീതി നഷ്ടപ്പെട്ടിരുന്നു. മനുഷ്യകുലത്തെ വീണ്ടെടുക്കാനായി ദൈവം ഇസ്രായേലിനെ തന്റെ രാജ്യമായി സ്ഥാപിക്കുകയും, അവർക്കു ന്യായപ്രമാണം നല്കിക്കൊണ്ട് അവരുടെ രാജാവാകുകയും ചെയ്തു. എന്നാൽ ഈ മഹാനുഗ്രഹങ്ങളെയെല്ലാം അവർ ഉപേക്ഷിക്കുകയും വേറൊരു ഉപാധി ദൈവമുന്നിൽ വയ്ക്കുകയും ചെയ്തു: *"[19]എന്നാൽ ശമുവേലിന്റെ വാക്കുകൾ കൈക്കൊള്ളുവാൻ ജനത്തിനു സമ്മതമുണ്ടായില്ല. അവർ പറഞ്ഞു: "അല്ല ഞങ്ങൾക്കു മേലാളായി ഞങ്ങൾക്കൊരു രാജാവു വേണം! [20]അപ്പോൾ ഞങ്ങളും മറ്റു ജനതകളെ പ്പോലെ ആയിത്തീരും. ഞങ്ങളെ നയിക്കാനും, ഞങ്ങൾക്കുമുമ്പായി പുറപ്പെടാനും ഞങ്ങൾക്കു വേണ്ടി പടപൊരുതുവാനുമായി ഞങ്ങൾക്കൊരു രാജാവിനെവേണം"."* (1 ശമുവേൽ 8:19-20).

മറ്റു രാജ്യങ്ങളുടെ മുമ്പിൽ അവരെ വ്യത്യസ്തരാക്കിയതിൽ അവർ നന്ദികാണിച്ചില്ല. അവർക്കും മറ്റു രാജ്യങ്ങളെപ്പോലെതന്നെ ആകണമെന്ന് അവർ നിർബ്ബന്ധം പിടിച്ചു. ഗുരുതരമായ മുന്നറിയിപ്പുകൾ നല്കിക്കൊണ്ട് ദൈവം ഈ ആവശ്യം അംഗീകരിച്ചുകൊടുത്തു. അവരുടെമേൽ ഭരണം നടത്താനും, അവർക്കുമുമ്പേ നടന്നുകൊണ്ട് അവരെ യുദ്ധക്കളത്തിൽ നയിക്കാനും അവർക്ക് കാണാവുന്ന ഒരു രാജാവിനെ വേണമായിരുന്നു. അവരുടെ ആവശ്യങ്ങളെല്ലാം നിറവേറ്റാൻ കഴിയുന്ന ഏക രാജാവ് ദൈവമായിരുന്നു എന്നതാണ് ഇതിലെ വിരോധാഭാസം. ഇത്തരത്തിൽ കുഴഞ്ഞുമറിഞ്ഞ ഒരു അവസ്ഥയിലും ദൈവം അവരുടെ നീതിയായി നിലകൊള്ളാൻ പോകുന്ന ഒരു രാജാവിനെ വാഗ്ദാനം ചെയ്തു, മിശിഹായായി വന്ന് അവരെ വീണ്ടെടുക്കാനും അവരെ പുനഃസ്ഥാപിക്കാനും വേണ്ടി.

നമ്മുടെ നീതിയില്ലായ്മകൾക്കായും ദൈവം ഒരു പ്രതിവിധി ഒരുക്കി.

**റോമർ 3:21-22a**:
*"[21]എന്നാൽ ഇപ്പോഴാകട്ടെ, ദൈവത്തിൽ നിന്നുള്ള നീതി ന്യായപ്രമാണം കൂടാതെ പ്രത്യക്ഷമായിരിക്കുന്നു; ന്യായപ്രമാണവും പ്രവാചകന്മാരും അതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. [22]ദൈവത്തിൽ നിന്നുള്ള ഈ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിലുള്ള വിശ്വാസത്താലാണു ലഭ്യമാകുന്നത്."*

അനീതിയുടെ അണുബാധയുള്ള സകല മനുഷ്യർക്കുംവേണ്ടി യേശുവിലൂടെ സമ്പൂർണ്ണമായ ഒരു പ്രതിവിധി ലഭ്യമാണ്. പ്രശ്നമെന്തെന്നാൽ, "അസുഖ"ബാധിതരാണെന്ന സത്യം മനസ്സിലാക്കാത്തവർ ഈ പ്രതിവിധി അന്വേഷിക്കുന്നില്ല എന്നതാണ്.

**പ്രതിഫലന ചിന്തകൾ:**
- നിങ്ങൾക്കു സ്വന്തമായി നീതികിരീടം കരസ്ഥമാക്കാൻ കഴിയില്ല എന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടോ? ദൈവമുന്നിൽ നിങ്ങളെ നീതീകരിച്ചു നിർത്താൻ യേശു തന്റെ നീതി നമുക്കായി നല്കിയിരിക്കുന്നു എന്നും?

- ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുന്നവരാണോ നിങ്ങൾ (മത്തായി 6:33)?
- കർത്താവായ യേശുക്രിസ്തുവിനെ നിങ്ങളുടെ നീതിയായി ധരിക്കാൻ എപ്രകാരം കഴിയും (റോമർ 13:11-14)?

**കൂടുതൽ ധ്യാനത്തിന്:**
1 പത്രോസ് 3:12, റോമർ 6, ഗലാത്യർ 2:15-21, 2 പത്രോസ് 1:3-11

ദിനം 25

# എൽ ഇല്യൻ - അത്യുന്നതനായ ദൈവം
## (EL ELYON: God Most High)

"അത്യുന്നതനായ ദൈവം" എന്ന വാക്ക് വചനത്തിൽ ഏകദേശം 28 തവണയോളം ഉപയോഗിക്കുന്നുണ്ട്. യാതൊരുവിഗ്രഹമോ, മറ്റു മനുഷ്യനിർമ്മിതമായ ആരാധനാമൂർത്തികളോ ഒന്നും ദൈവത്തിനുമുകളിൽ ഇല്ല, ദൈവത്തെപ്പോലുള്ള ഔന്നത്യവും അവയ്ക്കില്ല എന്ന ഒരു ആശയമാണ് ഇവിടെ ഉൾക്കൊള്ളുന്നത്.

"എൽ ഇല്യൻ" എന്ന വാക്ക് നമ്മെ പഠിപ്പിക്കുന്ന കാര്യം, സർവ്വശക്തനും യഥാർത്ഥത്തിൽ ഉള്ളവനുമായ ഏക ദൈവം യഹോവയാണ് എന്നതാണ്. കടലിനെ വിഭജിക്കാനും, കടൽക്ഷോഭത്തെ ശാന്തമാക്കാനും, രോഗത്തെ സൗഖ്യമാക്കാനും മരിച്ചവനെ ഉയിർപ്പിക്കാനും കഴിയുന്നവനായ ദൈവം; നമുക്ക് ആരാധിക്കാനും നമുക്കു കീഴടങ്ങാനും യോഗ്യനായത് അവിടുന്നുമാത്രമാണ്.

സോദോമിനെയും ഗൊമോറയെയും ആക്രമിച്ച രാജാക്കന്മാരെ കീഴടക്കി തിരിച്ചുവരുന്ന യാത്രയിൽ അബ്രാഹാം ശാലേം രാജാവായ മെല്ഖിസെദെക്കിനെ കണ്ടുമുട്ടി. അത്യുന്നതന്റെ പുരോഹിതനായ ഒരുവ്യക്തിയായിരുന്ന അദ്ദേഹം അബ്രാഹാമിനെ അനുഗ്രഹിക്കുകയും, ശത്രുസൈന്യങ്ങളുടെ കരങ്ങളിൽനിന്ന് അബ്രാഹാമിനെ വിമോചിച്ച അത്യുന്നതനായ ദൈവത്തെ സ്തുതിക്കുകയും ചെയ്തു. ഇവിടുത്തെ അനുഗ്രഹവാക്കുകളിലാണ് നാം ആദ്യമായി "എൽ ഇല്യൻ" എന്ന പ്രയോഗം കാണുന്നത്

**ഉല്പത്തി 14:19-20**
*"[19]അബ്രാമിനെ അനുഗ്രഹിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ, അത്യുന്നതനായ ദൈവത്താൽ അബ്രാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ. [20]നിന്റെ ശത്രുക്കളെ നിന്റെ കൈയിൽ ഏൽപിച്ചുതന്ന അത്യുന്നതനായ ദൈവം വാഴ്ത്തപ്പെട്ടവൻ"."*

"എൽ ഇല്യൻ" എന്ന നാമത്തിന്റെ സവിശേഷതകൾ:

**1. പരമാധികാരം** (Sovereignty)
ദൈവത്തിന്റെ പരമാധികാരത്തെയും ഔന്നത്യത്തെയും സകലസൃഷ്ടികൾക്കും മേലെയുള്ള ആധിപത്യത്തെയും എടുത്തുകാണിക്കുന്ന പദപ്രയോഗമാണ് "എൽ ഇല്യൻ" എന്നത്. അവിടുന്നാണ് ആത്യന്തികമായ ഭരണകർത്താവ്, അവിടുത്തെ അധികാരം പരിപൂർണ്ണമാണ്.

**2. അതീന്ദ്രിയനിലവാരം** (Transcendence)
മാനുഷികമായ ജ്ഞാനതലത്തിനും പ്രകൃത്യായുള്ള നിയന്ത്രണങ്ങൾക്കുമെല്ലാം മേലെയാണ് ദൈവം എന്നകാര്യം ഈ നാമം ഉയർത്തി കാട്ടുന്നു. നമുക്കു ചിന്തിക്കാനോ സങ്കല്പിക്കാനോ കഴിയാവുന്നതിലും ഏറെ അനന്തമായ ഉന്നതിയാണ് ദൈവത്തിനുള്ളത്.

**2. സർവ്വശക്തൻ** (Omnipotence)
അത്യന്തം തീക്ഷ്ണതയുള്ള ദൈവശക്തിയെക്കുറിച്ചും, തന്റെ ഇംഗിതങ്ങൾ സ്ഥാപിച്ചെടുക്കാനുള്ള ദൈവത്തിന്റെ കാര്യശേഷിയെക്കുറിച്ചും ഉറക്കെ സംസാരിക്കുന്ന ഒരു നാമമാണ് "എൽ ഇല്യൻ" എന്നത്. നമ്മുടെ കരുത്തിന്റെ ഉറവിടവും സകല സൃഷ്ടിചരാചരങ്ങളുടെയും നിലനില്പിന്റെ ഉറവിടവും "എൽ ഇല്യൻ" ആണ്.

**കുറച്ചു വേദഭാഗങ്ങൾ:**
സങ്കീർത്തനം 57:2
സങ്കീർത്തനം 78:35
സങ്കീർത്തനം 97:9

**പ്രതിഫലന ചിന്തകൾ:**

- **അതിശയവും ആദരവും**
  "എൽ ഇല്യൻ" - "അത്യുന്നതൻ" എന്ന സ്ഥാനത്തോടു യോജിക്കുന്ന വിധത്തിൽ, ദൈവത്തിന്റെ ശക്തിയോടും ജ്ഞാനത്തോടും, ആഴത്തിലുള്ള ഒരു അതിശയവും ആദരവും നമ്മിൽ എപ്രകാരമെല്ലാം വളർത്തിയെടുക്കാൻ സാധിക്കും?
  (ഉദാ: ദൈവം പ്രവർത്തിച്ച അത്ഭുതങ്ങളെക്കുറിച്ചു പഠിക്കുകയും അവയെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുന്നതിലൂടെ).

- **പരീക്ഷണങ്ങളും പ്രലോഭനങ്ങളും**
  നിങ്ങൾ കടന്നുപോകുന്ന പരീക്ഷണങ്ങളിലും പ്രതികൂലങ്ങളിലുമെല്ലാം ദൈവം അത്യുന്നതനാണ് എന്ന വസ്തുതയോട് നീതിപുലർത്തുന്ന രീതിയിൽ നിങ്ങൾക്ക് എപ്രകാരം പെരുമാറുവാൻ സാധിക്കും?

- **ദൈവപരമാധികാരത്തോടുള്ള വിധേയത്വം**
  പ്രായോഗിക തലത്തിൽ നോക്കുമ്പോൾ, സകലവിധമായ ജീവിതമേഖലകളിലും ദൈവത്തിന്റെ പരമാധികാരത്തോട് കീഴ്‌വഴങ്ങി ജീവിക്കാൻ എപ്രകാരം സാധിക്കും?

- **എൽ ഇല്യനെക്കുറിച്ച് പങ്കുവയ്ക്കൽ**
  ദൈവത്തെ അറിയാത്ത വ്യക്തികളോട് അത്യുന്നതദൈവമായ "എൽ ഇല്യനെ"ക്കുറിച്ച് എപ്രകാരമെല്ലാം പങ്കുവയ്ക്കാൻ സാധിക്കും?

**കൂടുതൽ ധ്യാനത്തിന്:**
സങ്കീർത്തനം 92, സങ്കീർത്തനം 47, 2 ശമുവേൽ 22

ദിനം 26

# യാഹ്‌വേ ശമ്മാ: യഹോവ അവിടെ

## (YAHWEH SHAMMA: God is There)

ഇത് ദൈവത്തിന്റെ നാമമല്ല, പകരം ദൈവത്തെസംബന്ധിച്ച് വളരെയധികം പ്രധാനപ്പെട്ട ഒരു കാര്യമാണ്. യൂദാദേശം വളരെ ദുഷ്ടതനിറഞ്ഞ ഒരു ജനതയായി മാറിയ ഒരു കാലഘട്ടമുണ്ടായിരുന്നു. ഈജിപ്തിന്റെ അടിമത്തത്തിൽനിന്നും സ്വതന്ത്രമാക്കപ്പെട്ടു വാഗ്ദത്തദേശത്തേക്കു പോകുന്ന വഴിയിൽ ദൈവം അവർക്ക് ഗുരുതരമായ ചില മുന്നറിയിപ്പുകൾ നല്കിയിരുന്നു. ആവർത്തനപുസ്തകം എട്ടാം അദ്ധ്യായത്തിൽ നമുക്കിതു വായിക്കാൻ സാധിക്കും. ആ മുന്നറിയിപ്പുസന്ദേശത്തിന്റെ അവസാനഭാഗം നമുക്കൊന്നു നോക്കാം.

**ആവർത്തനം 8:19-20**
*"[19]നിന്റെ ദൈവമായ യഹോവയെ നീ മറന്ന് അന്യദേവന്മാരുടെ പിന്നാലെ പോകുകയും അവയെ വണങ്ങി നമസ്കരിക്കുകയും ചെയ്താൽ നീ നിശ്ചയമായും നശിച്ചുപോകുമെന്നു ഞാൻ നിനക്കെതിരെ സാക്ഷ്യം പറയുന്നു. [20]നിങ്ങളുടെ ദൈവമായ യഹോവയുടെ വചനം നിങ്ങൾ അനുസരിക്കാതിരുന്നാൽ യഹോവ നിങ്ങളുടെ മുമ്പിൽനിന്നു നിർമ്മൂലമാക്കുന്ന ജാതികളെപ്പോലെതന്നെ നിങ്ങളും നശിച്ചുപോകും."*

തന്റെ കൽപനകൾ തെറ്റിച്ചു മുന്നോട്ടു പോയ ജനതയക്ക് പലപ്രാവശ്യം ഈ മുന്നറിയിപ്പ് ആവർത്തിച്ചിട്ടും അവർ മാനസാന്തരപ്പെടാതെവന്നപ്പോൾ ബാബിലോൺ ദേശക്കാരെ ഉപയോഗിച്ച് ദൈവം അവരെ ശിക്ഷിച്ചു, തന്റെ മുന്നറിയിപ്പുപ്രകാരംതന്നെ പ്രവർത്തിച്ചു. ബാബിലോൺ ദേശക്കാർവന്ന് യൂദാദേശത്തും ജെറുസലേമിലുമുള്ള അനേകരെ കൊല്ലുകയും അനേകരെ ബന്ധികളായി പിടിച്ചുകൊണ്ടു പോവുകയും

ചെയ്തു. ജെറുസലേം ദേവാലയവും അവർ നശിപ്പിച്ചു. ജെറുസലേമിന്റെ അവസാന പതനം നടക്കുന്ന സമയത്ത് യെഹെസ്കേൽ പ്രവാചകൻ ബാബിലോണിൽ പാർത്തിരുന്നു. ദൈവം തന്റെ ദേവാലയത്തിൽനിന്നും ജെറുസലേം പട്ടണത്തിൽനിന്നും പിൻവാങ്ങിപ്പോയതിനെക്കുറിച്ചുള്ള ഒരു ദർശനം യെഹെസ്കേലിനു നല്കി. യെഹെസ്കേൽ 9–10 അദ്ധ്യായങ്ങളിൽ നമുക്കിതു വായിക്കാനാകും.

**യെഹെസ്കേൽ 9:18**
*"അപ്പോൾ യഹോവയുടെ മഹത്ത്വം ആലയത്തിന്റെ പ്രവേശനത്തിൽ നിന്നുമാറി കെരൂബുകൾക്കു മീതേ നിന്നു."*

ദൈവത്തെ സംബന്ധിച്ച് വലിയ വേദന ഉളവാക്കുന്ന ഒരു സംഭവ വികാസമായിരുന്നു ഇത്. ഈജിപ്തുദേശത്തുനിന്നും അവരെ വിടുവിച്ചുകൊണ്ടുവന്ന നാൾമുതൽ ദൈവം അവരോടൊപ്പ മുണ്ടായിരുന്നു. വാഗ്ദത്ത ദേശത്തേക്കുള്ള യാത്രയിലുടനീളം പകൽ മേഘസ്തംഭമായും രാത്രിയിൽ അഗ്നിസ്തംഭമായും ദൈവം അവരോടുകൂടെയിരുന്നു തന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തി (പുറപ്പാട് 13:21). മരുഭൂമിയിലെ കൂടാരത്തിലും (ദൈവത്തിന്റെ വാസം) ദൈവസാന്നിദ്ധ്യം അവർക്കൊപ്പമുണ്ടായിരുന്നു. ശലമോന്റെ വാഴ്ചക്കാലത്ത് ജെറുലേമിൽ ദേവാലയം പണിയപ്പെട്ടു, ദൈവത്തിന്റെ മഹത്വം ദൈവാലയത്തിൽ വന്നുനിറഞ്ഞു (1 രാജാക്കന്മാർ 8:11). അവരോടൊപ്പം നൂറ്റാണ്ടുകളോളം ഉണ്ടായിരുന്ന ദൈവവാസം അവസാനിച്ചു! അതിനുശേഷം മാത്രമാണ് വിജാതീയർക്ക് കയറിക്കൂടി ദൈവാലയത്തെ നശിപ്പിക്കാനായത്.

എന്നാൽ യെഹെസ്കേൽ പ്രവാചകനിലൂടെതന്നെ, ദൈവാലയം പുഃനസ്ഥാപിക്കുന്നതിനെക്കുറിച്ചും ദൈവസാന്നിദ്ധ്യം അതിലേക്കു തിരിച്ചുവരുന്നതിനെക്കുറിച്ചും ദൈവം വെളിപ്പെടുത്തി. ഭാവിയിൽ പണിയപ്പെടാൻ പോകുന്ന ദൈവാലയത്തിന്റെ മഹത്വത്തെക്കുറിച്ചു വിവരിക്കാനാണ് യെഹെസ്കേലിന്റെ അവസാനഭാഗത്തെ നാല് അദ്ധ്യായങ്ങൾ ഉപയോഗിക്കുന്നത് (40–48 വരെയുള്ള അദ്ധ്യായങ്ങൾ). താൻ ദർശനത്തിൽകണ്ട ദൈവാലയത്തിന്റെ അളവുകൾ മുഴുവൻ രേഖപ്പെടുത്തിയതിനുശേഷം അവസാനത്തെ വരിയായി ഇപ്രകാരം എഴുതി യെഹെസ്കേൽ തന്റെ പുസ്തകം അവസാനിപ്പിക്കുന്നു:

**യെഹെസ്കേൽ 48:35**
*"നഗരത്തിന്റെ ചുറ്റളവ് പതിനെണ്ണായിരം മുഴം. അന്നുമുതൽ നഗരത്തിന് യഹോവശമ്മ (യഹോവ അവിടെ) എന്നു പേരാകും."*

"യാഹ്വേ ശമ്മാ – "യഹോവ അവിടെയുണ്ട്" എന്ന പദപ്രയോഗത്തിന്റെ പ്രാധാന്യം നിങ്ങൾക്കു കാണാൻ കഴിയുന്നുണ്ടോ? തന്റെ പ്രിയജനതയുമായി, പ്രിയപ്പെട്ട വധുവുമായി ഒരുമിച്ചുവസിക്കാനുള്ള ദൈവപദ്ധതികൾ തന്നെയാണ് ദൈവം വെളിപ്പെടുത്തുന്നത്. രണ്ടാമതു പണിയപ്പെട്ട ദൈവാലയം പോലും പിന്നീടു നശിപ്പിക്കപ്പെട്ടു (എഡി 70ൽ), റോമാക്കാരുടെ കയ്യാൽ.

യേശു തന്റെ ശരീരത്തെത്തന്നെ ദൈവാലയമെന്നു വിളിക്കുന്നു; യോഹന്നാൻ 2:19ൽ, *"അതിന് യേശു അവരോട്, "ഈ മന്ദിരം നശിപ്പിക്കുവിൻ; ഞാൻ അതു മൂന്നു ദിവസത്തിനകം പണിതുയർത്തും" എന്ന് ഉത്തരം പറഞ്ഞു."*

ജെറുസലേം-യൂദയാ പ്രദേശങ്ങളിൽ യേശുവിന്റെ ഭൗതിക സാന്നിദ്ധ്യമുണ്ടായിരുന്നപ്പോൾ "യഹോവ അവിടെ" എന്നു നമുക്കു പറയാൻ കഴിയുമായിരുന്നു. എന്നാൽ യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി കുരിശിൽ മരിക്കുകയും ഉയർത്തെഴുന്നേൽക്കുകയും, സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുകയും ചെയ്തു എന്ന് നമുക്കറിയാം. എന്നാൽ അത് എല്ലാറ്റിന്റെയും അന്ത്യമല്ല. യേശു നമ്മെ ഉപേക്ഷിച്ചു പോകുന്നില്ല! **യോഹന്നാൻ 14:23**ൽ യേശു പറഞ്ഞതുപോലെ: *"യേശു മറുപടി നല്കി: എന്നെ സ്നേഹിക്കുന്നവൻ എന്റെ പിതാവിന്റെ ഉപദേശം അനുസരിക്കും. എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞാൻ അവന്റെ അടുക്കൽവന്ന് അവനോടുകൂടെ വസിക്കും."*

മാത്രവുമല്ല, യേശു നമുക്കായി പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു:

**യോഹന്നാൻ 14:25–26**
*"[25]ഇപ്പോൾ, ഞാൻ നിങ്ങളോടുകൂടെ ഉള്ളപ്പോൾത്തന്നേ ഇതെല്ലാം നിങ്ങളോടു സംസാരിച്ചിരിക്കുന്നു. [26]എന്നാൽ പിതാവ് എന്റെ നാമത്തിൽ അയയ്ക്കുവാനിരിക്കുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവ് എല്ലാക്കാര്യങ്ങളും നിങ്ങൾക്ക് ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം നിങ്ങളെ ഓർമ്മിപ്പിക്കയും ചെയ്യും."*

സ്നാനം സ്വീകരിച്ച ഒരു ക്രിസ്ത്യാനിയാണു നിങ്ങളെങ്കിൽ, നിങ്ങളുടെ ശരീരത്തെ നോക്കിക്കൊണ്ട്

നിങ്ങൾക്ക് ഇന്നു പറയാനാകും "യഹോവ ശമ്മാ" - "കർത്താവ് അവിടെയുണ്ട്"! ദൈവം തന്റെ ആത്മാവിലൂടെ വസിക്കുന്ന ദൈവാലയം നിങ്ങളുടെ ശരീരം തന്നെയാണ്.

**1 കൊരിന്ത്യർ 6:19–20**ൽ അപ്പസ്തോലൻ പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ:
*"[19]ദൈവത്തിൽനിന്നും നിങ്ങൾക്കു ലഭിച്ചതും നിങ്ങളിൽ വസിക്കുന്നതുമായ പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്ന് അറിയുന്നില്ലേ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. [20]നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുന്നു. ആകയാൽ നിങ്ങളുടെ ശരീരംകൊണ്ടു ദൈവത്തെ മഹത്ത്വപ്പെടുത്തുക."*

**പ്രതിഫലന ചിന്തകൾ:**

- നിങ്ങളുടെ ശരീരം ദൈവത്തിന്റെ ആലയമാണെന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടോ? നിങ്ങളുടെ ശരീരംകൊണ്ട് നിങ്ങൾ ദൈവത്തെ ആദരിക്കുന്നുണ്ടോ?

- ദൈവത്തിന്റെ ആലയമാണ് സഭ എന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടോ (1 കൊരിന്ത്യർ 3:16–17)? നിങ്ങൾ സഭയോടു പെരുമാറുന്നത് എപ്രകാരമാണ്?

- നിങ്ങൾ എവിടെയായിരുന്നാലും ദൈവത്തിന്റെ സാന്നിദ്ധ്യം നിങ്ങളോടൊപ്പമുണ്ടെന്ന ബോധം നിങ്ങൾക്കുണ്ടോ? നിങ്ങളുടെ ചിന്തകളും മനോവികാരങ്ങളും വാക്കുകളും, മറ്റുള്ളവരുമായുള്ള ഇടപഴകലുമെല്ലാം "യഹോവ ശമ്മാ" - "ദൈവം അവിടെ" എന്നോടുകൂടെയുണ്ട് എന്ന ചിന്തയിൽ കേന്ദ്രീകൃതമാണോ?

**കൂടുതൽ ധ്യാനത്തിന്:**
ആവർത്തനം 31:6, സങ്കീർത്തനം 16, സങ്കീർത്തനം 139:7–8, മത്തായി 28:20

## ദിനം 27

# മായെൻ മിംഹിയിം - ജീവജലത്തിന്റെ ഉറവ
## (Ma'ayenMimHiyim - Spring of Living Water)

**യിരമ്യ 2:13**
*"എന്റെ ജനം രണ്ടു ദോഷം ചെയ്തു; അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ച് വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെത്തന്നെ, കുഴിച്ചിരിക്കുന്നു."*

"ജീവജലത്തിന്റെ ഉറവ"യെന്ന് ദൈവം ഇവിടെ സ്വയം വിശേഷിപ്പിക്കുന്നു, ആത്മീയ ജീവിതത്തിന്റെ പരമമായ ഉറവിടമെന്ന നിലയിലുള്ള ദൈവത്തിന്റെ പദവിയാണ് ഇവിടെ ഉയർത്തിക്കാട്ടപ്പെടുന്നത്. ജലത്തെക്കൂടാതെ ജീവനുള്ള യാതൊന്നിനും നിലനില്ക്കാനാവില്ല. ഈ ഭൂമി ഒരു ദിവസം നശിച്ചുപോകുമെന്ന കാര്യത്തെക്കുറിച്ച് ശാസ്ത്രജ്ഞർ ഇന്നു ബോധവാന്മാരാണ്. ആയിരക്കണക്കിനു കോടികൾ ചിലവഴിച്ച് ഈ ലോകത്തെവിടെയെങ്കിലും മനുഷ്യവാസത്തിനു പറ്റിയ ജലസാന്നിദ്ധ്യമുള്ള ഒരു ഗ്രഹം കണ്ടെത്താനുള്ള തത്രപ്പാടിലാണ് അവർ, അങ്ങനെ മനുഷ്യനുവേണ്ടി രണ്ടാമതൊരു വാസസ്ഥലം ഒരുക്കാൻ.

ജീവൻ നിലനിർത്താൻ ജലം വേണമെന്നതുപോലെ, ജീവനെ പുതുക്കാനും ജലം ആവശ്യമാണ്. ഇസ്രായേൽ ദേശത്തു മഴവിരളമായതിനാൽ അവർക്ക് ഭൂമിയിലുള്ള ഉറവകളെ ആശ്രയിക്കേണ്ടതുണ്ടായിരുന്നു. നീരുറവകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പാറയിൽ വലിയ സംഭരണികൾ (കിണർ) കുഴിച്ചുണ്ടാക്കി മഴവെള്ളം ശേഖരിച്ചുവച്ച് ഉപയോഗിക്കണമായിരുന്നു. അവരെ സംബന്ധിച്ച് വെള്ളം ഒരു അമൂല്യവസ്തുവായിരുന്നു. നദികളും ഉറവകളുമെല്ലാം "ജീവജല"മായാണ് പരിഗണിച്ചിരുന്നത്. സംഭരണികളിൽ ശേഖരിച്ചു വയ്ക്കുന്ന ജലമാകട്ടെ പഴകിയതും ജീവൻ നഷ്ടപ്പെട്ടതുമായിരുന്നു. "ജീവജലത്തിന്റെ നീരുറവ"യെന്ന് ദൈവം തന്നെ വിശേഷിപ്പിച്ചതിന്റെ അർത്ഥം ഇപ്പോൾ നിങ്ങൾക്കു മനസ്സിലായിക്കാണും. സകല ജീവജാലങ്ങൾക്കും ജീവനും പുതുക്കവും നല്കുന്ന നിത്യമായ എക "ജീവജലനീരുറവ"യാണ് ദൈവം.

**യോഹന്നനാൻ 4:4**ൽ, യേശുകർത്താവ് ഈ സത്യത്തെ ഉറപ്പിച്ചു പറയുന്നു, *"തന്നിൽ നിന്നു പാനംചെയ്യുന്നവന് ഒരിക്കലും ദാഹിക്കുകയില്ല"* എന്ന വാഗ്ദാനത്തിലൂടെ. "ജീവജല"ത്തിന്റെ നമ്മുടെ

നിത്യമായ "നീരുറവ"യായി യേശു മാറി, ആഴത്തിലുള്ള നമ്മുടെ ആത്മീയമായ ദാഹം ശമിപ്പിക്കാനായി. ദാഹജലം നമ്മുടെ ശരീരത്തെ പുനരുജ്ജീവിപ്പിക്കുതുപോലെ, യേശു നമ്മുടെ ആത്മാവിനു പുതുജീവൻ നല്കുന്നു. യേശുവിനെക്കൂടാതെ നാം വരണ്ടതും വിണ്ടുകീറിയതും ഉണങ്ങിയതുമായ ഒരു നിലമാണ്, എന്നാൽ അവനെ ഉൾക്കൊള്ളുമ്പോൾ നാം "ജീവജലം" നിറഞ്ഞുകവിയുന്നവരും, ആത്മാവിൽ പുഷ്ടിപ്രാപിച്ചവരുമായിത്തീരും.

"തകർന്ന സംഭരണി"കളിലേക്കു (പൊട്ടക്കിണറുകളിലേക്കു) പോകാതെ ദൈവത്തിലേക്കു പോയി നമ്മുടെ ആത്മാക്കളെ പരിപുഷ്ടിപ്പെടുത്താൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു. "പൊട്ടക്കിണറുകൾ" എന്ന വാക്കിലൂടെ അന്യവിഗ്രഹങ്ങളെയും വ്യാജദൈവങ്ങളെയുമാണ് ഏശയ്യ പ്രവാചകൻ സൂചിപ്പിക്കുന്നത്. നമ്മുടെ പരിപോഷണത്തിനുവേണ്ടി നാം അവലംബിക്കുന്ന താത്കാലിക പോംവഴികളെയാണ് "പൊട്ടക്കിണറുകൾ" എന്ന പ്രയോഗത്തിന് ഇന്നു നല്കാവുന്ന പ്രസക്തി. മാനുഷികബന്ധങ്ങളോ, ഭൗതീക വസ്തുവകകളോ, ആത്മനീതീകരണമോ, പദാർത്ഥങ്ങളോടുള്ള ആസക്തിയോ, ലോകപ്രകാരമുള്ള സുഖങ്ങളോ ഒക്കെ ആയിരിക്കാം ഇത്. ഈ വകക്കാര്യങ്ങളിൽ നാം ആശ്രയിക്കുമ്പോൾ, നമുക്കു തന്നെ ശൂന്യതയും സംതൃപ്തിയില്ലായ്മയും തകർന്ന അവസ്ഥയും ദാഹവും അനുഭവപ്പെടും. പരിശുദ്ധാത്മാവിനെ "ജീവജല"ത്തോട് യേശു ഉപമിക്കുകയും ചെയ്യുന്നു.

**യോഹന്നാൻ 7:37-39**

*"[37]ഉത്സവത്തിന്റെ പ്രധാനദിവസമായ ഒടുവിലത്തെ ദിവസം യേശു നിന്നുകൊണ്ട് ഇപ്രകാരം വിളിച്ചു പറഞ്ഞു: "ദാഹിക്കുന്ന ഏതൊരുവനും എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. [38]എന്നിൽ വിശ്വസിക്കുന്ന ഏതൊരുവന്റെയും ഉള്ളിൽനിന്ന്, തിരുവെഴുത്തിൽ പറയുന്നപോലെ, ജീവജലത്തിന്റെ നദികൾ ഒഴുകും." [39]തന്നിൽ വിശ്വസിക്കുന്നവർക്കു പിന്നീടു ലഭിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ് യേശു ഇവിടെ സംസാരിച്ചത്. യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലായിരുന്നതുകൊണ്ട് അതുവരെയും ആത്മാവ് വന്നിരുന്നില്ല."*

യഹൂദരുടെ കൂടാരത്തിരുനാൾ നാളിലാണ് (സുക്കോത്ത്) യേശു ഇതു സംസാരിക്കുന്നത്. ആ ദിവസങ്ങളിൽ അവർ പാലിച്ചുപോന്ന ഒരു ആചാരമുണ്ടായിരുന്നു. പുരോഹിതരും കൂട്ടരും ചേർന്ന് എല്ലാ പ്രഭാതത്തിലും ശിലോഹാം കുളത്തിൽ നിന്ന് ഒരു സ്വർണ്ണ പാത്രത്തിൽ ശുദ്ധജലം ശേഖരിച്ച് ഒരു പ്രദക്ഷിണമായി വന്ന് ബലിപീഠത്തിലേക്ക് ചൊരിയുന്ന ഒരു ആചാരമായിരുന്നു ഇത്. ഇതേ സമയം തന്നെ മറ്റൊരു പുരോഹിതൻ ബലിപീഠത്തിലേക്ക് വീഞ്ഞും ചൊരിയുമായിരുന്നു. *"ദാഹിക്കുന്ന ഏതൊരുവനും എന്റെ അടുക്കൽ വന്നു കുടിക്കട്ടെ"* എന്ന പ്രസ്താവന യേശു നടത്തിയത് ഈ പശ്ചാത്തലത്തിലാണ്. *"എന്നിൽ വിശ്വസിക്കുന്ന ഏതൊരുവന്റെയും ഉള്ളിൽനിന്ന്, തിരുവെഴുത്തിൽ പറയുന്നപോലെ, ജീവജലത്തിന്റെ നദികൾ ഒഴുകും"* എന്നും യേശു വാഗ്ദാനം ചെയ്തു - യേശുവിൽ അവർ വിശ്വസിക്കുമായിരുന്നെങ്കിൽ. *"തന്നിൽ വിശ്വസിക്കുന്നവർക്കു പിന്നീടു ലഭിക്കാനിരിക്കുന്ന ആത്മാവിനെപ്പറ്റിയാണ് യേശു ഇവിടെ സംസാരിച്ചത്"* എന്ന് യോഹന്നാൻ നമ്മോടു വ്യക്തമാക്കുന്നു.

യഹോവയായ ദൈവം "ജീവജലത്തിന്റെ ഉറവ" താനാണെന്ന് പ്രസ്താവിക്കുന്നതു നാം കണ്ടു. "തന്നിൽനിന്നും പാനം ചെയ്യുന്നവന് ഒരു നാളും ദാഹിക്കയില്ല" എന്ന് യേശു പ്രസ്താവിക്കുന്നതും നാം കണ്ടു. "വിശ്വസിക്കുന്നവരുടെ ഉള്ളിൽനിന്നും പുറത്തേക്കു നിർഗളിക്കുന്ന ജീവനദി" പരിശുദ്ധാത്മാവാണെന്ന് യേശു വാഗ്ദാനം ചെയ്യുന്നതും നാം കണ്ടു. ഈ വാക്കുകളിലൂടെ നാം കടന്നുപോകുമ്പോൾ നമ്മിൽ പ്രവർത്തിക്കുന്ന "ജീവജലത്തിന്റെ ഉറവ" പരിശുദ്ധ ത്രിത്വമാണെന്ന് നമുക്കു മനസ്സിലാക്കാനാകും.

**പ്രതിഫലന ചിന്തകൾ:**

- "ജീവജല ഉറവ"യായി ദൈവത്തെ നിങ്ങൾ പരിഗണിക്കുന്നുണ്ടോ?

- നിങ്ങളുടെ ജീവൻ നിലനിർത്താനും, ജീവൻ സമൃദ്ധമായ രീതിയിൽ തഴയ്ക്കാനും യേശു മതി എന്ന ചിന്തയാണോ നിങ്ങൾക്കുള്ളത്?

- ഏതെങ്കിലും "പൊട്ടക്കിണർ" നിങ്ങൾക്കായി നിങ്ങൾ കുഴിച്ചുകൊണ്ടിരിക്കുന്നുണ്ടോ? (നിങ്ങളുടെ ജീവിതത്തെ സമ്പന്നമാക്കുവാനായി നിങ്ങൾ ആശ്രയിക്കുന്ന വേറെ ഏതെങ്കിലുമൊരു കാര്യം - ദൈവമല്ലാതെ?)

- അത്തരം "പൊട്ടക്കിണറു"കളെക്കുറിച്ച് ഏറ്റുപറയുകയും അവയെ ഉപേക്ഷിക്കുകയും ചെയ്യുക.

**കൂടുതൽ ധ്യാനത്തിന്:**

യോഹന്നാൻ 4:1-26, യിരമ്യ 17:13, വെളിപാട് 7:13-17, വെളിപാട് 22:1-2

ദിനം 28

# എന്റെ വീണ്ടെടുപ്പുകാരൻ
## (GO'EL - My REDEEMER)

നിരവധി ആളുകൾ ദൈവത്തെ "വീണ്ടെടുപ്പുകാരൻ" (ഹീബ്രു ഭാഷയിൽ HAGGO'EL)എന്നു വിളിക്കുന്നത് ബൈബിളിൽ നാം കാണുന്നുണ്ട്. സങ്കീർത്തനങ്ങളിലും പ്രവാചകപുസ്തകങ്ങളിലുമെല്ലാം, ഇസ്രായേലിന്റെ സകല ശത്രുക്കൾക്കുമെതിരെ നിലനിൽക്കുന്നവനും അവരെ രക്ഷിക്കുന്നവനുമെന്ന അർത്ഥത്തിൽ, "ഇസ്രായേലിന്റെ വീണ്ടെടുപ്പുകാരൻ" എന്ന് ദൈവത്തെക്കുറിച്ചു പ്രസ്താവിക്കുന്നതും കാണാം.

ഈ വാക്കിന്റെ അടിസ്ഥാനാശയം, "വീണ്ടെടുപ്പുകാരനായ അടുത്തബന്ധു" (Kinsman Redeemer) എന്ന മൂലവേരിൽനിന്നും ഉരുത്തിരിഞ്ഞുവന്നതാണ്. ഒരു കുടുംബം കടക്കെണിയിലോ ദുർഘടസാഹചര്യത്തിലോ പെട്ടുപോയാൽ അവരെ രക്ഷിക്കേണ്ട ചുമതലയുള്ള ആ കുടുംബത്തിൽത്തന്നെയുള്ള ഒരു വ്യക്തിയെയാണ് ഈ വാക്കു സൂചിപ്പിക്കുന്നത്.

ഇപ്രകാരമുള്ള ഒരു "വീണ്ടെടുപ്പുകാരൻ", ഇസ്രായേൽ മക്കളിൽ ഒരാൾ ദാരിദ്ര്യത്താൽ തന്റെ വസ്തു വില്പനയ്ക്കുവയ്ക്കുമ്പോൾ അതു വാങ്ങിക്കണമെന്നുള്ള നിർദ്ദേശവും, ദാരിദ്ര്യാവസ്ഥയിൽ തന്നെത്താൻ അടിമയായി വില്ക്കേണ്ടിവരുന്ന സാഹചര്യം ഇസ്രായേലിലെ ഒരു വ്യക്തിക്കുണ്ടാവുകയാണെങ്കിൽ ആവ്യക്തിയെ വാങ്ങിക്കണമെന്ന നിർദ്ദേശവും, ഒരുവനെ വധിച്ച കൊലയാളിയോടു പകരം ചോദിക്കണമെന്ന നിർദ്ദേശവുമെല്ലാം വേദപുസ്തകത്തിൽ നമുക്കു കാണാൻ സാധിക്കും. ലേവ്യപുസ്തകത്തിന്റെ 25-ാം അദ്ധ്യായവും, റൂത്ത് 2-4 അദ്ധ്യായങ്ങളും ഉദാഹരണങ്ങളാണ്.

ഇക്കാര്യങ്ങൾ എഴുതിവയ്ക്കുന്നതിനു വളരെമുന്നേതന്നേ ഇയ്യോബ് തന്റെ "വീണ്ടെടുപ്പുകാരനെ" മനസ്സിലാക്കിയിരുന്നു. തന്റെ സുഹൃത്തുക്കളുടെ പരിഹാസത്തിനുമുമ്പിൽ തന്റെ "വീണ്ടെടുപ്പുകാരൻ തന്നെ ഉയർത്താനായി ഉണ്ടാകുമെന്ന് ഇയ്യോബ് മനസ്സിലാക്കിയിരുന്നു. തന്റെ "വീണ്ടെടുപ്പുകാരനെ" കാണാനുള്ള ആഗ്രഹവും ഇയ്യോബ് പങ്കുവയ്ക്കുന്നതു കാണാം. താൻ കാത്തിരുന്ന തന്റെ "വീണ്ടെടുപ്പുകാരൻ" കർത്താവു തന്നെയാണ്.

**ഇയ്യോബ് 19:25**

*"എന്റെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നുവെന്നും അന്ത്യനാളുകളിൽ അവിടുന്നു ഭൂമിയുടെമേൽ നില്ക്കുമെന്നും ഞാൻ അറിയുന്നു."*

"വീണ്ടെടുക്കുക" എന്ന വാക്കിന്റെ അർത്ഥം "വിലകൊടുത്തു തിരിച്ചു വാങ്ങിക്കുക" എന്നതാണ്. മറ്റൊരാളുടെ സ്വന്തമായ ഒരു വസ്തു കാശുകൊടുത്തു വാങ്ങിക്കുന്നതിനെയല്ല "വീണ്ടെടുപ്പ്" എന്നു പറയുന്നത്. നിങ്ങളുടെ സ്വന്തമായിരുന്നു ഒരു സംഗതി നിങ്ങളിൽനിന്നും എടുത്തുമാറ്റപ്പെട്ടുകൊണ്ടു പോവുകയോ, നിങ്ങൾക്കു നഷ്ടമാവുകയോ ചെയ്തിട്ട്, അതു തിരികെ വാങ്ങിക്കുന്ന പ്രക്രിയയെ ആണ് "വീണ്ടെടുപ്പ്" എന്നു പറയുന്നത്. ബൈബിളിന്റെ അന്തഃസത്തതന്നെ വീണ്ടെടുപ്പാണ് എന്നതു നമുക്കു മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. വേറെ വാക്കുകളിൽ പറഞ്ഞാൽ, വേദപുസ്തകം "വീണ്ടെടുപ്പുകാര"ന്റെ പ്രവൃത്തികളെ വെളിപ്പെടുത്തുന്നു. മനുഷ്യവംശം ദൈവത്തിന്റെ സ്വന്തമായിരുന്നു; അവിടുന്നാണ് അവരെ സൃഷ്ടിച്ചത്, എന്നാൽ അവർ തങ്ങളെത്തന്നെ പാപത്തിനു വിറ്റു. എന്നിരുന്നാലും ദൈവം ശ്രേഷ്ഠനായ ഒരു "വീണ്ടെടുപ്പുകാരനായ ബന്ധു"വാകയാൽ, വലിയ ഒരു വിലകൊടുത്ത് മനുഷ്യവംശത്തെ തിരിച്ചുവാങ്ങി തന്നോടു ചേർത്തു.

**1 പ്രത്രോസ് 1:18-19**

*"[18]വ്യർത്ഥവും പരമ്പരാഗതവുമായ ജീവിതഗതിയിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് വെള്ളി, പൊന്ന് മുതലായ നശ്വരവസ്തുക്കളാലല്ല, [19]പിന്നെയോ ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തത്താലത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ."*

നമ്മുടെ പാപങ്ങളിൽ നിന്നു നമ്മെ വീണ്ടെടുക്കാനായി യേശു തന്റെ രക്തം ക്രൂശിൽ ചൊരിഞ്ഞു. അവിടുന്നാണ് നമ്മുടെ "ഗോഎൽ"; പാപത്തിന്റെ അടിമത്തത്തിൽ നിന്നും നമ്മെ വില കൊടുത്തുവാങ്ങിയ നമ്മുടെ "വീണ്ടെടുപ്പുകാരൻ". ദൈവവുമായി അവൻ നമ്മെ നിരപ്പിച്ചു, നമ്മെ ദൈവമക്കൾ ആക്കി തീർത്തു. ഇതാണ് പ്രവൃത്തിയിലൂടെ പ്രകടമാക്കുന്ന ദൈവ കൃപ.

നമ്മുടെ "വീണ്ടെടുപ്പുകാരൻ" സത്യമായും ജീവിക്കുന്നു, നമ്മുടെ ആത്മവിശ്വാസവും സുരക്ഷിതത്വവും നാം അവനിൽ കണ്ടെത്തണം. ദൈവകുഞ്ഞാട് നമുക്കായി നേടിത്തന്ന സ്വാതന്ത്ര്യത്തിൽനിന്നും പാപത്തിന്റെ അടിമത്തത്തിലേക്ക് നാം ഒരിക്കലും നമ്മെ വിൽക്കരുത്.

**റോമർ 6:11-14**

*"[11]അതുപോലെ, നിങ്ങളും പാപത്തിനു മരിച്ചവരെന്നും ക്രിസ്തുയേശുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരെന്നും നിങ്ങളെത്തന്നേ എണ്ണുവിൻ. [12]പാപത്തിന്റെ മോഹങ്ങളെ അനുസരിക്കുവാൻ തക്കവണ്ണം പാപം നിങ്ങളുടെ മർത്യശരീരത്തിൽ ഇനി വാഴരുത്. [13]നിങ്ങളുടെ അവയവങ്ങളെ അധർമ്മത്തിന്റെ ഉപകരണങ്ങളായി പാപത്തിനു സമർപ്പിക്കുകയും അരുത്; മരണത്തിൽ നിന്നു ജീവനിലേക്ക് ആനയിക്കപ്പെട്ടവരായി നിങ്ങളെത്തന്നേ ദൈവത്തിനു സമർപ്പിക്കുക; നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ഉപകരണങ്ങളായി ദൈവത്തിനു കാഴ്ചവയ്ക്കുക. [14]നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്ക് അധീനരാകയാൽ പാപത്തിന് ഇനി നിങ്ങളുടെമേൽ അധികാരം ഉണ്ടായിരിക്കുകയില്ല."*

**പ്രതിഫലന ചിന്തകൾ:**

- ദൈവം നിങ്ങളുടെ "വീണ്ടെടുപ്പുകാരനാ"ണ് എന്ന ആശയത്തിന് നിങ്ങൾ എന്തു വില കല്പിക്കുന്നുണ്ട്?

- യേശുവിന്റെ വീണ്ടെടുപ്പു ബലി നിങ്ങളെ എങ്ങനെയൊക്കെയാണ് സ്വാധീനിക്കുന്നത്?

- നീതിയുടെ ഉപകരണങ്ങളായി നിങ്ങളുടെ അവയവങ്ങളെ മുഴുവനായി ദൈവത്തിന് അർപ്പിക്കാൻ എപ്രകാരമെല്ലാം സാധിക്കും?

**കൂടുതൽ ധ്യാനത്തിന്:**

റോമർ 5-6 അദ്ധ്യായങ്ങൾ, തീത്തോസ് 2:11-15, ഏശയ്യ 44

## ദിനം 29

# അബ്ബാ, പിതാവേ
## (ABBA, FATHER)

**സങ്കീർത്തം 89:26**

*""അങ്ങ് എന്റെ പിതാവ്, എന്റെ ദൈവം, എന്റെ രക്ഷയുടെ പാറ" എന്നിങ്ങനെ അവൻ എന്റെ മുമ്പിൽ ഘോഷിക്കും".*

യഹോവയുടെ കൃപകളെക്കുറിച്ചു ഞാൻ നിത്യവും കീർത്തിക്കും എന്ന പ്രസ്താവനയുമായാണ് ഈ സങ്കീർത്തനം തുടങ്ങുന്നത്. ദൈവം ദാവീദിനെ എപ്രകാരമെല്ലാം ഉയർത്തിയെന്നു പറയുന്ന ഈ സങ്കീർത്തനത്തിൽ, ദാവീദ് ദൈവത്തെ *"അങ്ങ് എന്റെ പിതാവ്, എന്റെ ദൈവം, എന്റെ രക്ഷയുടെ പാറ"*എന്നിങ്ങനെ വിളിക്കും എന്നും ദൈവം പറയുന്നു. ദാവീദിന് ദൈവവുമായുള്ള ബന്ധം എത്രമാത്രം ഗാഢമായിരുന്നു എന്നത് നമുക്ക് അറിയാവുന്ന കാര്യമാണ്.

ദൈവം നമ്മുടെ പിതാവാണ് എന്ന ആശയം ബൈബിളിലെത്തന്നെ സുപ്രധാനമായ ഒരു സത്യമാണ്. ദൈവവുമായി വ്യക്തിബന്ധം പുലർത്താത്ത, വിദൂരത്തിലുള്ള ദൈവത്തെ പ്രതിപാദിക്കുന്ന മറ്റുമതങ്ങളിൽ നിന്നു വ്യത്യസ്തമായ ആശയവും ഇതാണ്. എന്നാൽ യഥാർത്ഥ ദൈവം നമ്മുടെ പിതാവാകാൻ ആഗ്രഹിക്കുന്നു, നമ്മോടൊപ്പം ഗാഢമായ ഒരു ബന്ധം നിലനിർത്തണമെന്നും.

യേശുവിന്റെ ജനനത്തിലൂടെയും ജീവിതത്തിലൂടെയും മരണത്തിലൂടെയും ഉയിർപ്പിലൂടെയുമെല്ലാം ദൈവവുമായി നമുക്ക് പിതാവ്-പുത്രൻ എന്ന തലത്തിലുള്ള ഒരു ബന്ധം സ്ഥാപിക്കാനും, ദൈവത്തെ "അബ്ബാ, പിതാവേ" എന്നു വിളിക്കാനുമുള്ള വഴികൾ തെളിച്ചു (1 യോഹന്നാൻ 3:1-3). നമ്മെ അതിശയിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യേണ്ട ഒരു വാസ്തവമാണിത്; എന്നിരുന്നാലും നാം ഈ ബന്ധത്തെ സാധാരണമട്ടിൽ പരിഗണിക്കുകയും ഈ ബന്ധത്തിന്റെ ആഴതലങ്ങൾ മനസ്സിലാക്കാതെ ജീവിക്കുകയും ചെയ്യുന്നു - പലപ്പോഴും.

ദൈവത്തെ "പിതാവ്" എന്ന് അഭിസംബോധന ചെയ്യണമെന്ന യേശുവിന്റെ ഉപദേശം അക്കാലത്തെ യഹൂദരെ സംബന്ധിച്ച് ഉൾക്കൊള്ളാൻ സാധിക്കുന്ന ഒന്നായിരുന്നില്ല. എന്നിരുന്നാലും യേശു തന്റെ ശിഷ്യന്മാരെ ഇക്കാര്യം പഠിപ്പിക്കുന്നതു നമുക്കു കാണാം. പഴയനിയമത്തിലും "പിതാവ്" എന്ന അഭിസംബോധന വളരെ വിരളമായേ ഉപയോഗിക്കുന്നുള്ളൂ; അങ്ങനെ ഉപയോഗിക്കുമ്പോഴും "വീണ്ടെടുക്കുന്നവൻ" എന്ന അർത്ഥ തലമാണ് അവിടെ പ്രകടമായി കാണുന്നത്, "സ്രഷ്ടാവ്" എന്ന അർത്ഥതലത്തേക്കാൾ കൂടുതലായി. ഉദാഹരണത്തിന്, **ഏശയ്യ 63:16-17, 64:8-9** എന്നീ ഭാഗങ്ങൾ ഇസ്രായേലിന്റെ പാപത്തെയും മാനസാന്തരത്തെയും പ്രതിപാദിക്കുന്നവയാണ്, ദൈവത്തെ പിതാവ് എന്ന് അഭിസംബോധന ചെയ്യുന്നുമുണ്ട്. ദൈവവും ഇസ്രായേലുമായുള്ള ബന്ധം സവിശേഷമാണെങ്കിലും അതൊരു ഉടമ്പടിയെ അടിസ്ഥാനമാക്കിയുള്ളതാണെന്ന വാസ്തവം നമുക്ക് ഈ ഭാഗങ്ങളിൽ നിന്നും മനസ്സിലാക്കാം - "സ്രഷ്ടാവ്-സൃഷ്ടി" എന്ന തലത്തിലല്ലാതെ.

ദൈവത്തിന്റെ പിതൃത്വം ഈ ഉടമ്പടി ബന്ധത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് പഴയനിയമത്തിൽ ഉടനീളം നാം കാണുന്നു. ദൈവം അവരെ തിരെഞ്ഞെടുത്തതാണെന്നും അവർ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട നിധിയാണെന്നും മോശ ഇസ്രായേൽ ജനതയോടുകൽപ്പിക്കുന്നു (ആവർത്തനം 14:1-2). **സങ്കീർത്തനം 103:13**ൽ പിതാവിന്റെ സ്നേഹത്തോട് ദൈവത്തിന്റെ അനുകമ്പയെ താരതമ്യം ചെയ്യുന്നതും നാം കാണുന്നു. **യിരമ്യാ 31:20**ൽ പാപം ചെയ്തവരായിരിക്കുമ്പോൾ പോലും ദൈവത്തിന് അവരോടുള്ള സ്നേഹത്തെ പ്രതിപാദിക്കുന്നു. ഈ വാക്യങ്ങൾ നോക്കുമ്പോൾ, ദൈവത്തിന്റെ പിതൃത്വം കരുതലും അനുകമ്പയും വീണ്ടെടുപ്പും ഉൾക്കൊള്ളുന്നവയാണെന്നും നമുക്കു മനസ്സിലാക്കാനാകും.

യേശുവാകട്ടെ, ഈ ആശയത്തെ കൂടുതൽ വിപുലീകരിച്ചു; ദൈവം ഇസ്രായേലിന്റെ പിതാവു മാത്രമല്ല തന്നിൽ വിശ്വസിക്കുന്ന ഏതൊരാളുടെയും പിതാവാണ്. "ഞാനും പിതാവും ഒന്നാണ്" (യോഹന്നാൻ 10:30 എന്നും "എന്നെ കണ്ടിരിക്കുന്നവൻ പിതാവിനെയും കണ്ടിരിക്കുന്നു" (യോഹന്നാൻ 14:9) എന്നും പറഞ്ഞുകൊണ്ട് പിതാവുമായുള്ള തന്റെ ബന്ധത്തിന്റെ അനന്യത യേശു വ്യക്തമാക്കി. തങ്ങൾ മാത്രമാണ് ദൈവമക്കൾ എന്ന യഹൂദരുടെ ചിന്താഗതിയെയും യേശു തള്ളിക്കളഞ്ഞു; അവർ യഥാർത്ഥത്തിൽ ദുഷ്ടനായവന്റെ മക്കളാണ് എന്ന് യേശു പറഞ്ഞു (യോഹന്നാൻ 8:37-39). ഇതു യഹൂദരെ കോപാകുലരാക്കി. എന്നാൽ ദൈവമക്കളാകുന്നത് വംശപാരമ്പര്യത്താലല്ല, പകരം വിശ്വാസത്താലും അനുസരണയാലുമാണ് എന്ന് യേശു ചൂണ്ടിക്കാണിച്ചു. "വംശപ്രത്യേകതയാലല്ല, കൃപയാലാണ് നാം ദൈവമക്കളായത്" എന്ന് ആരോ പറഞ്ഞതു ഞാൻ ഓർക്കുന്നു.

പ്രകൃത്യാ നാം ദൈവമക്കളാകുന്നില്ല, യേശുവിലുള്ള വിശ്വാസത്താലാണ് അതു സാദ്ധ്യമാകുന്നത്; പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ് നമ്മെ ദൈവവുമായുള്ള ഗാഢബന്ധത്തിലേക്കു കൂട്ടിക്കൊണ്ടു വരുന്നത്. പൗലോസ് എഴുതിയിരിക്കുന്നതുപോലെ; *"നിങ്ങൾ മക്കൾ ആയിരിക്കയാൽ, "അബ്ബാ, പിതാവേ" എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെത്തന്നേ ദൈവം നമ്മുടെ ഹൃദയങ്ങളിലേക്ക് അയച്ചു."* (ഗലാത്യർ 4:6).

ചുരുക്കത്തിൽ, ദൈവത്തെ "പിതാവ്" എന്നു വിളിക്കുന്നത് സവിശേഷമായതും, വീണ്ടെടുപ്പിനെ അടിസ്ഥാനമാക്കിയുള്ളതുമായ ഒരു ബന്ധത്തിന്റെ സൂചനയാണ്. യേശുവിലൂടെ നാമും ഈ ഉടമ്പടിബന്ധത്തിലേക്കു ക്ഷണിക്കപ്പെട്ടിരിക്കുന്നു - ദൈവപൈതലാകാനും ദൈവത്തിന്റെ സ്നേഹവും കരുതലും ഗാഢമായും വ്യക്തിപരമായും അനുഭവിച്ചറിയുവാനുമായി.

**പ്രതിഫലന ചിന്തകൾ:**

- ദൈവം നിങ്ങളുടെ അബ്ബാ പിതാവാണ് എന്ന ആശയം നിങ്ങളെ വ്യക്തിപരമായി എപ്രകാരമെല്ലാം സ്വാധീനിക്കുന്നു?

- സ്വർഗ്ഗീയപിതാവിനെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകളെ നിങ്ങളുടെ ഭൗമികപിതാവിന്റെ പെരുമാറ്റങ്ങൾ എപ്രകാരമെല്ലാം സ്വാധീനിക്കുന്നുണ്ട്?

- ഒരു സ്രഷ്ടാവ് എന്ന രീതിയിൽ മാത്രമല്ല, സ്നേഹനിധിയായ പിതാവ് എന്ന നിലയിലും ദൈവത്തെ കാണുമ്പോൾ അതു നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന ചലനങ്ങൾ എന്തൊക്കെയായിരിക്കും?

- നിങ്ങളുടെ പിതാവ് എന്ന നിലയിൽ ദൈവത്തെ സ്വീകരിക്കുന്നതിൽ നിങ്ങൾക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്?

- ദിവസം മുഴുവനും ഒരു ദൈവപൈതലാണു ഞാൻ എന്നു സ്വയം ഓർമ്മിപ്പിക്കുക, ദൈവത്തെ അബ്ബാ പിതാവേ എന്നു വിളിച്ച് നിങ്ങൾ കടന്നുപോകുന്ന സകലകാര്യങ്ങളും ദൈവത്തോടു പങ്കുവയ്ക്കുക - നിങ്ങളുടെ സന്തോഷവും, നിങ്ങൾ നേരിടുന്ന വെല്ലുവിളികളും, നിങ്ങളുടെ ഭയങ്ങളും

ആകുലതകളുമെല്ലാം - ഒരു ശിശു തന്റെ പിതാവിനോടു സംസാരിക്കുന്നതുപോലെ.

**കൂടുതൽ ധ്യാനത്തിന്:**
1 യോഹന്നാൻ 3:1-3, ഗലാത്യർ 4:6-7, സങ്കീർത്തനം 103:13, യിരമ്യാവ് 31:20, ഏശയ്യ 63:16-17

ദിനം 30

# ഇമ്മാനുവേൽ: ദൈവം നമ്മോടുകൂടെ
## (IMMANUEL - God With Us)

**മത്തായി 1:18-23**
*"[18]യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു: തന്റെ മാതാവായ മറിയയും യോസേഫും തമ്മിൽ വിവാഹം നിശ്ചയിക്കപ്പെട്ടിരുന്നു. എന്നാൽ അവർ കൂടിച്ചേരുന്നതിനുമുമ്പേ മറിയ പരിശുദ്ധാത്മാവിനാൽ ഗർഭവതിയായിത്തീർന്നു എന്നു കാണപ്പെട്ടു. [19]അവളുടെ ഭർത്താവായ യോസേഫ് നീതിമാനായിരുന്നതുകൊണ്ടും അവൾ സമൂഹത്തിൽ അപമാനിതയാകരുതെന്ന് ആഗ്രഹിച്ചതുകൊണ്ടും അവളെ രഹസ്യമായി ഉപേക്ഷിക്കണമെന്നു വിചാരിച്ചു. [20]എന്നാൽ അദ്ദേഹം ഇങ്ങനെ വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ കർത്താവിന്റെ ഒരു ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തോടു പറഞ്ഞു: "ദാവീദിന്റെ മകനായ യോസേഫേ, മറിയയെ നിന്റെ ഭാര്യയായി ചേർത്തുകൊള്ളുവാൻ ശങ്കിക്കേണ്ട. അവളിൽ ഉത്പാദിതമായിരിക്കുന്ന ശിശു പരിശുദ്ധാത്മാവിൽ നിന്നാണ്. [21]അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കുന്നവൻ ആയതുകൊണ്ട് നീ അവന് യേശു എന്നു പേരിടണം". [22]കർത്താവു പ്രവാചകനിലൂടെ അരുളിച്ചെയ്തതു നിറവേറുവാൻ ഇതെല്ലാം സംഭവിച്ചു: [23]"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്നു പേർവിളിക്കും". ആ പേരിന്റെ അർത്ഥം "ദൈവം നമ്മോടുകൂടെ" എന്നത്രേ."*

"ഇമ്മാനുവേൽ" എന്ന ഹീബ്രൂ പേരിന്റെ അർത്ഥം "ദൈവം നമ്മോടുകൂടെ" എന്നാണ്.

ഏദെൻ തോട്ടത്തിൽ ദൈവത്തിന്റെ സാന്നിധ്യത്തിൽ ജീവിക്കുവാനുള്ള ഏറ്റവും ശ്രേഷ്ഠമായ വരം ആദമിനും ഹവ്വായ്ക്കും ഉണ്ടായിരുന്നു. അവരെ സംബന്ധിച്ച് എല്ലാദിവസവും "ഇമ്മാനുവേൽ", "ദൈവം നമ്മോടുകൂടെ" എന്നു പറയാൻ കഴിയുമായിരുന്നു. എന്നാൽ അവർ അനുസരണക്കേടുകാണിച്ച്, ദൈവസന്നിധിയിൽനിന്നും പുറത്താക്കപ്പെട്ടപ്പോൾ ദൈവത്തിന്റെ ഛായയും മഹത്വവും അവർക്കു നഷ്ടമായി. അതിനുശേഷമുള്ള കാലഘട്ടത്തിൽ ദൈവത്തിന്റെ മഹത്വവും ശ്രേഷ്ഠതയും നേരിൽകാണുന്ന ആളുകൾ മരിക്കുമെന്ന് സകലജനങ്ങളും വിശ്വസിച്ചുപോന്നു. എന്നാൽ മനുഷ്യരെ തന്റെ അടുക്കലേക്ക് വീണ്ടെടുക്കണമെന്നത് ദൈവത്തിന്റെ പദ്ധതിയായിരുന്നു, കാരണം അവിടുന്ന് മനുഷ്യരെ അത്രമാത്രം സ്നേഹിച്ചിരുന്നു. വരുവാനിരിക്കുന്ന മിശിഹായെ "ദൈവം നമ്മോടുകൂടെ" എന്നർത്ഥമുള്ള "ഇമ്മാനുവേൽ" എന്നു വിളിക്കപ്പെടുമെന്നുള്ള ഏശയ്യാവിന്റെ പ്രവചനത്തിൽനിന്നുമാണ് (ഏശയ്യ 7) മത്തായി എടുത്തെഴുതിയിരിക്കുന്നത്. **യോഹന്നാൻ 1:1-5**ൽ യോഹന്നാൻ "യേശുവാണ് വചനം" എന്ന് വെളിപ്പെടുത്തിയിരിക്കുന്നു, "വചനം ദൈവമാണെന്നും അതു നമ്മുടെ ഇടയിൽ വന്നു മനുഷ്യരൂപമെടുത്തു"വെന്നും യോഹന്നാൽ തുടർന്ന് 1:14ൽ വെളിപ്പെടുത്തുന്നു. ശരിക്കും "നമ്മോടുകൂടെയുള്ള ദൈവം, "ഇമ്മാനുവേൽ" യേശുവാണ്.

ശരീരം ധരിച്ച് നമ്മോടൊപ്പം വസിച്ച യേശു ദൈവമഹത്വവും ശ്രേഷ്ഠതയും പൂർണ്ണമായി ധരിച്ചിരുന്നില്ല, അതുകൊണ്ടാണ് യേശുവിനെ കാണാനും തൊടാനുമെല്ലാം മനുഷ്യർക്കു കഴിഞ്ഞത്, ജീവൻ നഷ്ടപ്പെടാതെ. എന്നിരുന്നാലും യേശുവാണ് യഥാർത്ഥത്തിൽ "ഇമ്മാനുവേൽ" എന്ന വസ്തുതയ്ക്ക് ഇടിവൊന്നും വരുന്നില്ല.

നാം സ്വർഗ്ഗത്തിൽ എത്തിപ്പെടുമ്പോൾ നിത്യമായി ഭാഗഭാക്കാകാൻ പോകുന്ന ദൈവമഹത്വവും ശ്രേഷ്ഠതയും ഒന്നു രുചിച്ചറിയുവാൻ വേണ്ടിയാണ് "ഇമ്മാനുവേൽ" ഭൂമിയിലേക്കിറങ്ങി നമ്മോടൊപ്പം വസിച്ചത്.

**1 യോഹന്നാൻ 3:1-3**
*"[1]നോക്കുവിൻ! നാം ദൈവമക്കളെന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്ക് എത്ര വലിയ സ്നേഹമാണു നല്കിയിരിക്കുന്നത്! നാം അങ്ങനെതന്നേ ആകുന്നു. ലോകം അവിടുത്തെ അറിഞ്ഞിട്ടില്ലാത്തതുകൊ*

*ണ്ട് അതു നമ്മെയും അറിയുന്നില്ല. [2]പ്രിയരേ, ഇപ്പോൾ നാം ദൈവമക്കൾ ആകുന്നു. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. അവിടുന്നു വെളിപ്പെടുമ്പോൾ താൻ ആയിരിക്കുന്ന വിധത്തിൽത്തന്നേ നാം അവിടുത്തെ കാണുമെന്നതിനാൽ നാം തന്നെപ്പോലെ ആയിത്തീരും എന്നും നാം അറിയുന്നു. [3]തന്നിൽ ഈ പ്രത്യാശയുള്ളവരെല്ലാം അവിടുന്നു നിർമ്മല നായിരിക്കുന്നതുപോലെ തങ്ങളെത്തന്നേ നിർമ്മലീകരിക്കുന്നു."*

"ഇമ്മാനുവേൽ" നമ്മുടെ മദ്ധ്യത്തിലേക്ക് ആദ്യം പിറന്നപ്പോൾ, പിതാവായ ദൈവം അവിടുത്തെ സ്നേഹം ഇമ്മാനുവേലിലൂടെ നമ്മിലേക്കു ചൊരിഞ്ഞു, നമ്മെ അവിടുത്തെ മക്കളാക്കുവാനായി. അവിടുന്ന് തിരികെവരും, നാം അവിടുത്തെ ശരിയായ രൂപത്തിൽ കാണും - അവിടുത്തെ സർവ്വമഹത്ത്വത്തോടും കൂടി. അവിടുത്തെ മഹത്വം കാണുമ്പോൾ നാം മരിച്ചു വീഴുകയില്ല, പകരം അവിടുത്തെ മഹത്വപൂർണ്ണമായ ശരീരത്തോടനുരൂപമായി നാമും മാറ്റപ്പെടും. അതിനുശേഷം മാത്രമാണ് നമുക്ക് അവിടുത്തെ ഭവനമായ സ്വർഗ്ഗത്തിലേക്കു പ്രവേശിക്കാൻ സാധിക്കുന്നത്. ഇത്തരമൊരു പ്രത്യാശ ഉൾക്കൊണ്ടു ജീവിക്കുന്നവർ ദൈവം വിശുദ്ധനായിരിക്കകൊണ്ട് തങ്ങളെത്തന്നെ വിശുദ്ധിയിൽ കാത്തുസൂക്ഷിക്കുന്നുവെന്ന് യോഹന്നാൻ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇമ്മാനുവേലിനുവേണ്ടി കാത്തിരിക്കുന്നവരുടെ ലക്ഷണമാണ് വിശുദ്ധിയെ പിന്തുടരാനുള്ള അവരുടെ ത്വര. യേശുവിന്റെ രണ്ടാം വരവുവരെ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു, "ഇമ്മാനുവേൽ" - "ദൈവം നമ്മോടുകൂടെ" എന്ന നിലയിൽ.

**പ്രതിഫലന ചിന്തകൾ:**

- "ദൈവം നമ്മോടുകൂടെ" എന്ന ചിന്തയോടുകൂടെയാണ് മത്തായി തന്റെ സുവിശേഷം തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും (മത്തായി 28:20). ദൈവം നിങ്ങളോടുകൂടെയുണ്ടെന്നുള്ള ഉറച്ച വിശ്വാസത്തോടുകൂടി നിങ്ങളുടെ ദിവസങ്ങൾ തുടങ്ങുകയും അവസാനിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ നിങ്ങളുടെ ദിവസങ്ങൾ എപ്രകാരം വ്യത്യസ്തമായിരിക്കും?

- യേശുവിന്റെ രണ്ടാം വരവിനായി ആത്മാർത്ഥയോടെ കാത്തിരിക്കുന്ന ഒരു വ്യക്തിയാണോ നിങ്ങൾ?

- പരിശുദ്ധാത്മാവുമായുള്ള നിങ്ങളുടെ കൂട്ടായ്മ എങ്ങനെ പോകുന്നു? ആത്മാവിന്റെ നിർദ്ദേശങ്ങൾക്കും വഴിനടത്തിപ്പിനും നിങ്ങൾ ശ്രദ്ധ കൊടുക്കുന്നുണ്ടോ?

- "ഇമ്മാനുവേൽ" - "ദൈവം നമ്മോടുകൂടെ"യായി യേശുവിനെ നമ്മുടെ അടുക്കലേക്ക് അയച്ചതിനെ ഓർത്ത് ദൈവത്തിനു നന്ദിപറയുക. നമ്മെ പഠിപ്പിക്കാനും വഴിനടത്താനും നമുക്ക് ഉപദേശം നല്കാനും നമ്മെ സമാശ്വസിപ്പിക്കാനുമായി പരിശുദ്ധാത്മാവിനെ നമുക്കു നല്കിയതിനെ ഓർത്തും ദൈവത്തിനു നന്ദിപറയുക.

**കൂടുതൽ ധ്യാനത്തിന്:**
യോഹന്നാൻ 1:1-5, ലൂക്കോസ് 7:11-17, മർക്കോസ് 4:35-41, യോഹന്നാൻ 14

## ദിനം 31

# ലോഗോസ് - വചനം

## (LOGOS - WORD)

**യോഹന്നാൻ 1:1-3**
*"[1]ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു. [2]അവിടുന്ന് ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. [3]സകലവും വചനം മുഖാന്തരം ഉളവായി; ഉളവായതൊന്നും അവിടുത്തെക്കൂടാതെ ഉളവായതല്ല."*

"വചനം" എന്ന വാക്കിന് ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്ക് "ലോഗോസ്" എന്നതാണ്. യേശുക്രിസ്തുവിനു നല്കിയിരിക്കുന്ന ഒരു ശീർഷകമാണ് ഈ വാക്ക്, ത്രിത്വത്തിലെ രണ്ടാമൻ എന്ന നിലയിൽ കാണപ്പെടുന്ന വ്യക്തി.

"ലോഗോസ്" എന്ന ഗ്രീക്കു വാക്കിന് "വചനം", "സംസാരം", "കാരണം" എന്നീ അർത്ഥങ്ങളുണ്ട്. ദൈവത്തെ വിളിക്കാനായി യോഹന്നാൻ പുതുതായി ഉപയോഗിച്ച ഒരു വാക്പ്രയോഗമല്ല ഇത്.

പഴയനിയമത്തിന്റെ അരാമിയ ഭാഷയിലുള്ള വിവർത്തനത്തിൽ ഈവാക്ക് ധാരാളമായി ഉപയോഗിക്കുന്നുണ്ട്. അരാമിയ ഭാഷയിലുള്ള ബൈബിളിൽ "ലോഗോസ്" (വചനം) എന്ന വാക്കിനെ സൂചിപ്പിക്കുന്നത് "മിംമ്ര" (mimra) എന്ന വാക്കിനാലാണ്.

**യോഹന്നാൻ 1:14**ൽ *"വചനം ജഡമായിത്തീർന്നു നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവിടുത്തെ തേജസ്സ്, പിതാവിന്റെ അടുക്കൽനിന്നു കൃപയും സത്യവും നിറഞ്ഞവനായി വന്ന ഏകജാതന്റെ തേജസ്സ്തന്നേ കണ്ടിരിക്കുന്നു"* എന്നു പറയുന്നത് യേശുവിനെക്കുറിച്ചാണ്.

**വെളിപാട് 19:13**ൽ "ദൈവവചനം" എന്ന നാമം യേശുവിനെ വിശേഷിപ്പിക്കാനായി ഉപയോഗിച്ചിരിക്കുന്നു – വെളിപ്പെടുത്തുന്നവനെന്ന നിലയിലും വെളിപ്പെടുത്തപ്പെടുന്ന വചനമെന്ന നിലയിലും.

**യോഹന്നാൻ 1:18**
*"ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിനോടു ചേർന്നിരിക്കുന്ന ദൈവമായ ഏകജാതൻ അവിടുത്തെ വെളിപ്പെടുത്തിയിരിക്കുന്നു."*

യേശുവാണ് സത്യദൈവമെന്ന കാര്യം തന്റെ വായനക്കാർക്കു മനസ്സിലാക്കി കൊടുക്കലായിരുന്നു യോഹന്നാന്റെ ഉദ്യമം. ദൈവത്തെ "ലോഗോസ്" അല്ലെങ്കിൽ "വചനം" എന്നു വിളിക്കുന്നു, യേശുവിനെയും "വചനം" എന്ന് യോഹന്നാൻ വിളിക്കുന്നു. യേശുവാണ് സത്യദൈവം എന്ന കാര്യം യോഹന്നാൻ തെളിയിക്കുകയാണിവിടെ.

*"[15]ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും സകല സൃഷ്ടിക്കും ആദ്യജാതനും ആകുന്നു. [16]സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള ദൃശ്യവും അദൃശ്യവും ആയ സകലവും, സിംഹാസനങ്ങളോ കർത്തൃത്വങ്ങളോ വാഴ്ചകളോ അധികാരങ്ങളോ എല്ലാംതന്നെ ക്രിസ്തുമുഖാന്തരവും ക്രിസ്തുവിനായിട്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. [17]അവിടുന്ന് എല്ലാറ്റിനുംമുമ്പേ ഉള്ളവൻ; സകലത്തിനും അവിടുന്ന് ആധാരമായിരിക്കുന്നു."* (കൊലോസ്യർ 1:15–17).

വചനം എന്ന നിലയ്ക്ക് **യോഹന്നാൻ 1:1–14**ൽ വിവരിക്കുന്ന യേശുവിന്റെ സവിശേഷതകൾ:
- യേശു നിത്യനാണ്, എന്നെന്നും നിലനില്ക്കുന്നവനാണ് – *"ആദിയിൽ വചനം ഉണ്ടായിരുന്നു"*
- യേശു ദൈവമാണ് – *"വചനം ദൈവമായിരുന്നു"*
- യേശു ദൈവത്തോടൊപ്പമായിരുന്നു – *"വചനം ദൈവത്തോടുകൂടെ ആയിരുന്നു"*
- യേശുവാണ് സകലതും സൃഷ്ടിച്ചത് – *"സകലവും വചനം മുഖാന്തരം ഉളവായി; ഉളവായതൊന്നും അവിടുത്തെക്കൂടാതെ ഉളവായതല്ല"*
- യേശുവാണ് ജീവദാതാവ് – *"വചനത്തിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു"* (വാക്യം 4)
- മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ച ദൈവം യേശുവാണ് – *"വചനം ജഡമായിത്തീർന്നു നമ്മുടെ ഇടയിൽ പാർത്തു"*

ദൈവവചനത്തിന്റെ ശക്തി എത്രമാത്രമാണ്? തന്റെ വചനത്താൽ ദൈവം ഈ പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ചു. ഉദാ. **ഉല്പത്തി 1:3** *"വെളിച്ചം ഉണ്ടാകട്ടെ"* ദൈവം അരുളിച്ചെയ്തു (ഒന്നാം അദ്ധ്യായം പരിശോധിക്കുക).

അപ്പസ്തോലന്മാർ സഞ്ചരിച്ച വഞ്ചി മുങ്ങിപ്പോകുമെന്ന് തോന്നുന്ന രീതിയിൽ വലിയ കൊടുങ്കാറ്റ് വീശിയടിച്ച് അവർ ഭയന്നുവിറച്ചപ്പോൾ, രംഗം ശാന്തമാക്കുവാൻ യേശുവിന് രണ്ടുവാക്കു മതിയായിരുന്നു – *"അടങ്ങുക"*, *"ശാന്തമാകുക"*. പ്രകൃതി അതു കേൾക്കുകയും അനുസരിക്കുകയും ചെയ്തു.

ലാസറിന്റെ കല്ലറയിൽ യേശു എത്തിയപ്പോഴേക്കും മരിച്ചിട്ട് നാലുദിവസം കഴിഞ്ഞിരുന്നു, എന്നാൽ മരിച്ചവനെ ജീവനോടെ പുറത്തേക്കു കൊണ്ടുവരുവാനും സകലരുടെയും മുന്നിൽ കല്ലറയിൽനിന്നു നടന്നു വരുവാനും യേശുവിന്റെ ഒരു കല്പന മതിയായിരുന്നു – *"ലാസറേ, പുറത്തു വരിക"*

വചനം എത്ര ശക്തമാണ്? വചനമായ യേശു എത്ര ശക്തനാണ്? യേശുവിന്റെ വാക്കുകൾ എത്ര ശക്തമാണ്?

**പ്രതിഫലന ചിന്തകൾ:**
- മാംസം ധരിച്ചു വന്ന വചനമാണ് യേശു എന്നകാര്യം നിങ്ങൾ തിരിച്ചറിയുന്നുണ്ടോ?

- യേശുവിന്റെ വചനങ്ങൾ അനുസരിക്കാൻ യോഗ്യമായവയാണെന്ന തോന്നലാണോ നിങ്ങൾക്കുള്ളത്?

- വചനം പഠിക്കുകയും വചനത്തെക്കുറിച്ചു ധ്യാനിക്കുകയും വചനത്തെ ജീവിതത്തിലേക്കു പകർത്തുകയും ചെയ്യുന്ന ഒരു വ്യക്തിയാണോ നിങ്ങൾ?

**കൂടുതൽ ധ്യാനത്തിന്:**
ഉല്പത്തി 1, എബ്രായർ 1, സങ്കീർത്തനം 119

# ഉപസംഹാരം

അതിശയവാനും മഹത്വവാനുമായ നമ്മുടെ ദൈവത്തോട് കൂടുതൽ അടുക്കാൻ ഈ പരമ്പര നിങ്ങളെ സഹായിച്ചു എന്നു ഞങ്ങൾ കരുതുന്നു. ഈ പാഠഭാഗങ്ങൾ വായിക്കാനും അവയെക്കുറിച്ചു ധ്യാനിക്കാനും കൂടുതൽ ആഴത്തിൽ പഠിക്കാനും നടത്തിയ എല്ലാ ശ്രമങ്ങൾക്കും നന്ദി.

എഫേസൂസിലെ സഭാംഗങ്ങൾക്കായുള്ള പൗലോസിന്റെ പ്രാർത്ഥനയാണ് ഞങ്ങളുടേതും:

**എഫേസ്യർ 3:14-21**
*"[14]അതു നിമിത്തം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേരു ലഭിക്കുവാൻ കാരണമായ [15]പിതാവിന്റെ സന്നിധിയിൽ ഞാൻ മുട്ടുകുത്തുന്നു. [16]അവിടുന്നു തന്റെ മഹിമാധനത്തിന് ഒത്തവണ്ണം നിങ്ങൾ തന്റെ ആത്മാവിനാൽ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടുവാനും [17]വിശ്വാസത്താൽ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുവാനും വരം നല്കണമെന്നും [18]നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട് വീതിയും നീളവും ഉയരവും ആഴവും എന്തെന്നു സകല വിശുദ്ധരോടുമൊപ്പം ഗ്രഹിക്കുവാൻ പ്രാപ്തരായിത്തീരണമെന്നും [19]അറിവിനെ കവിയുന്ന ക്രിസ്തുവിൻ സ്നേഹം അറിഞ്ഞ് ദൈവത്തിന്റെ എല്ലാ നിറവോളം നിറഞ്ഞുവരണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു. [20]എന്നാൽ നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നതിനു അത്യന്തം ഉപരിയായി, നമ്മിൽ വ്യാപരിക്കുന്ന തന്റെ ശക്തിയാൽ പ്രവർത്തിക്കുവാൻ കഴിയുന്നവനു [21]സഭയിലും ക്രിസ്തുയേശുവിലും എല്ലാ തലമുറകളിലും എന്നേക്കും മഹത്ത്വമുണ്ടാകട്ടെ! ആമേൻ."*

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വീതിയും നീളവും ഉയരവും ആഴവും മനസ്സിലാക്കുന്നതിൽ കൂടുതലായി വളരാൻ പരിശുദ്ധാത്മാവ് നിങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ. ഹൃദയത്തോടും മനസ്സോടും കൂടെ യേശുകർത്താവിന്റെ സ്നേഹം തിരിച്ചു നല്കാൻ ഈ അറിവു നിങ്ങൾക്കു പ്രയോജനകരമാകട്ടെ. ദൈവത്തെക്കുറിച്ചുള്ള അറിവ്, ദൈവത്തിന്റെ എല്ലാ നിറവോളം നിങ്ങളിൽ ഓരോരുത്തരിലും ഉണ്ടാകാൻ ഇതിലൂടെ സാധിക്കട്ടെ. ഇക്കാര്യത്തിനായി നിങ്ങളും പ്രാർത്ഥിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. *"നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നതിനു അത്യന്തം ഉപരിയായി, നമ്മിൽ വ്യാപരിക്കുന്ന തന്റെ ശക്തിയാൽ പ്രവർത്തിക്കുവാൻ കഴിയുന്ന"* കർത്താവിലാണല്ലോ നാം വിശ്വാസമർപ്പിച്ചിരിക്കുന്നത്!

ഈ നാമങ്ങളെക്കുറിച്ചു പഠിക്കാനും, എഴുതി തയ്യാറാക്കാനും, അതു പ്രസിദ്ധീകരണയോഗ്യമാക്കുവാനുമായി പ്രവർത്തിച്ച എല്ലാ സഹോദരീ-സഹോദരന്മാരോടും നന്ദി അറിയിക്കട്ടെ. അവരുടെ പേരുകൾ താഴെ നല്കിയിരിക്കുന്നു:

**Contributors:**
Abhishek (Lucknow) – Day 4
Arasu (Coimbatore) – Day 25
Beena Philip (Kottayam) – Day 9, 23
Benny Soza (Kozhikode) – Day 3, 11, 14, 26
Dinesh George (Bangalore) – Day 20
Jasmine Britto (Kochi) – Day 27
Jebin (Kochi) – Day 19
John Britto (Kochi) – Day 31
Johnson (Bangalore) – Day 6, 16
Kiran Babu (Kochi) – Day 21
Loganathan (Chennai) – Day 15
Monica Sachin (Kochi) – Day 28
Praseetha (Erode) – Day 12
Rajimol Soza (Kozhikode) – Day 10
Sachin (Kochi) – Day 17
Saji Alex (Trivandrum) – Day 24
Shaijus Philip (Kottayam) – Day 2, 7, 13, 18
Sheeba Alex (Trivandrum) – Day 22
Subin Thomas (Kochi) – Day 30
Sundararasan (Bangalore) – Day 29
Sushmitha (Bangalore) – Day 5, 8
Vijay Kiran (Bangalore) – Day 1

**Editing:**
Shaijus Philip
Beena Philip
Sheeba Alex
Rekha Abraham (Kottayam)
Suma Viswanathan (Kottayam)

**Malayalam Translation & Page setting:**
Benny Soza

**Proof reading:**
Suma Viswanathan